2025 APRIL 5

emalayalee.com

# The Weekly

WEEKLY NEWSPAPER

Contact: ed alayalee.com | Phone: 917 324 4907; 917 662 1122




# താരിഫ് യുദ്ധം: ലോക വിപണി ഉലയുന്നു




## റിപ്പബ്ലിക്കൻ പാർട്ടി പിന്തണയുള്ള ശിവൻ മുഹമ്മ പ്ലെയിൻഫീൽഡ് വില്ലേജ് ട്രസ്റ്റി

ജോസ് കണിയാലി


390+
SHOWROOMS
13 COUNTRIES
MALABAR
GOLD & DIAMONDS
EMBRACE THE GIFT OF GOLD
FREE GOLD COINS
on Diamond & Precious Gem Jewellery worth USD 1,500 and above
0%
Zero deduction
on old gold (916) exchange
100% value
on diamond exchange
Pay 10% advance
and get gold rate protection
Offers valid till 30th April, 2025
*T&C Apply.

# താരിഫ് യുദ്ധം: ലോക വിപണി ഉലയുന്നു

പ്രസിഡന്റ് ഡോണൾഡ് ട്രംപിന്റെ 'തിരിച്ചടി തീരുവകൾ' യുഎസ് സ്റ്റോക്ക് മാർക്കറ്റുകളെ ഉലയ്ക്കുകയും ഡോളറിനു പരുക്കേൽപിക്കയും ചെയ്തെന്ന റിപ്പോർട്ടുകൾക്കിടയിൽ ലോകമൊട്ടാകെ നേതാക്കൾ അദ്ദേഹത്തിന്റെ നടപടിയെ അപലപിച്ചു.

വ്യാഴാഴ്ച യുഎസ് വിപണികൾ കുത്തനെ ഇടിഞ്ഞു രണ്ടു വർഷത്തെ ഏറ്റവും കുറഞ്ഞ നിരക്കുകൾ കണ്ടു. യുഎസ് ഡോളർ ആവട്ടെ, ഏറ്റവും താഴ്ന്ന മൂല്യം രേഖപ്പെടുത്തി.

ഡൗ ഇൻഡസ്ട്രിയൽസ് ഉച്ചയ്ക്ക് 1300 പോയിന്റ് വീണിരുന്നു: 3.1%. നാസ്ഡാഖ് 4.8% വഴുതി.

വോൾ സ്ട്രീറ്റ് നടുങ്ങിയ വ്യാഴാഴ്ച എസ്&പി 500 വീണത് 5% ആണ്. 2020 ജൂണിനു ശേഷം ഏറ്റവും താഴ്ന്ന തലത്തിൽ.

വിപണികളിൽ വൻ കുതിപ്പുണ്ടാവും എന്നാണ് ട്രംപ് അവകാശപ്പെട്ടത്. വിലകൾ കയറുമെന്നു സാമ്പത്തിക വിദഗ്ധർ പ്രവചിച്ചു. തൊഴിൽ നഷ്ട സാധ്യതയും ഉണ്ട്. കൺസ്യൂമർ ബ്രാൻഡുകളിൽ പലതിന്റെയും ഓഹരികൾ ഇടിഞ്ഞു.

ആപ്പിൾ ആണ് സാങ്കേതിക രംഗത്ത് ഏറ്റവും തകർച്ച കണ്ടത്: 9%. 2019നു ശേഷം ഏറ്റവും വലിയ വീഴ്ച.

സാങ്കേതിക ഭീമന്മാരിൽ എൻവിഡിയ കോർപറേഷൻ, ടെസ്‌ല, മൈക്രോസോഫ്റ്റ്, ഡെൽറ്റ എയർലൈൻ, സൗത് വെസ്റ്റ് എയർലൈൻസ്, യുണൈറ്റഡ് എയർലൈൻസ് ഇവയുടെയെല്ലാം ഓഹരികൾ കൂപ്പുകുത്തി.




എല്ലാ രാജ്യങ്ങളിൽ നിന്നും ഇറക്കുമതിക്ക് അടിസ്ഥാന തീരുവ 10% എന്നു നിശ്ചയിക്കുന്ന ഉത്തരവിലാണ് ട്രംപ് ഒപ്പു വച്ചത്. 'ആർക്കും പ്രയോജനമില്ലാത്ത തെറ്റ്' എന്നാണ് ലോകം പ്രതികരിച്ചത്.

ബ്രസീലിൽ നിന്നുള്ള ഉത്പന്നങ്ങൾക്ക് 10% താരിഫ് കൂടി ചുമത്തുന്നത് വേൾഡ് ട്രേഡ് ഓർഗനൈസേഷനോടുള്ള ഉറപ്പുകളുടെ ലംഘനമാണെന്നു ബ്രസീൽ ചൂണ്ടിക്കാട്ടി. 2024ൽ ബ്രസീലുമായി യുഎസിന് $7 ബില്യൺ ചരക്കുകളിൽ തന്നെ അധികം ഉണ്ടായിരുന്നുവെന്നു വിദേശകാര്യ വകുപ്പ് ചൂണ്ടിക്കാട്ടി. സർവീസസ് കൂടി കൂട്ടുമ്പോൾ അത് $28.6 ബില്യൺ ആയി. ലോകമൊട്ടാകെ എടുത്താലും യുഎസിന് കിട്ടുന്ന സർപ്ലസിൽ മൂന്നാം സ്ഥാനമാണിത്. കമ്മിയില്ല എന്നുമിരിക്കെ എന്ത് 'തിരിച്ചടി തീരുവ?'

ചർച്ച നടത്തുമെന്നാണ് ബ്രസീൽ പറയുന്നത്.


**ഒത്തുപിടിച്ചു ചെറുക്കുമെന്നു കാർണി**

തിരിച്ചടിക്കുക തന്നെ ചെയ്യുമെന്നു തിരഞ്ഞെടുപ്പ് നേരിടുന്ന കാനഡ പ്രധാനമന്ത്രി മാർക്ക് കാർണി പറഞ്ഞു. 'പ്രതിസന്ധിയിൽ നമ്മൾ ഒന്നിച്ചു നിന്നു പൊരുതുക തന്നെ വേണം.

കാനഡയുടെ നിർണായകമായ ഔഷധ നിർമാണം, മരം, സെമികണ്ടക്റ്റർ തുടങ്ങിയ വിഭാഗങ്ങൾ യുഎസ് ഭീഷണി നേരിടുകയാണ്.

വാഹന നിർമാണ കേന്ദ്രമായ വിൻഡ്സറിൽ മേയർ ഡ്രൂ ദിൽകാൻസ് പറഞ്ഞത് ആയിരക്കണക്കിന് ആളുകൾക്കു ജോലി നഷ്ടമാവും എന്നാണ്. 'നഗരത്തിനു ഇത് വലിയ ദുരന്തമാവും.'

വലതുപക്ഷ നേതാവായ ഇറ്റാലിയൻ പ്രധാനമന്ത്രി ജോർജിയ മെലോണിയും ട്രംപിന്റെ തീരുവയെ വിമർശിച്ചു. 'ആർക്കും പ്രയോജനം ചെയ്യാത്ത തെറ്റ്'




**ബൈഡൻ ഭരണകൂടം എല്ലാം കുളമാക്കിയതു കൊണ്ട് കാര്യങ്ങൾ വ്യത്തിയാക്കാൻ സമയം എടുക്കുമെന്നു വാൻസ് പറഞ്ഞു. ഒറ്റ രാത്രി കൊണ്ട് എല്ലാം ശരിയാകുമെന്നു ശമ്പളം വാങ്ങി ജീവിക്കുന്നവർ പ്രതീക്ഷിക്കരുത്. 'ആളുകൾ കഷ്ടപ്പെടുന്നു എന്ന് ഞങ്ങൾക്കറിയാം. എത്രയും വേഗം എല്ലാം ശരിയാക്കാൻ ഞങ്ങൾ ആഞ്ഞുപിടിക്കയാണ്. പക്ഷെ പൊടുന്നനെ അത് സംഭവിക്കില്ല.**

എന്നാണ് അവർ പറഞ്ഞത്.

അനാവശ്യമായ താരിഫുകളാണ് ട്രംപ് കൊണ്ടുവന്നതെന്നു ഓസ്‌ട്രേലിയൻ പ്രധാനമന്ത്രി ആന്തണി അൽബാനിസ് പറഞ്ഞു. 'ഒരു സുഹൃത്ത് ചെയ്യുന്ന കാര്യമല്ല ഇത്. ഒരു യുക്തിയും ഇല്ല.'

ഓസ്‌ട്രേലിയ തിരിച്ചു താരിഫ് ചുമത്തുകയില്ലെന്നു അദ്ദേഹം പറഞ്ഞു.

ബ്രിട്ടനിൽ ഗവൺമെന്റും ബിസിനസും ആശങ്ക ഉയർത്തി. ഉഭയകക്ഷി വ്യാപാരത്തെ ഇത് ബാധിക്കുമെന്ന് അവർ ചൂണ്ടിക്കാട്ടി. ചർച്ച നടത്തുക എന്ന സമീപനമാണ് ബ്രിട്ടൻ കൈക്കൊള്ളുക എന്നു ട്രേഡ് സെക്രട്ടറി ജോനാഥൻ റെയ്നോൾഡ്‌സ് പറഞ്ഞു. 'വ്യാപാര യുദ്ധത്തിൽ ആർക്കും താല്പര്യമില്ല.'

സ്കോച്ച് വിസ്കി ഏറ്റവും കൂടുതൽ വാങ്ങുന്ന യുഎസിന്റെ നടപടിയിൽ സ്കോട്ലൻഡ് നിരാശ പ്രകടിപ്പിച്ചു.

തീരുവകൾ കുറേക്കാലത്തേക്കു 'വേദന' ഉണ്ടാക്കുമെന്നു വാൻസ്; പക്ഷെ ഈ മാറ്റം അനിവാര്യം

പ്രസിഡന്റ് ട്രംപ് ബുധനാഴ്ച്ച ചുമത്തിയ തീരുവകൾ കുറേക്കാലത്തേക്കു 'വേദന' ഉണ്ടാക്കുമെന്നു വൈസ് പ്രസിഡന്റ് ജെ ഡി വാൻസ് വ്യാഴാഴ്ച്ച സമ്മതിച്ചു. എന്നാൽ യുഎസിന് ഇങ്ങിനെയൊരു 'വലിയ മാറ്റം' ആവശ്യമാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

'നമുക്ക് ജോ ബൈഡന്റെ ആഗോള നയം എന്ന വഴിയിലൂടെ പൊയ്‌കൊണ്ടിരിക്കാൻ കഴിയില്ല. നമുക്കുണ്ടായത് സമാധാനകാലത്തും $2 ട്രില്യൺ കടവും കമ്മിയുമാണ്. നമ്മുടെ ഉത്പാദനം അപ്രത്യക്ഷമാവുന്നു.

'അത് അമേരിക്കൻ ജനതയ്ക്കു ഗുണകരമല്ല. നമുക്ക് ഈ രാജ്യത്തെ മറ്റൊരു വഴിക്കു കൊണ്ടുപോയേ തീരൂ.

'അതേ, ഇതൊരു വലിയ മാറ്റമാണ്,' വാൻസ് ഫോക്സ് ആൻഡ് ഫ്രണ്ട്സ് പരിപാടിയിൽ പറഞ്ഞു. 'നമുക്കതു ആവശ്യമായിരുന്നു.'

ബൈഡൻ ഭരണകൂടം എല്ലാം കുളമാക്കിയതു കൊണ്ട് കാര്യങ്ങൾ വൃത്തിയാക്കാൻ സമയം എടുക്കുമെന്നു വാൻസ് പറഞ്ഞു. ഒറ്റ രാത്രി കൊണ്ട് എല്ലാം ശരിയാകുമെന്നു ശമ്പളം വാങ്ങി ജീവിക്കുന്നവർ പ്രതീക്ഷിക്കരുത്. 'ആളുകൾ കഷ്ടപ്പെടുന്നു എന്ന് ഞങ്ങൾക്കറിയാം. എത്രയും വേഗം എല്ലാം ശരിയാക്കാൻ ഞങ്ങൾ ആഞ്ഞുപിടിക്കയാണ്. പക്ഷെ പൊടുന്നനെ അത് സംഭവിക്കില്ല.

'താരിഫുകൾക്കൊപ്പം നികുതി ഇളവുകളും വരുമ്പോൾ കഠിനാധ്വാനം ചെയ്തു ജീവിക്കുന്ന അമേരിക്കക്കാർക്കു പ്രയോജനം ഉണ്ടാവും.

'നാൽപതു വർഷമായി, അമേരിക്കൻ ജോലികൾ വിദേശത്തേക്ക് നൽകുകയും അമേരിക്കൻ ജീവനക്കാർക്ക് നികുതി കൂട്ടുകയും ചെയ്യുന്ന സമ്പദ് വ്യവസ്ഥയാണ് നമ്മുടേത്. അത് നമ്മൾ തലകീഴായി മറിക്കുന്നു. അമേരിക്കൻ ജീവനക്കാർക്ക് നികുതി കുറയ്ക്കും, അമേരിക്കൻ കമ്പനികൾ ഇവിടെ ഉത്പാദനം തുടങ്ങും.

'നികുതി കുറയ്കുമ്പോൾ നിങ്ങളുടെ പോക്കറ്റിൽ കൂടുതൽ പണം വരും. വിലക്കയറ്റം ഉണ്ടായാൽ നിങ്ങൾക്കു നേരിടാനും കഴിയും.'

ഇന്ത്യയുടെ മേൽ ചുമത്തിയ തീരുവകൾ അന്യായമെന്നു ചൂണ്ടിക്കാട്ടി രാജാ കൃഷ്ണമൂർത്തി

പ്രസിഡന്റ് ട്രംപ് പ്രഖ്യാപിച്ച പുതിയ താരിഫുകൾ ഇന്ത്യയുടെ മേൽ ചുമത്തിയതിനു ന്യായമില്ലെന്നു ഇന്ത്യൻ അമേരിക്കൻ റെപ്. രാജാ കൃഷ്ണമൂർത്തി (ഡെമോക്രാറ്റ്-ഇല്ലിനോയ്) ചൂണ്ടിക്കാട്ടി. യുഎസ് - ഇന്ത്യ ബന്ധങ്ങളിൽ അനാവശ്യമായ സംഘർഷം കൊണ്ടുവരാൻ അത് ഇടയാക്കുമെന്ന് അദ്ദേഹം പറഞ്ഞു.

'ഇന്ത്യയുടെ മേൽ പ്രസിഡന്റ് ട്രംപ് ചുമത്തിയ തീരുവ തെറ്റായ അടിസ്ഥാനത്തിലാണ് എന്നു മാത്രമല്ല, അവ യുഎസിന്റെ സാമ്പത്തിക-നയതന്ത്ര-സുരക്ഷാ താൽപര്യങ്ങൾക്കു അഗാധമായി പരുക്കേൽപിക്കുന്നതുമാണ്.

'ഇരു രാജ്യങ്ങളും പങ്കു വയ്ക്കുന്ന പുരോഗതിക്കും സൈനിക ആക്രമണങ്ങളെ നേരിടാനുള്ള സഹകരണത്തിനും ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മേലുള്ള സാമ്പത്തിക സമ്മർദത്തിനും യുഎസ്-ഇന്ത്യ പങ്കാളിത്തം എന്നത്തേയും അപേക്ഷിച്ചു നിർണായകം ആയിരിക്കുന്ന നേരത്തു ഈ താരിഫുകൾ ബന്ധങ്ങളെ അനാവശ്യമായി ബാധിക്കുന്നതാണ്.'

യുഎസ് കോൺഗ്രസിലെ അഞ്ചു ഇന്ത്യൻ വംശജരായ അംഗങ്ങളിൽ ഒരാളാണ് കൃഷ്ണമൂർത്തി.

പുതിയ താരിഫ് അമേരിക്കൻ കുടുംബങ്ങൾക്ക് ചെലവ് വർധിപ്പിക്കുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

'പ്രതികൂല ഫലമുണ്ടാക്കുനന്ന് താരിഫുകൾ തിരുത്താൻ ഞാൻ പ്രസിഡന്റ് ട്രംപിനോട് അപേക്ഷിക്കുന്നു. ഇന്ത്യയിൽ നിന്നുള്ള ഇറക്കുമതിക്കു ചുമത്തിയ തീരുവ ഉൾപ്പെടെ. പകരം അമേരിക്കൻ കുടുംബങ്ങളുടെ മെച്ചത്തിനും യുഎസ്-ഇന്ത്യ പങ്കാളിത്തത്തിനും സർവ്വാധിപത്യ ഭീഷണികൾക്കെതിരായ സഖ്യത്തിനും കരുത്തു പകരാനുള്ള നടപടികൾ ഉണ്ടാവണം.'


Investment Opportunity:
Premium Villa
& High-Rise
Development in Prime Location
Unlock a Lucrative Real Estate Venture in Kerala
Prime 3-acre property facing the newly developed NH 66, near Neendakara Bridge.
For detailed investment plans and partnership opportunities, Please Contact:
Jaikumar (India): 91-9447060606
Paul Morris (USA): 1-626-390-9490
Email: Paul.Morris82@yahoo.com

# അഭിമാന വിജയം; ശിവ പണിക്കർ (ശിവൻ മുഹമ്മ) പ്ലെയിൻഫീൽഡ് വില്ലേജ് ട്രസ്റ്റി




ചിക്കാഗോ: ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക മുൻ നാഷണൽ പ്രസിഡണ്ടും കൈരളി ടിവി ഡയറക്ടറുമായ ശിവ പണിക്കർ (ശിവൻ മുഹമ്മ) ഇല്ലിനോയിയിലെ പ്ലെയിൻഫീൽഡ് വില്ലേജ് ട്രസ്റ്റിയായി എതിരില്ലാതെ വിജയിച്ചു . ഇതാദ്യമായാണ് ഒരു ഇന്ത്യാക്കാരൻ ഇവിടെ മത്സരിക്കുന്നതും വിജയിക്കുന്നതും.

ഏപ്രിൽ 1 ന് ആയിരുന്നു ഇലക്ഷൻ. മെയ് ആദ്യവാരം അദ്ദേഹം സത്യപ്രതിജ്ഞ ചെയ്യും.

55,000 ഓളം ജനസംഖ്യയുള്ള പ്ലെയിൻഫീൽഡ് ചിക്കാഗോയിൽ നിന്ന് ഏതാണ്ട് 35 മൈൽ അകലെയുള്ള സമ്പന്നമായ വില്ലേജ് ആണ്. വോട്ടർമാർ 28,000. അതിൽ 1500 ൽ പരം പേർ മാത്രമാണ് ഇന്ത്യക്കാരാണ്. കൂടുതലും വെള്ളക്കാർ.

ആറു ട്രസ്റ്റിമാരും വില്ലേജ് പ്രസിഡന്റും (മേയർ) അടങ്ങിയ ബോർഡാണ് വില്ലേജിന്റെ ഭരണം നടത്തുന്നത്. മൂന്നു ട്രസ്ടിമാരെ വേണ്ട സ്ഥാനത്ത് നാല് പേർ മത്സര രംഗത്തുണ്ടായിരുന്നു. എന്നാൽ ഒരാളെ അയോഗ്യനാക്കിയതിനാൽ മൂന്ന് പേരും വിജയിക്കുകയായിരുന്നു. ഇലക്ഷൻ പാർട്ടി അടിസ്ഥാനത്തിലല്ലെങ്കിലും റിപ്പബ്ലിക്കൻ പാർട്ടി ശിവ പണിക്കാരെ പിന്തുണച്ചിരുന്നു. എതിരില്ലായിരുന്നുവെങ്കിലും വോട്ടെടുപ്പ് നടന്നു. 2000 ൽ പരം വോട്ട് ശിവ പണിക്കർക്ക് ലഭിച്ചു.

മേയർ സ്ഥാനത്തേക്കുള്ള മത്സരത്തിൽ നിലവിലെ മേയർ ജോൺ അർഗൗഡെലിസ് മൂന്നാമതും തിരഞ്ഞെടുക്കപ്പെട്ടു.

ശിവ പണിക്കരുടെ ഇലക്ഷൻ കമ്മിറ്റിയിൽ താഴെപ്പറയുന്നവരാണ് ഉണ്ടായിരുന്നത്. കാമ്പെയ്ൻ ചെയർമാൻ- ഡെയ്ൽ ഫൊന്റാന; കോ-ചെയർ - രാജ് പിള്ള; സെക്രട്ടറി- ഷിബു കുര്യൻ; അംഗങ്ങൾ- ശിശിർ ജെയിൻ, മദൻ പാമുലപതി, രാജൻ മാടശേരി, സുബാഷ് ജോർജ്

അമേരിക്കൻ മൂല്യങ്ങൾ സംരക്ഷിക്കുമെന്ന പ്രഖ്യാപനത്തോടെയാണ് ശിവൻ മുഹമ്മ എന്ന ബാലശിവ പണിക്കർ രംഗത്തുള്ളത്. വർഷങ്ങളായി പരിചയമുള്ള വോട്ടർമാരാണ്.

ട്രസ്റ്റി എന്ന നിലയിൽ, വർദ്ധിച്ചുവരുന്ന നികുതി ഭാരം കുറയ്ക്കുകയും പ്ലെയിൻഫീൽഡ് ഗ്രാമം കുടുംബങ്ങൾക്കും കുട്ടികൾക്കും കൂടുതൽ താങ്ങാനാവുന്നതും സുരക്ഷിതവുമാണെന്ന് ഉറപ്പാക്കുകയുമാണ് പ്രധാന ലക്ഷ്യങ്ങൾ.

തന്റെ കുടുംബത്തിൽ ആരും രാഷ്ട്രീയത്തിൽ ഇല്ലെന്നു പ്രാദേശിക പത്രത്തിന്




നൽകിയ അഭിമുഖത്തിൽ അദ്ദേഹം പറഞ്ഞു.

ഫിസിക് സിൽ ബിരുദാനന്തര ബിരുദം നേടി 1995 ൽ യുഎസിൽ എത്തിയ ശിവൻ മുഹമ്മ വിവര സാങ്കേതിക വിദ്യയിൽ നിരവധി സർട്ടിഫിക്കേഷനുകൾ നേടി. വെബ് ഡിസൈൻ മുതൽ പലചരക്ക് കടകളും മെഡിക്കൽ ഓഫീസുകളും വരെ മാനേജ് ചെയ്തു. സോഫ്റ്റ് വെയർ എഞ്ചിനീയറായി ജോലി ചെയ്യുകയും വിജയകരമായ ബിസിനസുകൾ നടത്തുകയും ചെയ്തു. ഇപ്പോൾ മുഴുവൻ സമയ സ്റ്റോക്ക് വ്യാപാരി എന്ന നിലയിലുള്ള വിശാലമായ അനുഭവം ട്രസ്റ്റിയായി സേവിക്കാൻ തന്നെ പ്രാപ്തനാക്കുന്നുവെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടുന്നു.

'എന്നിരുന്നാലും, യോഗ്യതകൾ മാത്രം പോരാ. നിങ്ങൾ പറയുന്നത് കേൾക്കുക മാത്രമല്ല, നിങ്ങളുടെ ആശങ്കകൾ പരിഹരിച്ചുവെന്ന് ഉറപ്പാക്കി നിങ്ങൾക്കൊപ്പം നിൽക്കുന്ന ഒരു പ്രതിനിധിയെ നിങ്ങൾ അർഹിക്കുന്നു. തിരഞ്ഞെടുക്കപ്പെട്ടാൽ, നിങ്ങളുടെ പ്രശ്നങ്ങൾ എന്റേതായി കണക്കാക്കി, പ്ലെയിൻഫീൽഡിനെ എല്ലാവരും അഭിമാനിക്കുന്ന സ്ഥലമാക്കി മാറ്റാൻ അക്ഷീണം പ്രയത്നിക്കും,' അദ്ദേഹ ഉറപ്പു നൽകുകയുണ്ടായി

അമേരിക്കക്കാർ എങ്ങനെ പെരുമാറണമെന്ന് നിർവചിക്കുന്ന ധാർമ്മികവും ഭരണഘടനാപരവുമായ ആശയങ്ങളാണ് അമേരിക്കൻ മൂല്യങ്ങൾ. വിവിധ സാംസ്കാരിക വിശ്വാസങ്ങളും അവയുടെ ചരിത്രപരമായ പ്രാധാന്യവും കണക്കിലെടുത്ത് നിരവധി വർഷങ്ങളായി അമേരിക്കൻ മൂല്യങ്ങൾ വികസിപ്പിച്ചെടുത്തു.

മയക്കുമരുന്ന് രഹിത കമ്മ്യൂണിറ്റിയാണ് മറ്റൊരു ലക്ഷ്യം. മയക്കുമരുന്ന് ദുരുപയോഗം എല്ലാവർക്കും ഭീഷണിയായതിനാൽ, അത് യുവാക്കളെയും മുതിർന്നവരെയും സ്കൂളിനെയും ജോലിസ്ഥലത്തെയും കുടുംബങ്ങളെയും ബാധിക്കുന്നു. ഒരുമിച്ച് പ്രവർത്തിക്കാനും കളിക്കാനും, എല്ലാ വംശീയ, സാമ്പത്തിക, മത വിഭാഗങ്ങളിൽ നിന്നുമുള്ള ആളുകളിലേക്ക് എത്തിച്ചേരാനും ആരോഗ്യകരമായ ഒരു ജീവിതരീതി പ്രോത്സാഹിപ്പിക്കുന്നതിന് സജീവമായി പ്രവർത്തിക്കാനും താൻ മുന്നിലുണ്ടാവുമെന്ന് അദ്ദേഹം ഉറപ്പു പറയുന്നു.

പരിസ്ഥിതി സംരക്ഷണമാണ് മറ്റൊരു വാഗ്ദാനം. നമ്മുടെ ആരോഗ്യത്തിന്റെയും ക്ഷേമത്തിന്റെയും അടിസ്ഥാനം പ്രകൃതിയാണ്. ഭൂമിയെയും അതിന്റെ കാലാവസ്ഥയെയും ആവാസവ്യവസ്ഥയെയും പരിപാലിക്കുന്നില്ലെങ്കിൽ, അത് നമ്മുടെ ക്ഷേമത്തിന് ഹാനികരമാകും.

കുടുംബത്തിനും കുട്ടികൾക്കും സുരക്ഷിതമായ സ്ഥലം എന്നതാണ മറ്റൊന്ന്. കുടുംബത്തിനും കുട്ടികൾക്കും സുരക്ഷിതമായ ഇടം അവരുടെ ആരോഗ്യകരമായ വികസനത്തിന് അത്യന്താപേക്ഷിതമാണ്, അത് സുരക്ഷിതത്വബോധം വളർത്തുകയും വൈകാരിക ക്ഷേമം അനുവദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.


കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക, വിദ്യാഭ്യാസരംഗം മെച്ചപ്പെടുത്തുക തുടങ്ങിയവയും അജണ്ടയിലുണ്ട്.

വോട്ടർമാർ നിങ്ങളെ എന്തിന് വിശ്വസിക്കണമെന്ന് ചോദ്യത്തിന് കഴിഞ്ഞ 30 വർഷമായി താൻ കുടുംബത്തോടൊപ്പം ഈ പ്രദേശത്ത് താമസിക്കുന്നുവെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. അയൽക്കാരുമായും ഉപഭോക്താക്കളുമായും ശക്തമായ ബന്ധം സ്ഥാപിച്ചു. ഇത് സമഗ്രതയ്ക്കും വിശ്വാസ്യതയ്ക്കുമുള്ള എന്റെ പ്രതിബദ്ധതയെ ശക്തിപ്പെടുത്തി.

ജനങ്ങളെ കേൾക്കുകയും മനസ്സിലാക്കുകയും സത്യസന്ധതയോടെ പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു നേതാവാണ് യഥാർത്ഥത്തിൽ പ്രധാനം. നിങ്ങളുടെ ആശങ്കകൾക്കായി വാദിക്കുകയും അവ പരിഹരിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുന്ന ഒരു പ്രതിനിധി. എന്റെ സമൂഹത്തെ സഹായിക്കാൻ എന്റെ കഴിവിന്റെ പരമാവധി ഞാൻ ചെയ്യും.

വിവാഹിതനും രണ്ട് കുട്ടികളുടെ പിതാവുമാണ്. ഭാര്യ 25 വർഷമായി ഈ പ്രദേശത്തു ഫിസിഷ്യനാണ്.




MALABAR PALACE RESTAURANT
Malabar Palace
Authentic Indian Cuisine
Flavors from the Heart with Love
A Taste of Tradition!
Authenticity on Every Plate!
Handpicked spices, Fresh ingredients
Spice, Aroma & Love
Our chefs bring generations-old Indian recipes to life
Homestyle cooking and flavors from the Heart with Love
Located at 36-38 Route 303, Valley Cottage, NY 10989
Tel:1-914-688-9000
www.malabarpalace.us
malabarpalaceny@gmail.com

# ജഡ്ജി കെ.പി. ജോർജിനെതിരെ വീണ്ടും കേസ്

ഫോർട്ട് ബെൻഡ് കൗണ്ടി ജഡ്ജി കെ.പി. ജോർജിനെതിരെ വീണ്ടും കേസ്. മണി ലോണ്ടറിംഗ് കുറ്റങ്ങൾ ചുമത്തിയതായി ഫോർട്ട് ബെൻഡ് ഡിസ്ട്രിക്ട് അറ്റോർണി അറിയിച്ചു. ഇത് ഒരു തേർഡ് ഡിഗ്രി ഫെലനി (ഗുരുതരമായ കുറ്റം) ആണ് .

ജയിൽ രേഖകൾ പ്രകാരം 30,000 ഡോളറിൽ കൂടുതലും 150,000 ഡോളറിൽ താഴെയുമുള്ള കള്ളപ്പണം വെളുപ്പിക്കൽ എന്നാണ് കുറ്റം.

കോടതി രേഖകൾ പ്രകാരം, 2019 ജനുവരി 12 നും 2019 ഏപ്രിൽ 22 നും ഇടയിലാണ് കുറ്റകൃത്യം നടന്നത്.

അദ്ദേഹത്തിന്റെ ജാമ്യ തുക ഓരോ കുറ്റത്തിനും **$10,000** ആയി നിശ്ചയിച്ചിട്ടുണ്ട്. കുറ്റക്കാരനാണെന്ന് തെളിഞ്ഞാൽ രണ്ട് മുതൽ 10 വർഷം വരെ തടവ് ശിക്ഷ ലഭിക്കാം.

അറസ്റ്റ് ചെയ്തതിന്റെ കാരണം വ്യക്തമല്ല, കാരണം കുറ്റപത്രം ഇതുവരെ പുറത്തുവിട്ടിട്ടില്ല. ഡിസ്ട്രിക്ട് അറ്റോർണി ഓഫീസ് കൂടുതൽ വിവരങ്ങളൊന്നും പുറത്തുവിട്ടിട്ടില്ലെന്നു ഫോക്സ് റിപ്പർട്ടിൽ പറയുന്നു.

ഫേസ്ബുക്കിൽ വ്യാജ പേജ് ഉണ്ടാക്കി അപകീർത്തികരവും വംശീയവുമായ പ്രസ്താവനകൾ അതിൽ നടത്താൻ കൂട്ട് നിന്നു എന്നാരോപിച്ച് കഴിഞ്ഞ വർഷം ജോർജിനെ അറസ്റ് ചെയ്തിരുന്നു. അത് മിസ്ഡെമീണർ (ലഘുവായ കുറ്റം) മാത്രമായിരുന്നു.

സത്യസന്ധതയ്ക്കും ധാർമ്മികതയ്ക്കും തങ്ങൾ പ്രതിജ്ഞാബദ്ധമാണെന്നും അന്വേഷണം തുടരുകയാണെന്നും ഡിസ്ട്രിക്ട് അറ്റോർണി ഓഫീസ് അറിയിച്ചു.

### ഇത് രാഷ്ട്രീയ വേട്ട: കെ. പി. ജോർജ്

അതേ സമയം, അറസ്റ്റിനെതിരെ ശക്തമായ പ്രസ്താവനയുമായി കെ.പി. ജോർജ് രംഗത്ത് വന്നു. 'തിരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥൻ എന്ന നിലയിൽ, ഞാൻ എപ്പോഴും സത്യസന്ധതയോടും സുതാര്യതയോടും കൂടിയാണ് പ്രവർത്തിച്ചിട്ടുള്ളത്.

എന്റെ സ്വന്തം പ്രചാരണത്തിനായി സ്വന്തം ഫണ്ട് കടം കൊടുക്കുന്നതിലും പിന്നീട് ആ വായ്പ തിരിച്ചടയ്ക്കുന്നതിലും നിയമവിരുദ്ധമായി ഒന്നുമില്ല. ഇത് ഒരു സാധാരണവും നിയമപരവുമായ രീതിയാണ്.

നിർഭാഗ്യവശാൽ, ഫോർട്ട് ബെൻഡ് കൗണ്ടി ഡിസ്ട്രിക്റ്റ് അറ്റോർണി ഓഫീസ് തുടരുന്ന രാഷ്ട്രീയ വേട്ടക്കായി സർക്കാരിനെ ആയുധമാക്കുന്നതിന്റെ ഉദാഹരണമാണിത്.

മനപൂർവം എന്റെ പ്രശസ്തിക്കും സ്വഭാവത്തിനും കളങ്കം വരുത്താൻ വേണ്ടി, പൂർണ്ണമായ സന്ദർഭമോ വസ്തുതകളോ വെളിപ്പെടുത്താതെ ആരോപണങ്ങൾ ഉന്നയിക്കപ്പെടുന്നു.

സത്യം വിജയിക്കുമെന്ന് എനിക്ക് പൂർണ്ണ വിശ്വാസമുണ്ട്. അതേസമയം, ഫോർട്ട് ബെൻഡ് കൗണ്ടിയിലെ ജനങ്ങളെ സേവിക്കുന്നതിനും അവർക്കായി പോരാടുന്നതിനും എപ്പോഴത്തെയും പോലെയും അതേ സമർപ്പണത്തോടെയും ഞാൻ പ്രതിജ്ഞാബദ്ധനാണ്.

### ജഡ്ജ് കെ.പി. ജോർജ് റിപ്പബ്ലിക്കൻ പാർട്ടിയിലേക്ക് മാറാൻ സാധ്യതയെന്ന് ഫോക്സ് ന്യൂസ്

ഫോർട്ട് ബെൻഡ് കൗണ്ടി, ടെക്സസ്: ഡെമോക്രാറ്റായ ഫോർട്ട് ബെൻഡ് കൗണ്ടി ജഡ്ജി കെ പി ജോർജ് റിപ്പബ്ലിക്കൻ പാർട്ടിയിലേക്ക് മാറുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടെന്ന് രാഷ്ട്രീയ നിരീക്ഷകർ. ഫോക്സ് ന്യൂസ് ആണ് ഇത് സംബന്ധിച്ചു റിപ്പോർട്ട് പ്രസിദ്ധീകരിച്ചത്. വോട്ടിംഗ് ഡിസ്ട്രിക്ടുകളുടെ അതിർത്തി പുനർനിർണയത്തിനു റിപ്പബ്ലിക്കൻ പാർട്ടിയോടൊപ്പം ജോർജ് വോട്ടു ചെയ്തു എന്നതാണ് ഈ റിപ്പോർട്ടിന് വഴി തെളിച്ചത്. (രണ്ടാമത്തെ കേസിനു മുൻപാണ് ഈ റിപ്പോർട്ട് വന്നത്)



ഫോക്സ് 26 പൊളിറ്റിക്കൽ റിപ്പോർട്ടർ ഗ്രെഗ് ഗ്രൂഗൻ ഇക്കാര്യം സംബന്ധിച്ച് റൈസ് പൊളിറ്റിക്കൽ അനലിസ്റ്റ് മാർക്ക് ജോൺസുമായി നടത്തിയ ചർച്ചയുടെ ഏകദേശ വിവരണമാണ് താഴെ.

2021-ൽ പുനർവിഭജനം നടന്നപ്പോൾ, ഫോർട്ട് ബെൻഡ് കൗണ്ടിയിൽ ഡെമോക്രാറ്റിക് നേട്ടം പരമാവധിയാക്കാൻ ഡെമോക്രാറ്റുകൾ ജെറിമാൻഡർ (പാർട്ടിക്കാർ കൂടുതലുള്ള സ്ഥലങ്ങൾ ഒരുമിച്ചു ചേർത്ത് ഭൂരിപക്ഷം ഉണ്ടാക്കുക) ചെയ്തുവെന്ന് റിപ്പബ്ലിക്കൻമാർക്ക് പരാതി ഉണ്ടായിരുന്നു. അന്നത്തെ അതിർത്തി നിർണയത്തിലെ കുഴപ്പങ്ങൾ ശരിയാക്കുക ആയിരുന്നു ഇത്തവണ ലക്ഷ്യം. പ്രത്യകിച്ചു വലിയ ജനസാന്ദ്രതയുള്ള ഡിസ്ട്രിക്ടുകളും ജനങ്ങൾ കുറഞ്ഞ ഡിസ്ട്രിക്ടുകളും സൃഷ്ടിച്ചത് തിരുത്താനുള്ള ഒരു നീക്കം.

ജോർജിന്റെ നിലപാട് മാറ്റത്തിന് അദ്ദേഹം നേരിടുന്ന നിയമ പ്രശ്നങ്ങളുമായി എന്തെങ്കിലും ബന്ധമുണ്ടെന്ന് കരുതുന്നുവോ എന്നായിരുന്നു ഗ്രൂഗന്റെ ഒരു ചോദ്യം. ഫേസ്ബുക്കിൽ വ്യാജ പേജ് ഉണ്ടാക്കി അപകീർത്തികരവും വംശീയവുമായ പ്രസ്താവനകൾ അതിൽ നടത്താൻ കൂട്ട് നിന്നു എന്നാണ് ജോർജിന്റെ മേലുള്ള കുറ്റാരോപണം.

ഇവിടെ രണ്ട് കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ടെന്നു ജോൺസ് മറുപടി പറയുന്നു. ഒന്നാമതായി, ഫോർട്ട് ബെൻഡ് കൗണ്ടിയിലെ ഡെമോക്രാറ്റ് തന്നെ ആയ ഡിസ്ട്രിക്റ്റ് അറ്റോർണി തനിക്കെതിരെ ചുമത്തിയ കടുത്ത കുറ്റാരോപണങ്ങളിൽ കെ പി ജോർജ് അസ്വസ്ഥനാണ്. രണ്ടാമത്തെത് ഫോർട്ട് ബെൻഡ് കൗണ്ടിയിൽ ഇന്ത്യൻ അമേരിക്കൻ ഡെമോക്രാറ്റുകളും ആഫ്രിക്കൻ അമേരിക്കൻ ഡെമോക്രാറ്റുകളും തമ്മിലുള്ള വർദ്ധിച്ചുവരുന്ന ഭിന്നതയാണ്. കൗണ്ടിയിലെ ആഫ്രിക്കൻ അമേരിക്കൻ ഭൂരിപക്ഷം തങ്ങളെ തീരെ അവഗണിക്കുന്നതായി ഇന്ത്യൻ അമേരിക്കൻ ഡെമോക്രാറ്റുകൾ കരുതുന്നു.

ജോർജ് റിപ്പബ്ലിക്കൻ ആയാൽ അത് സംസ്ഥാനത്തുടനീളം പ്രതികരണം സൃഷ്ടിക്കുമോ എന്നായിരുന്നു ഗ്രൂഗന്റെ അടുത്ത ചോദ്യം.

ഡെമോക്രാറ്റിക് പാർട്ടി തനിക്ക് വേണ്ടത്ര പിന്തുണ നൽകുന്നില്ലെന്നു മാത്രമല്ല തനിക്കെതിരെ പ്രവർത്തിക്കുന്നുണ്ടെന്നും ജോർജ്ജ് കരുതുന്നതായി ജോൺസ് അഭിപ്രായപ്പെട്ടു. കൗണ്ടി റിപ്പബ്ലിക്കൻമാരുമായുള്ള മോശം ബന്ധം മെച്ചമാക്കുക എന്നതാണ് ജോർജിന്റെ നടപടി. ഗവർണർ ഗ്രെഗ് ആബട്ട്, ലെഫ്റ്റനന്റ് ഗവർണർ പാട്രിക്, അറ്റോർണി ജനറൽ പാക്സ്റ്റൺ എന്നിവരെല്ലാം കെ പി ജോർജിനെ തുറന്ന കൈകളോടെ സ്വാഗതം ചെയ്യുമെന്ന് ഞാൻ കരുതുന്നു.

# JOYFUL HOME CARE

Caring for your loved ones with a joyful spirit

***With the new changes in CDPAP, are you looking for a licensed Home Care Agency? Reach out to us***

**24/7 Service Available**

631-737-1000

**MAIN OFFICE:**
1344 Middle Country Rd, Centereach, NY 11720
info@joyfulhomecare.com www.joyfulhomecare.com

**QUEENS OFFICE:**
201-16 Hillside Ave, Hollis, NY 11423

*Joy Mekkatte, CEO*

**SERVING SUFFOLK NASSAU AND QUEENS COUNTY**

JOYFUL CAREER CENTER

# JOYFUL CAREER CENTER

Joyful Career Center is a DOE-licensed school

**Do you want to change your Caregiver from PA to PCA?**

**Apply Online or Call Today!**

www.joyfulcareercenter.com
info@joyfulcareercenter.com

***PCA, HHA & CNA CERTIFICATION PROGRAM***

631-935-0440
1344 Middle Country Rd
Centereach, NY 11720

# ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ പതിനൊന്നാമാതു അന്താരാഷ്ട്ര മാധ്യമ കോൺഫറൻസ് : ന്യൂയോർക്ക് ചാപ്റ്റർ 'കിക്കോഫ്' വൻവിജയം









**ഷോളി കുമ്പിളുവേലി**

ന്യൂയോർക്ക്: മാധ്യമ രംഗത്ത് രണ്ടു പതിറ്റാണ്ടുകൾ പൂർത്തിയാക്കുന്ന ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ (ഐ.പി.സി.എൻ.എ) പതിനൊന്നാം അന്താരാഷ്ട്ര മാധ്യമ കോൺഫെറെൻസിന്റെ സമ്മേളനത്തിൻറെ ചുവടൊരുക്കങ്ങൾക്കു പ്രൗഢ ഗംഭീര തുടക്കം. പത്രപ്രവത്തനത്തിന്റെ അന്തർധാരകൾ തേടിയുള്ളെ സമ്മേളനം ഒക്ടോബർ 9,10,11 തീയതികളിൽ ന്യൂജേഴ്‌സി എഡിസണിലെ ഷെറാട്ടൺ ഹോട്ടലിൽ ആണ് അരങ്ങേറുക. കേരളത്തിലെ മുതിർന്ന പത്രപ്രവർത്തകർക്കൊപ്പം രാഷ്ട്രീയ -സാംസ്‌കാരിക നേതൃത്വവും സമ്മേളനത്തിന് പ്രൗഢി നൽകും.

ഇന്ത്യ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ നട്ടെല്ലായ ന്യൂയോർക് ചാപ്റ്ററാണ് പതിനൊന്നാം സമ്മേളനത്തിന് ആതിഥേയത്വം വഹിക്കുന്നത്. നാഷണൽ പ്രസിഡന്റ് സുനിൽ ട്രൈസ്റ്റാറിന്റെ നേതൃത്വത്തിലുള്ള കമ്മിറ്റി സമ്മേളന നടത്തിപ്പിനുവേണ്ട മുന്നൊരുക്കങ്ങൾ നടത്തിവരുന്നു.










ന്യൂയോർക് ചാപ്റ്റർ പ്രസിഡന്റ് ഷോളി കുമ്പിളുവേലിയുടെ അധ്യക്ഷതയിൽ കൂടിയ യോഗം നാഷണൽ പ്രസിഡന്റ് സുനിൽ ട്രൈസ്റ്റാർ ഉദ്‌ഘാടനം ചെയ്തു. ഇൻഡ്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ ഈറ്റില്ലമായ ന്യൂയോർക്കിൽ വച്ചു നടക്കുന്ന പതിനൊന്നാമത് രാജ്യാന്തര സമ്മേളനം വൻ വിജയമാക്കേണ്ടത് ആതിഥേയ ചാപ്റ്ററായ ന്യൂയോർക്കിന്റെ കടമയാണെന്നു ചാപ്റ്റർ പ്രസിഡൻറ് ഷോളി കുമ്പിളുവേലി പറഞ്ഞു.

നാഷണൽ സെക്രട്ടറി ഷിജോ പൗലോസ്, നിയുക്ത പ്രസിഡന്റ് രാജു പള്ളത് (2026 27), മുൻ പ്രെസിഡന്റുമാർ, ന്യൂ യോർക്ക് ചാപ്റ്റർ അംഗങ്ങൾ കൂടാതെ സാമൂഹിക- സാംസ്‌കാരിക- സംഘടനാ രംഗത്തെ നിരവധി പ്രമുഖരും യോഗത്തിൽ പങ്കെടുത്തു. നാഷണൽ ട്രെഷറർ വിശാഖ് ചെറിയാൻ, അഡ്വൈസറി ബോർഡ് ചെയർമാൻ സുനിൽ തൈമറ്റം. വൈസ് പ്രസിഡന്റ് അനിൽ ആറന്മുള, ജോയിന്റ് സെക്രട്ടറി ആശ മാത്യു, ജോയിന്റ് ട്രെഷറർ റോയ് മുളകുന്നം, പത്തിലധികം ചാപ്റ്ററുകളുടെ ഭാരവാഹികൾ ഉൾപ്പെടെയുള്ളവരുടെ നേതൃത്വത്തിൽ സമ്മേളന നടത്തിപ്പിനുവേണ്ട മുന്നൊരുക്കങ്ങൾ നടത്തിവരുന്നു . അമേരിക്കയിലെ വിവിധ നഗരങ്ങളിലുള്ള ചാപ്റ്ററുകൾ അംഗങ്ങളെല്ലാം തന്നെ ഇന്ത്യ പ്രസ് ക്ലബ്ബിന്റെ സവിശേഷ സ്വഭാവമായ ഒത്തൊരുമയോടെ കോൺഫെറൻസിനു വേണ്ട തയാറെടുപ്പുകൾ തുടങ്ങിക്കഴിഞ്ഞു.


പതിനൊന്നാം സമ്മേളന വിജയത്തിനായി പൊതുസമൂഹത്തിനെയും ഉൾപ്പെടുന്നതിന്റെ ഭാഗമായി ന്യൂ യോർക്ക് ചാപ്റ്റർ പ്രസിഡന്റ് ഷോളി കുമ്പിളുവേലി, സെക്രട്ടറി ജോജോ കൊട്ടാരക്കര, ട്രെഷറർ ബിനു തോമസ്, ജോയിന്റ് സെക്രട്ടറി ജേക്കബ് മാനുവൽ പ്രസ് ക്ലബ് മുൻ നാഷണൽ പ്രെസിഡന്റുമാർ അഡ്വൈസറി ബോർഡ് അംഗങ്ങൾ മറ്റു ന്യൂ യോർക്ക് ചാപ്റ്റർ അംഗങ്ങളുടെയും സഹകരണത്തോടെ ന്യൂയോർക് ട്രൈസ്റ്റേറ്റ് മേഖലയിലുള്ള ഇന്ത്യ പ്രസ് ക്ലബ്ബിൻറെ അഭ്യുതകാംക്ഷികളെ പങ്കെടുപ്പിച്ചുകൊണ്ട് , ന്യൂയോർക് ചാപ്റ്ററിന്റെ നേതൃത്വത്തിൽ റോക്‌ലൻഡിലെ വാലി കോട്ടേജിലുള്ള മലബാർ റെസ്റ്റോറന്റിൽ മാർച്ച് 28, വെള്ളിയാഴ്ച നടന്ന കിക്കോഫ് മീറ്റിംഗിൽ സാമൂഹിക- സാംസ്‌കാരിക - സംഘടനാ രംഗത്തെ നിരവധി പ്രമുഖർ പങ്കെടുത്തു.

മൂന്നു ദിവസം നീണ്ടു നിൽക്കുന്ന മാധ്യമ സമ്മേളനത്തിൻറെ വിജയത്തിനായി ഏവരുടെയും സാന്നിധ്യ സഹായ സഹകരണങ്ങൾ പ്രസിഡന്റ് സുനിൽ ട്രൈസ്റ്റാർ അഭ്യർത്ഥിച്ചു. സമ്മേളനം സംബന്ധിച്ച കാര്യങ്ങൾ പ്രസിഡന്റ് യോഗത്തിൽ വിശദീകരിച്ചു. സെക്രട്ടറി ഷിജോ പൗലോസ് സ്പോൺസർമാരെ സ്വാഗതം ചെയ്യുകയും സ്പോൺസർഷിപ് ഏറ്റുവാങ്ങുകയും ചെയ്തു. മുൻ കാലങ്ങളിൽ സ്പോൺസർമ്മാർ നൽകിയ സഹായങ്ങളെ ഷിജോ പൗലോസ് നന്ദിയോടെ സ്മരിച്ചു. വിവിധ സംഘടനകളെ പ്രതിനിധീകരിച്ചു, നേതാക്കളായ പോൾ കറുകപ്പള്ളി, തോമസ് കോശി, ഫിലിപ്പോസ് ഫിലിപ്പ്, ഷിനു ജോസഫ്, നോഹ ജോർജ്, ടോം നൈനാൻ, സണ്ണി കല്ലൂപ്പാറ, ഹരികുമാർ രാജൻ, ജിബി വർഗീസ്, ഷൈബു വർഗീസ് തുടങ്ങിയവർ ആശംസകൾ നേർന്നു സംസാരിച്ചു. ഇവരെല്ലാം തന്നെ ഈ കോൺഫറൻസിന്റെ സ്പോൺസർമാരായി എന്നുള്ളതും ഈ സംഘടനയോടുള്ള സ്നേഹാദരവായിരുന്നു.

പ്രസ് ക്ലബ്ബിൻറെ മുന്നോട്ടുള്ള പ്രയാണത്തിൽ തുടർന്നും ഏവരുടെയും സഹായ സഹകരങ്ങൾ ഉണ്ടാകണമെന്നു ഇൻഡ്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ പ്രസിഡന്റ് - ഇലക്ട് രാജു പള്ളത്തു അഭ്യർത്ഥിച്ചു. ഇൻഡ്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ നേതാക്കളായ, ജോർജ് ജോസഫ്, താജ് മാത്യു, ജെ. മാത്യു, ജോസ് കാടാപ്പുറം, സജി എബ്രഹാം, പ്രിൻസ് ലൂക്കോസ്, മാത്തുക്കുട്ടി ഈശോ തുടങ്ങിയവർ പ്രസംഗിച്ചു.

ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ ന്യൂ യോർക്ക് ചാപ്റ്റർ സെക്രട്ടറി ജോജോ കൊട്ടാരക്കര സ്വാഗതവും , ട്രഷറർ ബിനു തോമസ് നന്ദിയും പറഞ്ഞു.

# മനുഷ്യഭാവി എങ്ങോട്ട്?



ജോൺ വേറ്റം

എല്ലാ സാമൂഹിക സാംസ്കാരിക സംഘടനകളിലും, ഭൂരിപക്ഷം ജനങ്ങളിലും പ്രകടമാകുന്ന ഒരു വൈകാരികഭാവമുണ്ട്. ഇത് സംബന്ധിച്ച്, മതഗ്രന്ഥങ്ങളിലും, നിയമവിജ്ഞാനകോശങ്ങളിലും പരസ്പരഭിന്നങ്ങളായ പരാമർശലങ്ങളുണ്ട്. ആരാധനാലയങ്ങൾ, കലാരംഗങ്ങൾ, കായികമേഖലകൾ വിദ്യാലയങ്ങൾ എന്നീ ഇടങ്ങളിൽ ഇത് ധ്വനിക്കാറുണ്ട്. മനുഷ്യജീവിതത്തിന്റെ സകല തലങ്ങളിലുംവാശിയോടെകടന്നുചെല്ലുന്ന ഈ വ്യത്യസ്ത മനുഷ്യസ്വഭാവം പക്ഷപാതമാണ്! ഇതിന്റെ വശീകരണശക്തിയും പ്രവർത്താനക്ഷമതയും ജനങ്ങളെ എവിടേക്ക്, എങ്ങനെ നയിക്കുന്നു?

മുൻവിധിയോടെ പരോക്ഷമായും പ്രത്യക്ഷമായും പ്രവർത്തിക്കുന്ന ആളുകൾ, ഒരേ സമയത്ത് സ്വപക്ഷത്തെ പിന്തുണക്കുകയും പ്രതിപക്ഷത്തെ ഇടിച്ചുതാഴ്ത്തുകയും ചെയ്യാറുണ്ട്. സമഭാവനയും സാഹോദര്യവും അവ രുടെ സ്വകാര്യതക്ക് അരുതാത്ത കാര്യങ്ങളാണെന്നും, മുഖം നോക്കാതെ ആരേയും സഹായിക്കരുതെന്നും, മിശ്രബന്ധം പാടില്ലെന്നും പഠിപ്പിക്കുന്നു. സ്വച്ഛത സ്വകീയമായിരിക്കണമെന്നും, പൊതുജനത്തെ ആശ്രയിക്കുകയും വിശ്വസിക്കുകയും ചെയ്യരുതെന്നും ഉപദേശിക്കുന്നു. സ്വാർത്ഥ പ്രചോദനം തെറ്റായ മാർഗ്ഗ നിർദ്ദേശമാണെന്ന് സമ്മതിക്കുന്നുമില്ല.

അന്യായമായ കൂട്ടായ്മകൾക്കും , തീരുമാനങ്ങൾക്കും, നടപടികൾക്കുമുപരി, അന്യരുടെ ആത്മനൊമ്പരങ്ങളുടെ മുമ്പിൽ വിഭാഗീയതകണ്ണടക്കും. തൊഴിലിടങ്ങളിൽ അപേക്ഷകൾ പരിഗണിക്കുന്നതുമുതൽ; നിയമനം, ആനുകൂല്യം, ഉദ്യോഗക്കയറ്റം, അച്ചടക്കനടപടി, പിരിച്ചുവിടൽ തുടങ്ങിയ സംഗതികളിൽ സ്വന്തക്കാരെസഹായിക്കും. യോഗ്യതയുള്ളവരെ അവഗണിക്കും. ഒരു അത്യന്താപേക്ഷിത സംഗതിയെന്നപോലെ, പിൻവാതിൽനിയമനങ്ങൾ മടികൂടാതെ നടത്തും. ഇവ കുറ്റമാണെന്നു സമ്മതിക്കുകയുമില്ല.

വിശ്വാസങ്ങളിലും സമുദായങ്ങളിലും കാണപ്പെടുന്ന കനത്ത പക്ഷപാതം സമീപകാലങ്ങളിൽ വെരൂന്നിവളർന്നതല്ല. നിരവധി നിഷേധാത്മകമായ കാര്യങ്ങളിലൂടെ കടന്നുവന്നതാണ്. അഗതികൾ, കറുത്തവർ, ജാതികൾ, വികലാംഗർ, യാചകർ, വിദേശികൾ, വെളുത്തവർ, വേശ്യകൾ, വൃദ്ധജനങ്ങൾ എന്നിവരെ വംശീയവ്യത്യാസങ്ങളോടെ കാണുന്നു.ഈ സ്വാർത്ഥ മാനസികാവസ്ഥ മതവിഭാഗങ്ങളിൽ വികസിച്ചത്, ദാക്ഷണ്യമില്ലാത്ത നടപടികളിലൂടെയാണെന്ന് ഭൂതകാലചരിത്രം പറയുന്നു. അതുകൊണ്ട്, നീതിപൂർണ്ണമല്ലാത്തതും, ചിന്താക്കുഴപ്പം ഉണ്ടാക്കുന്നതുമായ അനേകം അനാവശ്യകാര്യങ്ങൾ ജനമനസ്സുകളിൽ പതിഞ്ഞിട്ടുണ്ട്. ഇതിനെതിരേ, ദാർശൂനിക നിരീശ്വര- വാദികളും, കാരണവും തെളിവും അടിസ്ഥാനമാക്കി തീരുമാനമെടുക്കുന്ന യുക്തിവാദികളും, ചിന്തകരായ വിമർശുകരും ശബ്ദമുയർത്തിയിട്ടുമുണ്ട്. എന്നിട്ടും, അണ്ണാനും ആനയും തമ്മിൽ മത്സരിച്ചതുപോലെയായി ഫലം.

ഇക്കാലത്ത്, വികസിക്കുന്ന വിഭജനവാദ പ്രസ്ഥാനങ്ങളുടെ വിരുദ്ധ പ്രവർത്തനങ്ങൾ ന്യായീകരിക്കാനാവാതെ തുടരുന്നു. അധികാരം, അംഗീകാരം, ഉന്നതസ്ഥാനം, ധനികത, സ്വാധീനം എന്നിവ കരസ്ഥമാക്കാൻ ആസൂത്രിതമായി നീങ്ങുന്നതിനു, വീണ്ടുയാത്ത വിഭാഗീയചിന്ത വേണമത്രേ. നവീനവും പുരാതനവുമായ ആചാരങ്ങളുടെ അകത്തളങ്ങളിലും രഹസ്യകർമ്മങ്ങളുണ്ട്. ഇവയെല്ലാം സൂചിപ്പിക്കുന്നത്, ഇനിയൊരിക്കലും ജനമൈത്രിക്ക് ഒരു അവസരം ഉണ്ടാവുകയില്ലെന്നാണ്. ഭിന്നതകൾ സൃഷ്ടിക്കുന്ന കഷ്ടനഷ്ടങ്ങളും, കലഹങ്ങളും തകർച്ചെയിലേക്കു നയിക്കുന്നു. ഒരുജനവിഭാഗത്തിനും സുഖജീവിതം നയിക്കാൻ സാധിക്കാത്തവിധം സാഹചര്യങ്ങൾ അനിയന്ത്രിതമായിട്ടുണ്ട്. ജീവിതഭാരം മാറ്റാൻ വർഗ്ഗീയതക്ക് സാധിക്കുകയില്ല.

നീതിനിഷ്ഠമായ നിഷ്പക്ഷതയോടും നിസ്വാർത്ഥസ്നേഹത്തോടുംകൂടി എല്ലാ ജനങ്ങൾക്കും വേണ്ടി പ്രവർത്തിക്കുന്ന, ഒരു നാടോ, നഗരമോ, രാജ്യമോ ഇല്ലെന്ന് ഉറപ്പിച്ചുപറയാം. എവിടെയും പക്ഷപാതപരമായ വിഭജനമനോഭാവം പടർന്നു കയറുന്നതിന് എതിരേ, വിശ്വസ്തതയും സമാധാനവും സ്നേഹവും പങ്കിടുന്ന, ഒരു മാനവസംസ്കാരം സ്ഥാപിക്കാൻ കഴിയണം.

മനുഷ്യാനുഭവങ്ങളിൽനിന്നും ഒഴുകിവരുന്ന വിപ്ലവാത്മകചിന്തകളെ അവഗണിക്കുകയും, മറ്റുള്ളവരേക്കാൾ തങ്ങൾ മികച്ചവരും വിശുദ്ധിയുള്ളവരും, സത്യം സംസാരിക്കുന്നവരുമാണെന്ന അഹംഭാവത്തോടെ സ്വയം പുകഴ്ത്തുന്ന വിഘടനവാദികളുണ്ട്. അവർ പണിതുയർത്തിയ വിഭജനത്തിന്റെ ചുറ്റുമതിലുകൾ ഒരിക്കലുംഇടിഞ്ഞുവീഴാതെ നിലനില്ക്കുമോ?

നിഷ്പക്ഷതയും സുരക്ഷിതത്വവും സ്വാതന്ത്ര്യവും നല്കുന്ന, നൂതനജീവിത സാഹചര്യം ഉണ്ടാകണമെന്ന്, അറിവുള്ള പുത്തൻതലമുറ ആഗ്രഹിക്കുന്നുണ്ട്. പക്ഷേ, സ്വപക്ഷാനുസാരികൾക്ക് വിമുഖതയും വർദ്ധിച്ചു. മനുഷ്യരെ, സ്വസഹോദരങ്ങളായി കണക്കാക്കാതെ, കെട്ടിച്ചാർത്തിയുള്ളവർ, രക്തച്ചാർച്ചയുള്ളവർ, കുടുംബക്കാർ, കൂട്ടുകാർ, നാട്ടുകാർ എന്നും മറ്റും വേർതിരിച്ചു കാണുന്നു. ഇത് എപ്പോൾ ആരംഭിച്ചുവെന്ന് ചരിത്രവും പറയുന്നില്ല. ഗർഭച്ഛിദ്രത്തിലൂടെ, ഒരു ജീവന്റെ, ജീവിക്കാനുള്ള അവകാശം

വിച്ഛേദിക്കുന്നതുപോലെ, സഹോദരബന്ധ ത്തെ നിഷേധിക്കുന്ന കക്ഷിപക്ഷപാതം ഒരു ദു:ഖസത്യമാണെന്നു സരളജനങ്ങളും മനസ്സിലാക്കേണ്ടതാണ്. സംഘർഷങ്ങളെ സ്വാഗതംചെയ്യുന്ന സമുദായഭിന്നതകൾക്ക് പരിഹാരമായി, ആശ്രയയോഗ്യമായ ഒരു ആശയം ഉദിച്ചുവന്നിട്ടുമില്ല.

ജനസമൂഹത്തെ വിഭജിക്കുന്ന അവസ്ഥ സാധാരണ രീതിയാണെന്നും, അത് സ്വത ന്ത്രമായ പുരോഗതിക്ക് അനിവാര്യമാണെ ന്നും അവകാശപ്പെടുന്നവരുണ്ട്. എന്നാലും, വിഭാഗീയതയെ, വലിയ കുറ്റമായും, തെറ്റാ യും,'പാപ'മായും വേർതിരിച്ചു കാണപ്പെടു ന്നു. അതിനാൽ, ഇവ സംബന്ധിച്ചുള്ള തിരി ച്ചറിവുകളിൽ ഒന്നെത്തിനോക്കാം.

''പാപം'' എന്ന പദത്തിന്റെ അർത്ഥവും നിർവ്വചനവും വ്യത്യസ്തമായി കാണുന്ന മതങ്ങളും സഭാവിഭാഗങ്ങളുമുണ്ട്. നീതിക്ക് നി രക്കാത്ത ഏത് അധ ർമ്മവും പാപമാണെന്നു ഹിന്ദുമതം. അള്ളാഹുവിന്റെ് എല്ലാ കല്പ നകളെ യും ലംഘിക്കുന്ന പ്രവൃത്തിയാ ണ് പാപമെന്ന് മുഹമ്മദ്മതം. അശുദ്ധവും അനാരോഗ്യകരവുമായ പ്രവർത്തികൾ പ ാപത്തിലേക്കല്ല പിന്നയോ,കഷ്ടതയിലേ ക്കാണ് നയിക്കുന്നതെന്നും, അതിനെ മറികടന്നു പ്രബുദ്ധത കൈവരിക്കുന്നത്, കാരുണ്യം ജ്ഞാനം ധാർമ്മി കത എന്നിവ യിലൂടെയാണെന്നും ബുദ്ധമതം.

പാപം എന്ന പദത്തിന്റെത അർത്ഥജ വ്യാഖ്യാനം സംബന്ധിച്ച്, ക്രൈസ്തവ സഭ കളിൽ വ്യക്തമായ വിയോജിപ്പുണ്ട്. പാപം ഇല്ലായെന്നു പ്രൊട്ടസ്റ്റന്റ്സ് വിഭാഗക്കാർ പറയുന്നില്ല. ആദ്യമനുഷ്യനായ ആദാമിന്റെ അനുസരണക്കേടിനാൽ, അവന്റെ പിൻ തലമുറകൾ, പാപപ്രകൃതിയോടെ ജനി ക്കുന്നുവെന്നാണ് വിശ്വാസം. ദൈവീകമാ യ നിയമത്തിന്റെകയും, ദൈവഹിതത്തി ന്റെ്യും ഏത് ലംഘനവും പാപമാണെന്നു വിശ്വസിക്കുന്നു മറ്റൊരുഭാഗം.

ദൈവത്തില്നിന്നുള്ള ഈ നീതി,വിശ്വ സിക്കുന്ന എല്ലാവർക്കും, യേശു ക്രിസ്തു വിലുള്ള വിശ്വാസത്തിലൂടെ ലഭിക്കുന്നതെ ന്നും,അതിൽ വിവേച- നം ഒന്നുമില്ലെന്നും, സൗജന്യമായി നീതീകരിക്കപ്പെടുകയാണെ ന്നും, ക്രിസ്തു വിന്റെന രക്തത്തിലുള്ള വി ശ്വാസത്താൽ മനുഷ്യവർഗ്ഗ ത്തിന്റെു പാപം പരിഹരിക്കുവാൻ ദൈവം അവനെ നിയോ ഗിച്ചതാണെന്നും ബൈബിൾ (റോമർ3:22, 24-25.) അറിയിക്കുന്നു.

ഹൃദയങ്ങള്ക്ക് ആനന്ദവും ആശ്വാസ വും സംതൃപ്തിയും ലഭിക്കുന്നത് സ്നേഹ ത്തിലൂടെയാണെന്നും, ദൈവം ഒരു ജാതി യുടെമാത്രം ദൈവമല്ലെന്നും, പാപത്തിനു പക്ഷപാതമുണ്ടെന്നും, പാപമോചനത്തിൽ അതില്ലെന്നും വ്യക്തമായിട്ടുണ്ട്.വിഭാഗീയ തയിൽ,മത്സരവും വെറുപ്പും വിദ്വേഷവും ഉണ്ടാകാ റുണ്ട്. അതോടൊപ്പം,ദുഷ്ടതയുടെ വക്രതയും വിടർന്നുവവരും.ലോകജനത വി ശ്വാസങ്ങളാൽ നിയന്ത്രിക്കപ്പെടുന്നതിനാൽ, ഈ യാഥാർഥ്യങ്ങളെക്കുറിച്ച് ചിന്തിക്കുന്ന വരും പ്രതികരിക്കുന്നവരുംചുരുക്കമായി.

മനുഷ്യൻ ദൈവസൃഷ്ടിയായതിനാൽ, എല്ലാവർക്കും തുല്യമായ പദവി നല്കി യിട്ടുണ്ട്. ആ വസ്തുത മനസ്സിലാക്കാതെ, വ്യക്തിഗതനേട്ടങ്ങൾക്കു വേണ്ടി, വേർ പെ ട്ടുപോകരുതെന്നും വേദോപദേശവുമുണ്ട്. ''ദൈവത്തിന് മുഖപക്ഷമില്ലെന്നും, ഏതു ജനതയിലും അവനെ ഭയപ്പെട്ട് നീതി പ്രവർത്തിക്കുന്നവനെ അവൻ അംഗീകരി ക്കുന്നുവെന്നും'', ''യേശു ക്രിസ്തുവിൽ വി ശ്വസിക്കുന്ന നിങ്ങൾ മുഖപക്ഷം കാണിക്ക രുത്. മുഖപക്ഷം കാണിക്കുന്നുവെങ്കിലോ നിങ്ങൾ പാപം ചെയ്യുന്നു. ന്യായപ്രമാണം മുഴുവനും അനുസരിച്ചിട്ട് ഒന്നിൽ തെറ്റുചെ യ്താൽ അവൻ സകലത്തിനും കുറ്റക്കാരനാ യിത്തീരുന്നു'' എന്നും ബൈബിൾ (അപ്പൊ. പ്രവൃ.10: 34-35, യാക്കോബ് 2: 1, 2: 9-10) രേഖപ്പെടുത്തിയിട്ടുണ്ട്.



പാപങ്ങൾ മായിക്കപ്പെടുന്നതിനു പാപ പരിഹാരമാർഗ്ഗമായി, മാനസാന്തരപ്പെ ട്ടു തിരിഞ്ഞുകൊള്ളണമെന്ന് ബൈബിൾ (അപ്പൊ.പ്രവൃ. 3: 19) ഊന്നിപ്പറഞ്ഞിട്ടുണ്ട്. എന്നാലും, മാപ്പ് കിട്ടാത്തൊരു പാപവുമു ണ്ട്. ''സകല പാപങ്ങളും ദൂഷണങ്ങളും മനുഷ്യരോട് ക്ഷമിക്കും. പരിശുദ്ധാത്മാ വിനെതിരേയുള്ള ദൂഷണമൊ ക്ഷമിക്ക യില്ല. ആരെങ്കിലും മനുഷ്യപുത്രനെതിരെ ഒരു വാക്കു പറഞ്ഞാൽ അത് അവനോടു ക്ഷമിക്കും; പരിശുദ്ധാത്മാവിനെതിരേ പറ ഞ്ഞാലോ ഈ ലോകത്തിലും വരുവാനു ള്ളതിലും അവനോടു ക്ഷമിക്കുകയില്ല'' എന്നും ബൈബിൾ പറയുന്നുണ്ട് (മത്തായി 12:31-32).

ആളുകൾ അവരുടെ സ്വാർത്ഥ പ്രചോദ നത്താൽ അവലംബിക്കുന്ന പക്ഷപാതവും, അതിന്റെ ദു:ഖകരമായ പാർശ്വഫലങ്ങളും പരിഗണിച്ചു ഭരണാധികാരികൾ സ്ഥാപിച്ച താണ് ലിംഗവിവേചനനിയമം, വൈകല്യ വിവേചന നിയമം, വംശീയബന്ധനിയമം, സമത്വനിയമം, സമത്വതൊഴിൽ നിയമം,തു ല്യഅവകാശനിയമം, തൊഴിൽ വിവേചനനി യമം എന്നിവ. ഇതനുസരിച്ച്, പക്ഷപാതപര മായ പ്രവർത്തനങ്ങളെ നിയമലംഘനമായി കണക്കാക്കാം.

ലോകമെങ്ങുമുള്ള മനുഷ്യസംസ്കാര ങ്ങളിൽ കാണപ്പെടുന്ന സ്വതന്ത്രവും വേർ തിരിച്ചുമുള്ള രൂപീകരണങ്ങൾ, തീഷ്ണവും വികലവുമായ സ്വാർത്ഥതയുടെ സൃഷ്ടികളാ ണ്.ജാതി ജാതികളോടും, മതം മതങ്ങളോ ടും, മക്കൾ മാതാപിതാക്കളോടും, മാതാ പിതാക്കൾ മക്കളോടും, രാജ്യം രാജ്യങ്ങളോ ടും, സഹോദരങ്ങൾ തമ്മിലും പക്ഷഭേദം കാട്ടിയത്, എങ്ങനെയെല്ലാമായിരുന്നുവെന്ന് മത രാഷ്ട്രീയഗ്രന്ഥങ്ങൾ തന്നെ രേഖപ്പെടു ത്തിയിട്ടുണ്ട്. അതുകൊണ്ട്, പക്ഷപാതം ഒരു നിത്യതിന്മയാണെന്നുകരുതാം.

ക്രിസ്തുമതവും ക്രിസ്തുശാത്രവും തമ്മിലുള്ള വ്യത്യാസം, ക്രിസ്തുമതത്തിലെ പഴയതും പുതിയതുമായ ആചാരങ്ങൾ,സ ഭകളുടെ ഭിന്നവിശ്വാസങ്ങൾ, പ്രോട്ട സ്റ്റന്റ്സഭകളുടെ വേറിട്ടദൈവശാസ്ത്രം, കരുണയും ദീർഘ ക്ഷമയും നന്മയും നീതിയും മാന്യതയും സമാധാനവും സ്നേഹവും സംഗ- മിച്ച യഥാർത്ഥ ''ക്രൈസ്തവ ധർമ്മളശാസ്ത്രം'' എന്നിവ സംബന്ധിച്ചു ജ്ഞാന മുള്ള വർ വളരെ കുറച്ച്മാത്രം. ഈ വേർത ിരിക്കുന്ന വിഷമസാഹചര്യവും ഒട്ടേറെ ''നവീകരണ സഭകളുടെ'' സ്ഥാപനത്തി ന് കാരണമായിട്ടുണ്ട്.

ഭൂമിയിൽ സംഭവിക്കുന്ന വിഭജനപ്ര ക്രിയകൾ വീക്ഷിക്കുമ്പോൾ, നിയമരാ ഹിത്യത്തിന്റെ യും പക്ഷപാതപരമായ പ്രവർത്തളനങ്ങളുടെയും യുഗം അവ സാനിച്ചിട്ടില്ലെന്നു കാണാം. എന്നാ ലും, വിഭാഗീയതകൂടാതെ സകലരേ യും സ്നേഹിക്കുകയും സമഭാവനയോടെ അന്യോന്യം സഹകരിക്കുകയും ചെയ്യുന്ന ആളുകൾ, പൂർവാധികമായി. മനുഷ്യസ മൂഹത്തിന്റെ സന്തോഷത്തിനും, സുര ക്ഷിതഭാവിക്കും എതിരായിട്ട് ജനങ്ങളെ നയിക്കുന്ന മത രാഷ്ട്രീയപ്രവണതകൾ, പാ പവും നിയമലംഘനവുമായിരിക്കെ, പ്രസ് തുത കളങ്കിതകർമ്മങ്ങൾ ക്രമേണ മാറ്റപ്പെ ടുമെന്നും പ്രത്യാശിക്കുന്നവരുമുണ്ട്.

ഇപ്പോൾ,ലോകവ്യാപകമായ പക്ഷാഭാസ ങ്ങളിലൂടെ പ്രകടമാവുന്ന കദനപൂരിതമായ തിക്താനുഭവങ്ങൾ, അസഹനീയവുംനാശ കരവുംമാണ്. അതുകൊണ്ട്, സകല ദേശ ക്കാരും ഭാഷക്കാരും സഹോദരസ്നേഹ ത്തോടെ പ്രവർത്തിയക്കുന്ന, ഒരു ഏകീകൃത മനുഷ്യസമുദായം സ്ഥാപിക്കപ്പെടണമെന്ന് ആവശ്യപ്പെടുന്നവരുമുണ്ട്. ഏകോപനത്തി നുവേണ്ടിയുള്ള, അനുഗ്രഹപ്രദമായ സന്ദേ ശവും, ഒരുമയുടെ പാട്ടുമായി അവർ മുന്നേ റട്ടെ!


NEW CAR KEYS
ARE KEY TO SAVING ON CAR INSURANCE
Call me today to see
How much you can save with
Allstate's New Car Discount
Allstate®
You're in good hands.
CALL
718 831 6500
Joseph V Thomas
(റജി വലിയകാല)
256-10 Union Turnpike
Floral Park, NY 11004
josephthomas@allstate.com
www.jvtassociates.com
30 Plus years
in Insurance
Business
We Offer 6 Hours Defensive Driving Course in NY/NJ

# കേരളാ ഗവൺമെന്റുമായി സഹകരിച്ചു ലഹരിക്കെതിരെ കൈകോർത്തു ഫൊക്കാന




**ശ്രീകുമാർ ഉണ്ണിത്താൻ**

ന്യൂ യോർക്ക് : ലഹരിക്കെതിരെ കൈകോർത്തു പ്രവർത്തിക്കാൻ ഫൊക്കാനായും കേരളാ ഗവൺമെന്റുമായി ധാരണയായി, ഉന്നത വിദ്യഭ്യാസ വകുപ്പ് മന്ത്രി ആർ . ബിന്ദുവുമായുള്ള ചർച്ചയിൽ ആണ് ഫൊക്കാനയും കേരളാ ഗവൺമെന്റുമായി സഹകരിച്ചു പ്രവർത്തിക്കാം എന്ന് തീരുമാനമായത് . ഇത് പ്രകാരം ഫൊക്കാന നാലിന പരിപാടികൾ ഗവൺമെന്റുമായി സഹകരിച്ചു കേരളത്തിൽ നടപ്പിലാക്കുന്നതാണ് .

ഫൊക്കാനയുടെ ഓഗസ്റ്റ് 1, 2, 3 ദിവസങ്ങളിൽ കേരളത്തിലെ കുമരകത്തു നടക്കുന്ന കേരളാ കൺവെൻഷന്റെ ആദ്യദിനം ലഹരിക്കെതിരെയുള്ള ഒരു വിളംബരമായി ഫൊക്കാന നടത്താൻ തീരുമാനിച്ചതായി പ്രസിഡന്റ് സജിമോൻ ആന്റണി അറിയിച്ചു. ഈ കൺവെൻഷൻ ലഹരിക്കെതിരെയുള്ള പോരാട്ടത്തിന്റെ തുടക്കം കുറിക്കും.

ഫൊക്കാന നടത്തുന്ന പരിപാടികളിൽ ഒന്നാണ് ഐ ഡിഫൻഡർ ക്യാമ്പയിൻ: സ്കൂളുകളിലും കോളേജുകളിലും ലഹരി ഉപയോഗിക്കുന്നത് റിപ്പോർട്ട് ചെയ്യുകയും അത് ശരിയാണ് എന്ന് തിരിച്ചറിയുകയാണെങ്കിൽ അങ്ങനെയുള്ളവർക്ക് കാഷ് അവാർഡും പ്രശസ്തി പത്രങ്ങളും , പാരിതോഷികങ്ങളും നൽകി ആദരിക്കുന്നതാണ് ഈ പരിപാടി. ഇങ്ങനെയുള്ള ആളുകളുടെ വിവരം കോൺഫിഡൻഷ്യൽ ആയി സൂക്ഷിക്കുകയും ചെയ്യുന്നതായിരിക്കും.

ലഹരി ബോധവൽക്കരണ പരിപാടികൾ : അതിനുവേണ്ടി സ്കൂൾ കോളേജ് ലഹരി വിരുദ്ധ ക്ളബ്ബുകൾ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികൾ, സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി- യുവജന -മഹിളാ സംഘടനകൾ എന്നിവരുടെ പങ്കാളിത്തത്തോടുകൂടി വിദ്യാർത്ഥി യുവജനങ്ങളെ ലഹരി ഉപയോഗത്തിൻറെ ദൂഷ്യവശങ്ങൾ ബോധ്യപ്പെടുത്തി വ്യാപക

ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക എന്നതാണ് ഒരു ലക്ഷ്യം. സോഷ്യൽ മീഡിയ പ്രചാരണം, ലഹരി വിരുദ്ധ കവിത - കഥ രചന മത്സരങ്ങൾ തുടങ്ങി നിരവധി പരിപാടിളും ഇതിനോട് അനുബന്ധിച്ചു സംഘടിപ്പിക്കുന്നതാണ്. ഇങ്ങനെ തെരഞ്ഞെടുക്കപ്പെടുന്ന വിജയികൾക്ക് ഫൊക്കാന കേരളാ കൺവെൻഷനിൽ വെച്ച് സമ്മാനങ്ങൾ നൽകുന്നതാണ് .

സൈക്കോളജിക്കൽ ഹെൽപ് : ലഹരിക്ക് അടിമകളായ കുട്ടികൾക്ക് അതിൽ നിന്നും മുക്തി നേടുവാൻ ആയി സൈക്കോളജിക്കൽ ഹെൽപ് ഫൊക്കാന ഹെൽത്ത് ക്ലിനിക് വഴി നൽകുവാനും പ്ലാൻ ചെയ്യുന്നു.

വ്യക്തികളിൽ അസാധാരണവും സാമൂഹിക വിരുദ്ധവുമായ പെരുമാറ്റമോ, മനോഭാവമാണ് ലഹരി ഉണ്ടാക്കുന്നു. ഇന്ന് കേരളത്തിൽ നാം കാണുന്നതും കേൾക്കുന്നതുമായ ഭ്രാന്തു പിടിച്ച മിക്ക പ്രവർത്തികൾക്കും കാരണം ലഹരിയുടെ ഉപയോഗമാണ് . നമുക്ക് വിശ്വസിക്കാൻ പറ്റാത്ത കാര്യങ്ങൾ ആണ് ലഹരിയുടെ അടിമകൾ ചെയ്തു കുട്ടന്നത് . അതിന് സൈക്കോളജിക്കൽ ട്രീറ്റ്മെൻറ് തന്നെ ആവിശ്യമാണ്.

വ്യത്യസ്ത രൂപങ്ങളിലും ഭാവങ്ങളിലും ആഗോള സമൂഹത്തിലും പ്രേത്യേകിച്ചു കേരളത്തിലും ലഹരി സൃഷ്ടിക്കുന്ന അപകടങ്ങൾ നാം ഇന്ന് വളരെ അധികം കേൾക്കുകയു പലപ്പോഴും കാണുകയും ചെയ്യുന്നു. ലഹരിമരുന്നുകളുടെ കെണിയിൽ പലപ്പോഴും അകപ്പെടുന്നതു കുട്ടികളാണ്. ജീവിതം തന്നെ വഴിതെറ്റിക്കുന്ന ഈ വസ്തുക്കളെക്കുറിച്ചു വേണ്ടത്ര അറിവില്ലെന്നതാണു ഇതിന് കാരണം . ഉണ്ടായിരുന്നെങ്കിൽ പലരും ആരംഭിക്കുന്ന ഈ ദുഃശീലം തുടങ്ങുകയില്ലായിരുന്നു , കാട്ടുതീയേക്കാൾ വേഗത്തിൽ വളർന്നു സമൂഹത്തെ കീഴ്പ്പെടുത്തുകയാണ് ഇന്ന് ലഹരി. ഒരിക്കലും ഒരിക്കലും തിരിച്ചു കയറാൻ പറ്റാത്ത, ഒരു കയത്തിലേക്കാണ് ലഹരിയുടെ ഉപയോക്താക്കൾ പതിക്കുന്നത്.

സ്കൂൾ കുട്ടികൾ വരെ കൊലപാതികൾ ആവുന്നു , കുട്ടികൾ സ്വന്തം അമ്മമാരെ കൊല്ലുന്നു, സമൂഹത്തിൽ ഇന്നു വരെ നടന്നിട്ടില്ല , കേട്ടുകേൾവി പോലും ഇല്ലാത്ത കാര്യങ്ങൾ കേരള സമൂഹത്തിൽ നടക്കുന്നത് ലഹരിയുടെ ഉപയോഗം കൊണ്ടാണ് . പല സംഭവങ്ങളും നമ്മെ അതിശയിപ്പിക്കുന്നു. ലഹരി എന്ന സാമൂഹ്യ വിപത്തിനെതിരെ നമുക്ക് ഒന്നിക്കാം.

ജനപ്രതിനിധികൾ, രാഷ്ട്രീയ സാമുദായിക, മത, സാംസ്കാരിക, സിനിമ രംഗങ്ങളിലെ പ്രതിനിധികൾ ഈ ശൃംഖലയിൽ അണിനിരക്കും. വിദ്യാലയങ്ങൾക്കും മാത്രമല്ല സമൂഹത്തിലെ മറ്റു യുവജനങ്ങൾക്കും ഇതിന്റെ പ്രയോജനം കിട്ടത്തക്ക വിധത്തിൽ ആയിരിക്കും ഫൊക്കാനയുടെ പ്രചരണ പരിപാടികൾ. ഉന്നത വിദ്യഭ്യാസ വകുപ്പ് മന്ത്രി ആർ . ബിന്ദു ഫൊക്കാനയുടെ ലഹരിവിരുദ്ധ പ്രവർത്തനങ്ങളെ അനുമോദിച്ചു , ഫൊക്കാനയുമായി ചേർന്ന് ഈ പദ്ധതിയെ വിജയിപ്പിക്കാൻ കഴിയും എന്ന് പ്രത്യാശയും പ്രകടിപ്പിച്ചു.


ATTORNEY AT LAW
VINOD KEARKE



- Accident Cases
- Criminal matters
- Real Estate
- Matrimonial
- Landlord/Tenant
- Immigration
- Wills and Estates

1611 Hillside Ave, New Hyde Park, NY 11040
Phone: 516 326 3350; 516 621 5381
Fax: 516 326 3353, Cell: 616 633 5208

# ചിക്കാഗോയിൽ മുസ്ലീങ്ങൾ ഈദ് ആഘോഷത്തിന് ഒത്തുചേർന്നു





ഇല്ലിനോയി : 2025 മാർച്ച് 30 ഞായറാഴ്ച ഇല്ലിനോയിയിലെ സ്കോക്കിയിലുള്ള നോർത്ത് ഷോർ ഹോളിഡേ ഇന്നിൽ മുസ്ലീങ്ങൾ ഈദ്-ഉൽ-ഫിത്തർ ആഘോഷിക്കാൻ ഒത്തുചേർന്നു. കാലാവസ്ഥ മോശമായിരുന്നെങ്കിലും അതൊന്നും ആഹ്ലാദത്തിന്റെ മാറ്റുകുറച്ചില്ല. ബിസിനസുകാർ, വ്യവസായികൾ, രാഷ്ട്രീയക്കാർ, ഡോക്ടർമാർ എന്നിങ്ങനെ നാനാവിഭാഗത്തിലുള്ളവരുടെ കുടുംബങ്ങൾ ആഘോഷത്തിൽ പങ്കെടുത്തു. കൊച്ചുകുട്ടികൾ മുതൽ പ്രായമായവർ വരെ ഒരുമയുടെ ആഘോഷം സ്വപ്നതുല്യമാക്കി.



സ്ത്രീകളും പെൺകുട്ടികളും വർണ്ണാഭമായ പരമ്പരാഗത വസ്ത്രങ്ങൾ ധരിച്ച്, കൈകളിൽ മൈലാഞ്ചിമൊഞ്ചോടെ അണിനിരന്നു. കൈകളിൽ അലങ്കരിച്ചു, ഉത്സവാന്തരീക്ഷം വർദ്ധിപ്പിച്ചു. ഉസ്താദ് ഒമർ ലത്തീഫ് (രാവിലെ 9:00), ഇമാം മാലിക് മുജാഹിദ് (രാവിലെ 10:00), മുഫ്തി സൽമാൻ പട്ടേൽ (രാവിലെ 10:45) എന്നിവരുടെ നേതൃത്വത്തിൽ നടന്ന പ്രാർത്ഥനകൾ വികാരഭരിതമായിരുന്നു. ആഘോഷത്തിന്റെ ഊർജ്ജവും ഉത്സാഹവും ഊഷ്മളതയും അതിൽ പ്രതിഫലിപ്പിച്ചു. ഇത് ഈദ് ഒത്തുചേരലിനെ അവിസ്മരണീയവും ഹൃദയസ്പർശിയുമാക്കി മാറ്റി.

കമ്മ്യൂണിറ്റി നേതാവും എഫ്ഐഎ മുൻ പ്രസിഡന്റുമായ ഇഫ്തിഖർ ഷെരീഫ്, ദാനധർമ്മത്തിന്റെ പ്രാധാന്യവും റമദാനിന്റെ പ്രാധാന്യവും ഊന്നിപ്പറഞ്ഞു.ഒരുവന്റെ സമ്പാദ്യത്തിലെ 2.5% സക്കാത്ത് എന്ന പേരിൽ ദാനം




ചെയ്യുന്നത് ഇസ്ലാമിന്റെ അടിസ്ഥാന സ്തംഭമാണെന്നും ദൈനംദിന പ്രാർത്ഥനകൾ, ഉപവാസം, ഹജ്ജ് എന്നിവ പോലെ തന്നെ അത്യാവശ്യമാണെന്നും അദ്ദേഹം എടുത്തുപറഞ്ഞു. അമേരിക്കൻ സർക്കാരിനോടും നേതൃത്വത്തോടും അഗാധമായ നന്ദി പ്രകടിപ്പിക്കാനും ഷെരീഫ് ഈ അവസരം ഉപയോഗിച്ചു. രാജ്യം നൽകുന്ന അവസരങ്ങളെയും സമാധാനത്തെയും സമൃദ്ധിയെയും കുറിച്ചദ്ദേഹം വാചാലനായി. ലോകത്തിലെ ഏറ്റവും വലിയ രാജ്യങ്ങളിലൊന്നിൽ(അമേരിക്ക) ജീവിക്കാൻ ഭാഗ്യമുണ്ടായി എന്നാണ് അദ്ദേഹം പരാമർശിച്ചത്. നീതി, ഐക്യം, സൗഹാർദ്ദം എന്നിവ ഉയർത്തിപ്പിടിക്കേണ്ടത് ഓരോരുത്തരുടെയും ഉത്തരവാദിത്തമാണെന്നും ഷെരീഫ് ഓർമ്മപ്പെടുത്തി. ഇന്ത്യ, പാകിസ്ഥാൻ എന്നിവിടങ്ങളിൽ നിന്നുള്ള മാധ്യമ പ്രവർത്തകർക്ക് പരിപാടി റിപ്പോർട്ട് ചെയ്തതിനും അതിന്റെ പ്രാധാന്യം കൂടുതൽ പേരുമായി പങ്കുവെച്ചതിനും അദ്ദേഹം നന്ദി പറഞ്ഞു. "ഇന്തോ-അമേരിക്കൻ സൗഹൃദം നീണാൾ വാഴട്ടെ, ജയ് ഹിന്ദ്!" എന്ന് പറഞ്ഞുകൊണ്ട് ശക്തമായ ഇന്തോ-അമേരിക്കൻ ബന്ധങ്ങൾക്കായി ഷെരീഫ് പ്രത്യാശ പ്രകടിപ്പിച്ചു.



കുടുംബം, ആരോഗ്യം, വിശ്വാസം എന്നിങ്ങനെ അല്ലാഹുവിന്റെ അനുഗ്രഹങ്ങളിൽ നന്ദിയുള്ളവരായിരിക്കാൻ ഇമാം മാലിക് മുജാഹിദ് തന്റെ പ്രഭാഷണത്തിലൂടെ വിശ്വാസികളെ ഓർമ്മിപ്പിച്ചു. റമദാൻ വ്രതം മാത്രമല്ല, ആത്മീയ നവീകരണവും അച്ചടക്കവും ആത്മനിയന്ത്രണവും പകരുന്നു എന്നും അദ്ദേഹം ഊന്നിപ്പറഞ്ഞു. ഖുർആനിലെ ഒരു വാക്യം എങ്കിലും ദിവസവും വായിച്ച് മനസ്സിലാക്കാൻ അദ്ദേഹം യുവാക്കളെ പ്രോത്സാഹിപ്പിച്ചു.പലസ്തീൻ, മധ്യ ആഫ്രിക്ക, ഇന്ത്യ എന്നിവിടങ്ങളിലെ മുസ്ലീങ്ങളുടെ പോരാട്ടങ്ങളിലേക്കും അദ്ദേഹം ഏവരുടെയും ശ്രദ്ധ ക്ഷണിച്ചു, നീതിക്കുവേണ്ടി നിലകൊള്ളാനും ഉത്തരവാദിത്തം ഏറ്റെടുക്കാനും സമൂഹത്തെ പ്രേരിപ്പിച്ചു. സർവ്വശക്തൻ എല്ലാ അടിച്ചമർത്തലുകളും കാണുന്നുണ്ടെന്നും , മാറ്റത്തിനും സമൂഹത്തിന്റെ ഉന്നമനത്തിനും വേണ്ടി പ്രവർത്തിക്കേണ്ടത് നമ്മുടെ കടമയാണെന്ന് അദ്ദേഹം എല്ലാവരെയും ഓർമ്മിപ്പിച്ചു.

അമേരിക്ക പോലെ വൈവിധ്യമാർന്ന സമൂഹത്തിൽ ഈദ് വെറുമൊരു ഉത്സവമല്ല, ഐക്യത്തിന്റെ പ്രതീകമാണ് എന്നും അദ്ദേഹം പറഞ്ഞു. ഈ വാർഷിക ഒത്തുചേരലിനും ഈദ് പ്രാർത്ഥനകൾക്കുമായി ഹോളിഡേ ഇൻ ഹോട്ടലിന്റെ ഇടം നൽകിയ ആസാദ് ലഖാനിയുടെ വിശാലമനസ്സിനും അദ്ദേഹം നന്ദി അറിയിച്ചു. ആഘോഷം സുഗമമായി നടത്താൻ വോളന്റിയർമാർ വഹിച്ച പങ്ക് അഭിനന്ദിക്കുകയും ചെയ്തു.


LAWSON
travel
END OF
SUMMER
SALE
FLEXIBLE FARES AVAILABLE
CALL
(214) 631 2458
www.LawsonTravel.com
1140 Empire Central DR.Suite 620, Dallas, Texas 75247, USA
T 214 631 2458 | F 214 631 2464 | Email : info@lawsontravel.com
Lawson Travels stays current on all Covid-19 destination updates & Travel Policies

# 'ആവേശത്തിമിർപ്പിൽ മാഗിന്റെ ഒന്നാമത് പഞ്ചഗുസ്തി മത്സരം പ്രദീപ് കെ ഡേവിസ് ചാമ്പ്യൻ ഓഫ് ചാമ്പ്യൻസ്' മാഗ് ടീം




ആവേശത്തിര ഉയർത്തി മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹ്യൂസ്റ്റൺ ഒന്നാമത് പഞ്ചഗുസ്തി മത്സരം 'മാഗ്' ആസ്ഥാനമായ സ്റ്റാഫോർഡ് കേരള ഹൗസിൽ മാർച്ച് 29 ശനിയാഴ്ച അരങ്ങേറി. 45 ഓളം വരുന്ന കായികതാരങ്ങൾ നേർക്കുനേർ മാറ്റുരച്ചു. വീറും വാശിയും ഏറിയ മത്സരം ആസ്വദിക്കാൻ ഹ്യൂസ്റ്റണിലും പരിസരപ്രദേശങ്ങളിലും ഉള്ള നൂറുകണക്കിന് ആളുകളാണ് കേരള ഹൗസിലേക്ക് ഒഴുകിയെത്തിയത്.

രാവിലെ 9ന് രജിസ്ട്രേഷൻ ആരംഭിച്ചു. 9. 30ന് പ്രസിഡന്റ് ജോസ് കെ ജോണിന്റെ അധ്യക്ഷതയിൽ ബഹുമാനപ്പെട്ട കൗണ്ടി ക്യാപ്റ്റൻ മനോജ് കുമാർ പൂപ്പാറ മത്സരം ഔപചാരികമായ ഉദ്ഘാടനം ചെയ്തു.

സ്ത്രീകളുടെ മത്സരമായിരുന്നു ആദ്യമായി അരങ്ങേറിയത്. കൗതുകവും ആവേശവും ഉയർത്തിയ മത്സരത്തിൽ രഞ്ജു സതീഷ് ഒന്നാം സ്ഥാനവും ഡീന രാജേഷ് രണ്ടാം സ്ഥാനം കരസ്ഥമാക്കി.

ഹൈസ്കൂൾ വിഭാഗത്തിൽ റയാൻ വിൽസണേ രണ്ടാം സ്ഥാനത്തേക്ക് പിന്തള്ളി ഡെയിൻ ജോസഫ് ഒന്നാം സ്ഥാനം നേടി.

175 പൗണ്ടിന് മുകളിൽ ഭാരമുള്ളവരുടെ അവസാന മത്സരം പൊടി പാറി. പ്രദീപും ജിമ്മിയും ഏറ്റുമുട്ടിയപ്പോൾ കാണികൾ അക്ഷരാർത്ഥത്തിൽ ആർത്തിരമ്പി. ജിമ്മിയെ ഒരു ഉജ്ജ്വല മത്സരത്തിൽ രണ്ടാം സ്ഥാനത്തേക്ക് പിൻതള്ളി പ്രദീപ് കെ ഡേവിസ് ഒന്നാം സ്ഥാനം സ്വന്തം പേരിൽ കുറിച്ചു.

മത്സരങ്ങൾ നാലുമണിവരെ നീണ്ടുനിന്നു. ചാമ്പ്യൻ ഓഫ് ചാമ്പ്യൻസ് പട്ടത്തിനായി പ്രദീപും ജിമ്മിയും അനൂപും റോഷനും ഏറ്റുമുട്ടി. മത്സരാവേശത്തിൽ കേരള ഹൗസ് പ്രകമ്പനം കൊണ്ടു. നീണ്ട മത്സരങ്ങൾക്കൊടുവിൽ പ്രദീപ് കെ ഡേവിസ് ചാമ്പ്യൻ ഓഫ് ചാമ്പ്യൻസ് കപ്പുയർത്തി.

തന്നെ ചലഞ്ച് ചെയ്ത് മുന്നോട്ട് വന്ന എമിൽ സ്റ്റീഫനെയും ചാമ്പ്യൻ പ്രദീപ് പരാജയപ്പെടുത്തി.

തുടർന്ന് നടന്ന ചടങ്ങിൽ വിജയികൾ പ്രസിഡന്റ് ജോസ് കെ ജോൺ, ട്രഷറർ സുജിത്ത് ചാക്കോ, വൈസ് പ്രസിഡന്റ് മാത്യുസ് ചാണ്ടപ്പിള്ള, സ്പോർട്സ് കോഡിനേറ്റർ മിഖായേൽ ജോയ്, പി ആർ ഒ ജോൺ ഡബ്ല്യൂ വർഗീസ് പ്രോഗ്രാം കോർഡിനേറ്റർ രേഷ്മ വിനോദ് തുടങ്ങിയവരിൽ നിന്ന് ട്രോഫികൾ ഏറ്റുവാങ്ങി.

ടിജു ചാക്കോയും ടോണിയും പരാതികൾ കൂടാതെ കളികൾ നിയന്ത്രിച്ചു.

ബോർഡ് ഓഫ് ഡയറക്ടറേറ്റ് അംഗങ്ങളായ ക്രിസ്റ്റഫർ ജോർജ്, സുനിൽ തങ്കപ്പൻ, ജോസഫ് കൂനാതൻ, പ്രഭിത്മോൻ വെള്ളിയാൻ, ബിജോയ് തോമസ്, അലക്സ് മാത്യു, റീനു വർഗീസ്, വിഗ്നേഷ് ശിവൻ തുടങ്ങി മത്സരത്തിന്റെ വിജയത്തിനായി 15 അംഗ കമ്മിറ്റി പ്രവർത്തിച്ചു. ബോർഡ് ഓഫ്

ട്രസ്റ്റീസ് അംഗങ്ങളായ ജിമ്മി കുന്നശ്ശേരി, അനിൽ ആറന്മുള, ജോജി ജോസഫ്, എസ് കെ ചെറിയാൻ എന്നിവരും സന്നിഹിതരായിരുന്നു.

സ്പോർട്സ് കോഡിനേറ്റർ മിഖായേൽ ജോയ് (മിക്കി) മത്സരത്തിന്റെ മുഖ്യ സംഘാടകനാ യി പ്രവർത്തിച്ചു. അദ്ദേഹത്തിന്റെ സംഘടനാപാടവവും തീപാറും കമന്ററിയും എടുത്തുപറയേണ്ട മികവാണ്. സുജിത് ചാക്കോ നന്ദി രേഖപ്പെടുത്തി.

ക്രിക്കറ്റ്, സോക്കർ, വോളിബോൾ, ബാസ്ക്കറ്റ്ബോൾ തുടങ്ങീ പത്തോളം കായിക മത്സരങ്ങൾ ഈ വർഷം സംഘടിപ്പിക്കുമെന്ന് സ്പോർട്സ് കോഡിനേറ്റർ മിഖായേൽ ജോയിയും സെക്രട്ടറി രാജേഷ് വർഗീസും അറിയിച്ചു.

അപ്ന ബസാർ, ആർ വി എസ് ഇൻഷുറൻസ്, മാത്യൂസ് ചാണ്ടപിള്ള ടി ഡബ്ലിയു എഫ് ജി, അമൽ അലക്സാണ്ടർ Prompt Realty, എന്നിവർ പ്രായോജകർ ആയിരുന്നു.

ദക്ഷിൺ, ആഷാ, beats എഫ് എം റേഡിയോ എന്നിവ ലൈവായി മത്സരം കാണിച്ചു. ചാനൽ 24 എന്ന വാർത്താ ചാനലിനോടും നന്ദി രേഖപ്പെടുത്തുന്നു. മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹ്യൂസ്റ്റൺ ഫേസ്ബുക്, യൂട്യൂബ് മാധ്യമങ്ങളിലൂടെയും ആയിരങ്ങൾ തത്സമയം മത്സരം വീക്ഷിച്ചു.










# ആവേശമായി മാർ മാക്കീൽ ബാസ്ക്കറ്റ്ബോൾ ടൂർണമെന്റ്



താമ്പാ (ഫ്ളോറിഡ): സേക്രഡ് ഹാർട്ട് ക്നാനായാ കത്തോലിക്കാ ഫൊറോന പള്ളിയിൽ നടന്ന പതിനൊന്നാമത് മാർ മാക്കീൽ ബാസ്ക്കറ്റ്ബോൾ ടൂർണമെന് ആവേശമായി മാറി. ശനിയാഴ്ച്ച രാവിലെ ഒൻപതു മണി മുതൽ ആരംഭിച്ച മത്സരങ്ങൾ രാത്രി പത്തുമണിയോടെയാണ് സമാപിച്ചത്. ഫ്ലോറിഡ സംസ്ഥാനത്തെ വിവിധ മലയാളി ക്രൈസ്തവ ദേവാലയങ്ങളിൽ നിന്നായി മിഡിൽ സ്കൂൾ, ഹൈസ്കൂൾ, കോളേജ് വിഭാഗങ്ങളിലായി 15 ടീമുകൾ മത്സരത്തിൽ പങ്കെടുത്തു.

അത്യന്ത്യം വാശിയേറിയ മത്സരത്തിൽ മിഡിൽ സ്കൂൾ വിഭാഗത്തിൽ താമ്പാ സേക്രഡ് ഹാർട്ട് ക്നാനായാ കത്തോലിക്കാ ഫൊറോന പള്ളി ചാമ്പ്യാമാരാകുകയും ഹോളിവുഡ് സിയോൺ അസംബ്ലി ഓഫ് ഗോഡ് ചർച്ച് റണ്ണേഴ്സ് അപ്പ് ആവുകയും ചെയ്തു . ഹൈസ്കൂൾ വിഭാഗത്തിൽ താമ്പാ സേക്രഡ് ഹാർട്ട് ക്നാനായാ കത്തോലിക്കാ ഫൊറോന പള്ളിയുടെ എ ടീം ഒന്നാം സ്ഥാനവും ബി ടീം രണ്ടാം സ്ഥാനവും നേടി. കോളേജ് വിഭാഗത്തിൽ കോറൽ സ്പ്രിങ്സ് ഔർ ലേഡി ഓഫ് ഹെൽത്ത് സീറോ മലബാർ പള്ളി ഒന്നാം സ്ഥാനവും സെഫ്നിർ സെന്റ് ജോസഫ് സീറോ മലബാർ പള്ളി രണ്ടാം സ്ഥാനവും നേടി.

താമ്പാ സേക്രഡ് ഹാർട്ട് ക്നാനായാ കത്തോലിക്കാ ഫൊറോന പള്ളി വികാരി ഫാ. ജോസ് ആദോപ്പിളിൽ, അസിസ്റ്റന്റ് വികാരി ഫാ. ജോബി പൂച്ചുകണ്ടത്തിൽ എന്നിവർ വിജയികൾക്ക് ട്രോഫികളും ക്യാഷ് അവാർഡുകളും സമ്മാനിച്ചു. ജസ്റ്റിൻ മറ്റത്തിൽപറമ്പിൽ, ജെഫ്രി ചെറുതാന്നിയിൽ, ഡസ്റ്റിൻ മുടീകുന്നേൽ, എബിൻ തടത്തിൽ, ഷോൺ മാക്കീൽ, സൈമൺ പൂഴിക്കുന്നേൽ, ജോസ്ലിൻ പുതുശ്ശേരിൽ, ജെറിൻ പഴേമ്പള്ളിൽ, സാബിൻ പൂവത്തിങ്കൽ, ആൽബി തെക്കേക്കുറ്റ്, ജോയ്സൺ പഴേമ്പള്ളിൽ, രാജീവ് കൂട്ടുങ്കൽ, ബേബി മാക്കീൽ, ജോസ്മോൻ തത്തംകുളം, റെനി പച്ചിലമാക്കിൽ, കിഷോർ വട്ടപ്പറമ്പിൽ, ജിമ്മി കളപ്പുരയിൽ എന്നിവരുടെ നേതൃത്വത്തിലുള്ള വിവിധ കമ്മിറ്റികൾ പരിപാടികൾ ക്രമീകരിച്ചു. ഇടവകയിലെ മെൻസ് മിനിസ്ട്രിയുടെയും വിമൻസ് മിനിസ്ട്രിയുടെയും വൈവിധ്യമാർന്ന ഭക്ഷണശാലയും ഒരുക്കിയിരുന്നു.

കോട്ടയം ക്നാനായ കത്തോലിക്കാ അതിരൂപതയുടെ പ്രഥമ മെത്രാനും പിന്നീട് കത്തോലിക്കാ സഭയിൽ ദൈവദാസനുമായി ഉയർത്തപ്പെട്ട ബിഷപ്പ് മാർ മാത്യു മാക്കീലിന്റെ സ്മരണാർത്ഥമാണ് കഴിഞ്ഞ പതിനൊന്നു വർഷമായി ഈ ടൂർണമെന്റ് സംഘടിപ്പിക്കുന്നത്.








ZION AG
24




ampa

# പൃഥ്വിരാജിന്റെ സിനിമകളിലെ പൈശാചിക സ്വാധീനം

**പറുദീസാ എന്ന യുട്യൂബ് ചാനൽ ആധാരമാക്കി എഴുതിയത്**

**അജു വാരിക്കാട്**

സിനിമ എന്നത് കേവലം ഒരു വിനോദമാധ്യമം മാത്രമല്ല; അത് മനുഷ്യമനസ്സിനെ ആഴത്തിൽ സ്വാധീനിക്കാൻ കഴിവുള്ള ഒരു ശക്തമായ ഉപകരണമാണ്. പൃഥ്വിരാജ് സുകുമാരൻ എന്ന നടന്റെ സിനിമകളിൽ അടുത്ത കാലത്തായി കാണപ്പെടുന്ന ചില പ്രത്യേകതകൾ ഈ വസ്തുതയെ കൂടുതൽ വ്യക്തമാക്കുന്നു. അദ്ദേഹത്തിന്റെ സിനിമകളിൽ പലതിലും പൈശാചിക സ്വാധീനം എന്ന് വിശേഷിപ്പിക്കാവുന്ന ഘടകങ്ങൾ ശക്തമായി പ്രതിഫലിക്കുന്നുണ്ട്. ബൈബിൾ, ക്രിസ്തു, ബൈബിൾ വചനങ്ങൾ എന്നിവയെ മറയാക്കി ഇരുട്ടിന്റെ ശക്തികൾക്ക് കളമൊരുക്കുന്ന ഒരു പ്രവണത ഇന്നത്തെ സിനിമകളിൽ വർധിച്ചു വരുന്നതായി നിരീക്ഷിക്കപ്പെടുന്നു. ഇത് ആരെങ്കിലും ശ്രദ്ധിച്ചിട്ടുണ്ടോ എന്ന് ചോദിച്ചാൽ, ഒരുപക്ഷേ പലർക്കും ഇത് വെറും സിനിമയായി തോന്നിയേക്കാം. എന്നാൽ, ഒരു ദൃശ്യത്തിന്റെ ആഴവും മനസ്സിൽ പതിയുന്ന ശക്തിയും മനസ്സിലാക്കുന്നവർക്ക് ഇതിന്റെ പ്രാധാന്യം വ്യക്തമാണ്.

'പാഷൻ ഓഫ് ദി ക്രൈസ്റ്റ്' എന്ന സിനിമ ഒരു ഉത്തമ ഉദാഹരണമാണ്. ഈ ചിത്രം കണ്ട് തിയേറ്ററിൽ നിന്ന് കരഞ്ഞ് മാനസാന്തരപ്പെട്ടവരുടെ എണ്ണം ലോകത്ത് അനേകമാണ്. ഒരു ദൃശ്യത്തിന് മനുഷ്യമനസ്സിനെ ഇത്രമാത്രം സ്വാധീനിക്കാൻ കഴിയുമെങ്കിൽ, 'ലൂസിഫർ' പോലുള്ള സിനിമകൾ ഇരുട്ടിന്റെ ശക്തികൾക്ക് പ്രാധാന്യം നൽകി ലോകത്ത് കൂടുതൽ പ്രചരിച്ചാൽ എന്തായിരിക്കും ഫലം? പൃഥ്വിരാജിന്റെ സിനിമകളിൽ ഇത്തരം ഘടകങ്ങൾ ഒന്നോ രണ്ടോ ചിത്രങ്ങളിൽ മാത്രമല്ല, പലതിലും ആവർത്തിക്കപ്പെടുന്നുണ്ട് എന്നതാണ് ശ്രദ്ധേയം. എന്തുകൊണ്ടാണ് അദ്ദേഹം ഇതിന് ഇത്രയധികം പ്രാധാന്യം നൽകുന്നത് എന്ന ചോദ്യം ഉയർന്നു വരുന്നു.

പൃഥ്വിരാജ് ഒരു ഇലുമിനാറ്റി ആണോ, സാത്താനിസ്റ്റ് ആണോ എന്ന് ചോദിച്ചാൽ, ഒരു വ്യക്തി എന്ന നിലയിൽ അദ്ദേഹത്തെ എനിക്ക് വലിയ ഇഷ്ടമാണ്. അദ്ദേഹത്തിന്റെ അഭിമുഖങ്ങൾ ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്; അവയിലെ ആശയങ്ങളും ഉത്തരങ്ങളും എന്നെ ആകർഷിച്ചിട്ടുമുണ്ട്. ഒറ്റവാക്കിൽ പറയുകയാണെങ്കിൽ, പൃഥ്വിരാജ് നമ്മൾ ഉദ്ദേശിക്കുന്ന ആളല്ല; അദ്ദേഹം നിങ്ങൾക്ക് ഉദ്ദേശിക്കുന്നതിലും വലിയ ആരോ ആണ്. എന്നാൽ, ''സിനിമയെ സിനിമയായി കണ്ടാൽ പോരെ?'' എന്ന് ചിലർ ചോദിച്ചേക്കാം. പക്ഷേ, ജ്ഞാനമുള്ളവർക്ക് ഇതിന്റെ ആഴം മനസ്സിലാകും. പിശാചിന് ബുദ്ധിയിൽ അന്ധകാരം നിറയ്ക്കാൻ കഴിയുമെങ്കിലും, ഒരു ജ്ഞാനിയെ പിടികൂടുക അത്ര എളുപ്പമല്ല.

സിനിമയെ വെറും വിനോദമായി മാത്രം ആളുകൾ കാണുന്നില്ല എന്നതിന് തെളിവാണ് സമകാലിക സംഭവങ്ങൾ. 'മാർക്കോ' എന്ന സിനിമ ഇറങ്ങിയതിന് ശേഷം കേരളത്തിൽ രക്തദാഹം വർധിച്ചതും, 'ദൃശ്യം' എന്ന സിനിമയുടെ പ്രചോദനത്തിൽ 'ദൃശ്യം മോഡൽ' കൊലപാതകങ്ങൾ നടന്നതും ഇതിന് ഉദാഹരണങ്ങളാണ്. അതുകൊണ്ട്, ഇത് വെറും സിനിമകൾ മാത്രമല്ല; ഇതിനപ്പുറം എന്തോ ഒന്നുണ്ട്. കേരളവും മലയാളികളും പിശാചിന്റെ കുരുതിക്കളമാകുന്നതിന്റെ ലക്ഷണങ്ങൾ ആണോ ഇതെല്ലാം? പൃഥ്വിരാജിന്റെ സിനിമകളിലും മറ്റു ചില മലയാള ചിത്രങ്ങളിലും പിശാചിന്റെ കൂട്ടുവേലക്കാർ ഒളിപ്പിച്ചു വെച്ചിട്ടുള്ള രഹസ്യങ്ങൾ കണ്ടെത്താനുള്ള ഒരു ശ്രമമാണ് ഈ ലേഖനം.

ഈ വിഷയത്തിൽ അവർ ഒളിപ്പിച്ച ചില രഹസ്യങ്ങൾ മനസ്സിലാക്കാൻ നിന്നെയും ക്ഷണിക്കുന്നു. ഈ ലേഖനം പൂർണമായി വായിച്ച ശേഷം, മാന്യമായ ഭാഷയിൽ നിങ്ങൾക്ക് അഭിപ്രായങ്ങൾ രേഖപ്പെടുത്താം.

കഴിഞ്ഞ കുറച്ച് വർഷങ്ങളായി പൃഥ്വിരാജ് സുകുമാരൻ എന്ന നടന്റെ സിനിമകളിൽ ചില നിഗൂഢമായ ഘടകങ്ങൾ മറഞ്ഞിരിക്കുന്നതായി നിരീക്ഷിക്കപ്പെടുന്നുണ്ട്. ഈ സിനിമകളിൽ പലതിലും ഒരു പൈശാചിക മയം പ്രകടമാണ്. ഇതിന് പിന്നിൽ പൃഥ്വിരാജ് തന്നെയാണോ, അതോ മറ്റേതെങ്കിലും രഹസ്യ സംഘടനയുടെ പ്രവർത്തനമാണോ എന്ന ചോദ്യം ഉയർന്നു വരുന്നു. ഈ വിഷയത്തിലൂടെ ഒരു യാത്ര നടത്തി നോക്കുന്നത് തന്നെ ഒരു ഭയാനകമായ ഗൂഢാലോചനയുടെ സാധ്യതകളിലേക്ക് വെളിച്ചം വീശുന്നു.

'എമ്പുരാൻ' എന്ന സിനിമ റിലീസിന് ഒരു ദിവസം മുമ്പ് പൃഥ്വിരാജ് സോഷ്യൽ മീഡിയയിൽ പങ്കുവെച്ച ഒരു പോസ്റ്റ് ഈ സംശയങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുന്നു. ആ പോസ്റ്റിൽ അവതരിപ്പിച്ചിരിക്കുന്നത് ബൈബിളിലെ ഏറ്റവും മനോഹരമായ ഒരു വചനമാണ്യോഹന്നാൻ 1:1: ''ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടുകൂടെ ആയിരുന്നു, വചനം ദൈവമായിരുന്നു.'' എന്നാൽ, ഈ വചനത്തെ പൃഥ്വിരാജ് പുനരാഖ്യാനം ചെയ്തത് ഞെട്ടിപ്പിക്കുന്ന രീതിയിലാണ്. ''ആദിയിൽ'' എന്നത് ''അവസാനത്തിൽ'' (In the end) എന്നാക്കി മാറ്റി, ''വചനം'' എന്നതിന് പകരം ''നാമം'' (Name) എന്ന് സ്ഥാപിച്ചു, ''ദൈവം'' എന്നത് പൂർണമായും നീക്കി അവിടെ പിശാചിനെ പ്രതിഷ്ഠിച്ചിരിക്കുന്നു. ഇത് ഒരു ആകസ്മികതയാണോ? ഇല്ല, ഇത് ഒരു നന്നായി ആസൂത്രണം ചെയ്ത പ്രവർത്തനമാണെന്ന് വ്യക്തമാണ്.





ഈ പോസ്റ്റിന്റെ പിന്നിലെ ഉദ്ദേശ്യം എന്തായിരിക്കാം? ഇന്ത്യയിലെ ജനങ്ങളെ മുഴുവൻ പിശാചിന് സ്തുതി പാടിക്കാൻ പ്രേരിപ്പിക്കുക എന്ന ഒരു ഭയാനക ലക്ഷ്യമാണോ ഇതിന് പിന്നിൽ? ''ആദിയിൽ വചനം ഉണ്ടായിരുന്നു'' എന്നതിന് പകരം ''അവസാനത്തിൽ നാമം ഉണ്ടായിരുന്നു'' എന്ന് പറഞ്ഞ്, ദൈവത്തിന്റെ സ്ഥാനത്ത് പിശാചിനെ മഹത്വവൽക്കരിക്കുന്ന ഒരു സന്ദേശമാണ് ഇവിടെ നൽകുന്നത്. അവസാന കാലഘട്ടത്തിൽ ദൈവത്തിന് പകരം പിശാച് ആധിപത്യം സ്ഥാപിക്കുമെന്ന് സൂചിപ്പിക്കുന്ന ഈ ആശയം ആരാണ് മുന്നോട്ടുവെച്ചത്?

''സാത്താൻ ബൈബിൾ'' എന്ന് കേട്ടിട്ടുണ്ടോ? ദൈവത്തെ ആരാധിക്കുന്ന എല്ലാ രീതികളിൽ നിന്നും ദൈവത്തിന്റെ പേര് നീക്കി, അവിടെ ലൂസിഫറിന്റെ പേര് സ്ഥാപിച്ച് പിശാചിന് ആരാധന അർപ്പിക്കുന്ന ഒരു കൂട്ടം ആളുകൾ ലോകത്തുണ്ട്. ഇവരെ ''സാത്താൻ വർഷിപ്പേഴ്സ്,'' ''മാസോണിക് മെമ്പേഴ്സ്,'' അല്ലെങ്കിൽ ''ഇലുമിനാറ്റി'' എന്ന് വിളിക്കാറുണ്ട്. ഇത്തരമൊരു പോസ്റ്റ് പൃഥ്വിരാജ് പങ്കുവെക്കേണ്ട യാതൊരു ആവശ്യവുമില്ലാതിരുന്നിട്ടും അത് ചെയ്തത് എന്തിനാണ്? ഇത് വെറും സിനിമയെ പ്രോത്സാഹിപ്പിക്കാനുള്ള ഒരു തന്ത്രം മാത്രമാണോ, അതോ പൃഥ്വിരാജ് ഒരു പിശാച് ആരാധകനാണോ എന്ന സംശയം ഉയർത്തുന്നു.

ഈ സംഭവം ഒറ്റപ്പെട്ടതല്ല; പൃഥ്വിരാജിന്റെ സിനിമകളിൽ ആവർത്തിക്കുന്ന പൈശാചിക സ്വാധീനം ഒരു വലിയ ഗൂഢാലോചനയുടെ ഭാഗമാണോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. ഇതിന് പിന്നിൽ പ്രവർത്തിക്കുന്നത് ആരാണ്? ഈ ചോദ്യങ്ങൾക്കുള്ള ഉത്തരം കണ്ടെത്തേണ്ടത് നമ്മുടെ ഉത്തരവാദിത്തമാണ്.

പലർക്കും ഓർമ്മ കാണും 2011 ജൂൺ 5, വൈകിട്ട്  പുറത്തുവന്ന ഒരു അഭിമുഖം പൃഥ്വിരാജ് സുകുമാരൻ എന്ന നടന്റെ ജീവിതത്തിൽ വലിയ മാറ്റങ്ങൾക്കാണ്  തിരി കൊളുത്തിയത്. ആ ഒരൊറ്റ അഭിമുഖം അദ്ദേഹത്തിന്റെ കരിയറിന്റെ ചിറകുകൾ മുറിച്ചതുപോലെ തോന്നിച്ചതാണ്. സോഷ്യൽ മീഡിയയിൽ പലരും അദ്ദേഹത്തെ പരിഹസിക്കാൻ തുടങ്ങിയിരുന്നു, അദ്ദേഹത്തിന് പുതിയ സിനിമകൾ ലഭിക്കാതായി, ചെയ്തവ പരാജയപ്പെടുകയും ചെയ്തിരുന്നു. എന്നാൽ, 2011–2012 കാലഘട്ടത്തിന് ശേഷം, അദ്ദേഹത്തിന്റേതായി പല വേറിട്ട  സിനിമകൾ മുന്നോട്ട് വന്നു. 2013 ആയപ്പോഴേക്കും പൃഥ്വിരാജ് എന്ന നടൻ പതിയെ വളർച്ചയുടെ പാതയിലേക്ക് കടന്നു. 2013 മുതൽ, വിശ്വാസവും ബൈബിൾ വചനങ്ങളും മറയാക്കി സ്വീകരിച്ച് അവതരിപ്പിച്ച സിനിമകൾ വൻ വിജയങ്ങളായി. എന്നാൽ, പിന്നീട് വന്ന ചിത്രങ്ങളിൽ പൈശാചികതയുടെ ഒരു നിഴൽ കലർന്നതായി പലരും ശ്രദ്ധിച്ചിട്ടുണ്ട്.

'ഗോസ്റ്റ് റൈഡർ' എന്ന ഹോളിവുഡ് ചിത്രം കേട്ടിട്ടുണ്ടോ? പിശാചുമായി ഉടമ്പടി ചെയ്ത്, സ്വന്തം ആത്മാവിനെ വിറ്റ് നേട്ടങ്ങൾ നേടുന്ന ഒരു നായകന്റെ കഥയാണത്. ആത്മാവ് നൽകിയാൽ പകരം എന്ത് വേണമെന്ന് ചോദിക്കുന്ന പിശാചിന്റെ ഓഫർ ആ കഥയുടെ കാതലാണ്. ഒരു ഘട്ടത്തിൽ തകർന്നുപോയ പൃഥ്വിരാജ് എന്ന നടൻ ഇന്ന് ഇന്ത്യ മുഴുവൻ അറിയപ്പെടുന്ന ഒരു ബ്രാൻഡായി മാറിയിരിക്കുന്നു. ഇതിൽ എന്തെങ്കിലും അസ്വാഭാവികത തോന്നുന്നുണ്ടോ? എനിക്ക് തോന്നുന്നുഇതിൽ എന്തോ ഒരു രഹസ്യം മറഞ്ഞിരിക്കുന്നു. അതിന് കാരണം, പൃഥ്വിരാജിന്റെ സിനിമകളിൽ മാത്രം ആവർത്തിക്കുന്ന ചില പ്രത്യേകതകളാണ്.

അവയിൽ ഏറ്റവും അവസാനത്തേത് 'എമ്പുരാൻ' ആണെങ്കിൽ, ആദ്യത്തേത് ഏതായിരിക്കും? നമുക്ക് അദ്ദേഹത്തിന്റെ ചില സിനിമകൾ പരിശോധിക്കാം. ആദ്യ ചിത്രമായി പറയാവുന്നത് 'സ്റ്റോപ്പ് വയലൻസ്' ആണ്. ഒരു കന്യാസ്ത്രീയെ ബലാത്സംഗം ചെയ്ത് ഗർഭിണിയാക്കുന്ന 'സാത്താൻ' എന്ന കഥാപാത്രമായി പൃഥ്വിരാജ് അഭിനയിച്ച ഈ ചിത്രത്തിൽ ട്രിപ്പിൾ സിക്സ് ലോക്കറ്റ്, ട്രിപ്പിൾ സിക്സ് ബുള്ളറ്റ്, ബ്ലാക്ക് ഡ്രസ് കോഡ് തുടങ്ങിയവ അന്നേ ശ്രദ്ധിക്കപ്പെട്ടിരുന്നു. ഇതിന്റെ മറ്റൊരു പതിപ്പാണ് 'ലൂസിഫർ'. ഇവിടെയും ട്രിപ്പിൾ സിക്സ്, ബ്ലാക്ക് ഡ്രസ് തുടങ്ങിയവ ആവർത്തിക്കുന്നു.

'ലൂസിഫർ' എന്ന പേര് ബൈബിളിൽ ദൈവത്തിന്റെ മനോഹരമായ ഒരു സൃഷ്ടിയായ മാലാഖയെ സൂചിപ്പിക്കുന്നു. ദൈവത്തോട് മത്സരിച്ച് വീണുപോയ ഈ ദൂതൻ'ഫാളൻ ഏഞ്ചൽ'അസാധാരണമായ ഗുണങ്ങളാൽ സമ്പന്നനായിരുന്നു. ദൈവം അവന് എല്ലാ കഴിവുകളും വരങ്ങളും നൽകി അലങ്കരിച്ചിരുന്നു. സ്വർഗത്തിൽ ദൈവത്തിന് കീഴിൽ അവൻ ഏറ്റവും പ്രധാനിയായിരുന്നു. എന്നിട്ടും, ദൂതന്മാർക്കിടയിൽ തനിക്ക് മാത്രം ആരാധന ലഭിക്കുന്നില്ല എന്ന ചിന്ത അവനെ അലട്ടി. ഈ അഹങ്കാരം അവനിൽ മാറ്റങ്ങൾ സൃഷ്ടിച്ചു. ദൂതന്മാർ രണ്ട് വിഭാഗങ്ങളായിഒരു കൂട്ടർ ലൂസിഫറിനൊപ്പം ചേർന്നു, മറ്റൊരു കൂട്ടർ ദൈവത്തെ ആരാധിച്ച് മിഖായേലിന്റെ പക്ഷത്ത് നിന്നു. ഒടുവിൽ, മിഖായേലിന്റെ സൈന്യവുമായുള്ള യുദ്ധത്തിൽ പരാജയപ്പെട്ട ലൂസിഫർ സ്വർഗത്തിൽ നിന്ന് പുറത്താക്കപ്പെട്ടു. അതിനാലാണ് നാം അവനെ 'വീണുപോയ മാലാഖ' എന്ന് വിളിക്കുന്നത്.

നമുക്ക് ചുറ്റും വിവിധ തരം ആളുകളുണ്ട്ദൈവത്തിൽ വിശ്വസിക്കുന്നവർ, നിരീശ്വരവാദികൾ, സാത്താനിൽ വിശ്വസിക്കുന്നവർ. എന്നാൽ, സാത്താനിൽ വിശ്വസിക്കുന്നവരിൽ ഭൂരിഭാഗവും നമ്മിൽ നിന്ന് മറഞ്ഞിരിക്കുന്നു. പൃഥ്വിരാജിന്റെ സിനിമകളിലെ ഈ പൈശാചിക സാന്നിധ്യം അത് 'സ്റ്റോപ്പ് വയലൻസ്' മുതൽ 'ലൂസിഫർ' മുതൽ എമ്പുരാൻ വരെയുള്ള യാത്രഒരു പുനർജനനത്തിന്റെ കഥയാണോ, അതോ മറ്റെന്തെങ്കിലും രഹസ്യത്തിന്റെ സൂചനയാണോ?

ബൈബിളിൽ, പ്രത്യേകിച്ച് കിംഗ് ജെയിംസ് പതിപ്പിൽ, ചെകുത്താന്റെ പേര് 'ലൂസിഫർ' എന്നാണ് പരാമർശിക്കപ്പെടുന്നത്. ദൈവം സ്വർഗത്തിൽ നിന്ന് പുറത്താക്കിയ ഒരു മാലാഖയാണ് ലൂസിഫർ. പലപ്പോഴും 'ട്രിപ്പിൾ സിക്സ്' (666), 'സിക്സ് വൺ സിക്സ്' (616), 'ട്രിപ്പിൾ എയിറ്റ്' (888), 'ട്രിപ്പിൾ എഫ്' തുടങ്ങിയ സംഖ്യകളും അക്ഷരങ്ങളും ലൂസിഫറുമായി ബന്ധപ്പെടുത്തി വായിക്കാറുണ്ട്. ബൈബിളിൽ, ലോകാവസാനത്തിന്റെ അവതാരമായ ആന്റിക്രൈസ്റ്റിന്റെ അടയാളമായാണ് 'ട്രിപ്പിൾ സിക്സ്' പ്രതിപാദിക്കപ്പെട്ടിരിക്കുന്നത്. സ്വർഗത്തിൽ നിന്ന് പുറത്താക്കപ്പെട്ട ലൂസിഫർ ഭൂമിയിലെത്തി, ദൈവത്തിന്റെ സ്വന്തം ചായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യനെ നശിപ്പിക്കാൻ ശ്രമിച്ചു. ഏദൻ തോട്ടത്തിൽ ആദാമിനെയും ഹവ്വയെയും പാപം ചെയ്യാൻ പ്രേരിപ്പിച്ച സർപ്പം അപ്പോഴേക്കും സാത്താനായി മാറിയിരുന്നു.

സാത്താൻ ആരാധന, അഥവാ 'സാത്താൻ സേവ', ആഭിചാരത്തിനും ആഭിചാര കർമങ്ങൾക്കും വലിയ പ്രാധാന്യം നൽകുന്ന ഒരു രീതിയാണ്. വിപരീത ദിശയിലുള്ള കുരിശും പെന്റഗ്രാമും 'ചർച്ച് ഓഫ് സാത്താൻ' എന്ന സംഘടനയുടെ അടയാളങ്ങളായി അറിയപ്പെടുന്നു. ബൈബിളിൽ പറയുന്നതനുസരിച്ച്, ''പിശാച് പോലും പൂർണനായ ദൈവദൂതനായി വേഷം കെട്ടാറുണ്ട്. അതിനാൽ, അവന്റെ ശുശ്രൂഷകർ നീതിയുടെ ശുശ്രൂഷകരായി വേഷം കെട്ടുന്നതിൽ എന്ത് അത്ഭുതം? അവരുടെ പരിണാമം അവരുടെ പ്രവർത്തികൾക്ക് അനുസൃതമായിരിക്കും'' (2 കൊറിന്തോസ് 11:14–15). 'ലൂസിഫർ' എന്ന സിനിമയിൽ സാത്താനെ മഹത്വവൽക്കരിക്കുന്ന ഘടകങ്ങൾ ധാരാളമുണ്ട്. അവയിൽ ചിലത് പരിശോധിക്കാം.

ഒന്നാമത്: എമ്പുരാൻ ഗാനം

'ലൂസിഫർ' സിനിമയിലെ 'എമ്പുരാൻ' എന്ന ഗാനം യൂട്യൂബിൽ 'എൽ ആന്തം' (L Anthem)

എന്നാണ് അറിയപ്പെടുന്നത്. ഇവിടെ 'എൽ' എന്നാൽ 'ലൂസിഫർ', 'ആന്തം' എന്നാൽ 'സ്തുതി കീർത്തനം'. അതായത്, ഈ ഗാനം സാത്താനെ സ്തുതിക്കുന്ന ഒന്നാണ്. മലയാളത്തിലെ വരികൾ നിങ്ങളിൽ എത്ര പേർ ശ്രദ്ധിച്ചിട്ടുണ്ടെന്ന് എനിക്കറിയില്ല. എന്നാൽ, ഇതിന്റെ ഇംഗ്ലീഷ് വരികൾ ശ്രദ്ധിച്ചാൽ, അവയിൽ ഒളിഞ്ഞിരിക്കുന്ന സന്ദേശം വ്യക്തമാകും. ഞാൻ അത് ഇവിടെ വിവരിക്കുന്നില്ല, പക്ഷേ സ്ക്രീൻ ഷോട്ട് വഴി നിങ്ങൾക്ക് അത് കാണാൻ സാധിക്കും. ഈ ബോധപൂർവമായ നീക്കത്തിന് പിന്നിൽ ആര് പ്രവർത്തിക്കുന്നു?

രണ്ടാമത്: ടൈറ്റിൽ ഡിസൈൻ

'ലൂസിഫർ' എന്ന ടൈറ്റിൽ എഴുതിയിരിക്കുന്ന രീതി ശ്രദ്ധേയമാണ്. എന്തുകൊണ്ടാണ് അക്ഷരങ്ങൾ വിപരീത ദിശയിൽ എഴുതിയിരിക്കുന്നത് എന്ന് നിങ്ങൾ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? ഒരു അഭിമുഖത്തിൽ പൃഥ്വിരാജിനോട് ഇത് ചോദിച്ചപ്പോൾ, അദ്ദേഹം പറഞ്ഞ മറുപടി ഇതാണ്: ''നിന്ന് നേരിൽ കാണുന്നത് സത്യമല്ലെന്ന് മനസ്സിലാക്കാൻ വേണ്ടിയാണ് ഇങ്ങനെ എഴുതിയത്.'' അതായത്, ഈ അക്ഷരങ്ങളിൽ എന്തോ ഒളിഞ്ഞിരിക്കുന്നു. ഒറ്റനോട്ടത്തിൽ ഇത് ഒരു സർഗാത്മകതയായി തോന്നാം. എന്നാൽ, 'F' എന്ന അക്ഷരം ശ്രദ്ധിച്ചാൽ, ഹീബ്രു ഭാഷയിൽ ആറാമത്തെ സംഖ്യ (6) എഴുതുന്ന രീതിയുമായി സാമ്യമുണ്ട്.

മൂന്നാമത്: ട്രിപ്പിൾ സിക്സ്

'ലൂസിഫർ' സിനിമയിൽ മോഹൻലാൽ ഉപയോഗിക്കുന്ന കാർ, ബുള്ളറ്റ്, ജീപ്പ് എന്നിവയുടെ നമ്പർ പ്ലേറ്റുകൾ എല്ലാം '666' (ട്രിപ്പിൾ സിക്സ്) ആണ്. ക്രൈസ്തവ വിശ്വാസപ്രകാരം, '666' സാത്താന്റെ അടയാളമാണ്. വെളിപാടിന്റെ പുസ്തകം 13:18-ൽ ഇങ്ങനെ പറയുന്നു: ''ഇവിടെ ജ്ഞാനം ആവശ്യമാണ്. ബുദ്ധിയുള്ളവൻ മൃഗത്തിന്റെ സംഖ്യ കണക്കാക്കട്ടെ. അത് ഒരു മനുഷ്യന്റെ സംഖ്യയാണ്. ആ സംഖ്യ 666 ആണ്.''

ഈ ഘടകങ്ങൾ യാദൃശ്ചികമാണോ, അതോ ഒരു ബോധപൂർവമായ ആസൂത്രണത്തിന്റെ ഭാഗമാണോ? 'ലൂസിഫർ' എന്ന സിനിമയിലെ ഈ നിഗൂഢതകൾ ആരാണ് സൃഷ്ടിക്കുന്നത് എന്ന ചോദ്യം അവശേഷിക്കുന്നു.

നാലാമത്: ബൈബിളിൽ പാമ്പ് പിശാചിന്റെ പ്രതീകമാണോ എന്ന് പരിശോധിക്കുമ്പോൾ, അതിന്റെ പ്രാധാന്യം വ്യക്തമാകും. ഏദൻ തോട്ടത്തിൽ ആദാമിനെയും ഹവ്വയെയും പാപം ചെയ്യാൻ പ്രേരിപ്പിച്ച സർപ്പം സാത്താന്റെ രൂപമായിരുന്നു. സാത്താൻ ആരാധനയിലും പാമ്പിന് വലിയ സ്ഥാനമുണ്ട്; അത് പിശാചിന്റെ പ്രതിനിധാനമായി കണക്കാക്കപ്പെടുന്നു. 'ലൂസിഫർ' സിനിമയുടെ ആദ്യ ഭാഗത്തെക്കുറിച്ച് പൃഥ്വിരാജ് പറയുന്നത്, അതിൽ ഉപയോഗിച്ചിരിക്കുന്ന പാമ്പ് ഒരു ഗ്രാഫിക്സ് ചിത്രീകരണമാണെന്നാണ്. എന്നാൽ, ഈ പാമ്പിനെ അവതരിപ്പിച്ചിരിക്കുന്നത് കഴുത്തൊടിഞ്ഞ് കിടക്കുന്ന ക്രിസ്തുവിന്റെ ക്രൂശിത രൂപത്തിലാണ്. സെക്കൻഡുകൾക്കുള്ളിൽ മിന്നിമാഞ്ഞുപോകുന്ന ഈ ഗ്രാഫിക്സ് ചിത്രീകരണം ശ്രദ്ധിച്ചാൽ, ഒരു ചോദ്യം ഉയരുംഈ വികൃതമായ രൂപത്തിൽ പാമ്പിനെ പ്രതിഷ്ഠിച്ചതിന്റെ യുക്തി എന്താണ്?

ഇത് പൈശാചികതയുടെ ഒരു അങ്ങേയറ്റം പ്രകടനമല്ലേ? സാത്താൻ ആരാധനയിൽ, യേശുവിന്റെ തിരുശരീരവും രക്തവും അപമാനിക്കുന്ന ചടങ്ങുകളുടെ ഭാഗമായി, പിശാചിന്റെ പ്രതീകമായ പാമ്പിനെ പീഠത്തിൽ പ്രതിഷ്ഠിക്കുന്നത് ഒരു പ്രധാന ഘട്ടമാണ്. 'ലൂസിഫർ' സിനിമയിൽ, ഈ ആശയം പരസ്യമായി തന്നെ ചിത്രീകരിച്ചിരിക്കുന്നു. ക്രിസ്തുവിന്റെ ക്രൂശിന്റെ ദൃശ്യത്തിൽ പാമ്പിനെ ഉൾപ്പെടുത്തിയത് യാദൃശ്ചികമല്ല. ഇലുമിനാറ്റി പോലുള്ള രഹസ്യ സംഘടനകൾ ഉപയോഗിക്കുന്ന ചിഹ്നങ്ങളിൽ, പാമ്പ് സ്വന്തം വാല് കടിക്കുന്ന രൂപത്തിൽ (Ouroboros) ചിത്രീകരിക്കപ്പെടാറുണ്ട്. ഇത് അനന്തതയുടെയും പിശാചിന്റെ ശക്തിയുടെയും പ്രതീകമായി കണക്കാക്കപ്പെടുന്നു.

'ലൂസിഫർ' സിനിമയിൽ പാമ്പിന്റെ ഈ ഉപയോഗം ഒരു ലളിതമായ ഗ്രാഫിക്സ് തീരുമാനമല്ല; അതിന് പിന്നിൽ ആഴമേറിയ ഒരു ഉദ്ദേശ്യം ഉണ്ടെന്ന് സൂചിപ്പിക്കുന്നു. ക്രിസ്തുവിന്റെ ക്രൂശിത രൂപത്തെ വികൃതമാക്കി, പാമ്പിനെ അതിൽ സ്ഥാപിച്ച് കാണിക്കുന്നത് സാത്താൻ ആരാധനയുടെ ചടങ്ങുകളുമായി എത്രത്തോളം സാമ്യം പുലർത്തുന്നുവെന്ന് ചിന്തിക്കേണ്ടതുണ്ട്. ഈ ചിത്രീകരണം കേവലം സിനിമാറ്റിക് സ്വാതന്ത്ര്യമാണോ, അതോ ഒരു ബോധപൂർവമായ പൈശാചിക സന്ദേശത്തിന്റെ ഭാഗമാണോ എന്ന് നാം ആലോചിക്കണം.

ബൈബിളിൽ പാമ്പ് പിശാചിന്റെ പ്രതീകമായി വ്യക്തമായി ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. അതുപോലെ, സാത്താൻ ആരാധനയിൽ പാമ്പിന് നൽകുന്ന പ്രാധാന്യവും നിഷേധിക്കാനാവാത്തതാണ്. 'ലൂസിഫർ' സിനിമയിലെ ഈ ദൃശ്യംക്രൂശിതനായ ക്രിസ്തുവിന്റെ രൂപത്തിൽ പാമ്പിനെ സ്ഥാപിച്ചത്ഒരു യാദൃശ്ചികതയല്ലെന്നും, അതിന് പിന്നിൽ ഒരു ലക്ഷ്യമുണ്ടെന്നും വ്യക്തമാണ്. ഇത് പൈശാചികതയുടെ അങ്ങേയറ്റം പ്രകടനമല്ലാതെ മറ്റെന്താണ്?

അഞ്ചാമത്: ഇലുമിനാറ്റി

'ഇലുമിനാറ്റി' എന്നത് യഥാർത്ഥവും സാങ്കൽപികവുമായ നിരവധി പുരാതന നവീകരണ സംഘടനകൾക്ക് നൽകപ്പെട്ട ഒരു പേര് മാത്രമല്ല; അത് ഒരു ചരിത്രവും ഗൂഢാലോചനാ സിദ്ധാന്തവുമാണ്. മതഭ്രാന്തിനെയും അന്ധവിശ്വാസത്തെയും എതിർക്കാൻ യൂറോപ്യൻ രാജ്യങ്ങളിൽ ഉടലെടുത്തതായി കരുതപ്പെടുന്ന ഒരു രഹസ്യ സംഘടനയാണ് ഇലുമിനാറ്റി. ക്രിസ്ത്യൻ സഭയെ പരസ്യമായി എതിർക്കാൻ സാധിക്കാതെ വന്നപ്പോൾ, അക്കാലത്തെ ശാസ്ത്രജ്ഞരും തത്ത്വചിന്തകരും ചേർന്ന് ഒരു രഹസ്യ കൂട്ടായ്മ രൂപീകരിച്ചതായി ചില ചരിത്ര രേഖകൾ സൂചിപ്പിക്കുന്നു. ആരംഭഘട്ടത്തിൽ ലിയനാർഡോ ഡാവിഞ്ചി, മൈക്കലാഞ്ജലോ തുടങ്ങിയ പ്രശസ്തരും ഇതിന്റെ ഭാഗമായിരുന്നുവെന്ന് പറയപ്പെടുന്നു. സഭയെ പരസ്യമായി തള്ളിപ്പറയാതെ, എന്നാൽ തങ്ങളുടെ കഴിവുകളെ അടിച്ചമർത്താതെ, അവർ മുന്നോട്ടു പോയി. രഹസ്യ അടയാളങ്ങളും സ്ഥലങ്ങളും കണ്ടെത്തി, പരസ്പരം സംവാദങ്ങളിലൂടെ അവർ തങ്ങളുടെ ദൗത്യങ്ങൾ തുടർന്നു.

ഇന്ന്, പല ലോക രാജ്യങ്ങളെയും ഇലുമിനാറ്റി നിയന്ത്രിക്കുന്നുവെന്നാണ് ഗൂഢാലോചനാ സിദ്ധാന്തങ്ങൾ (Conspiracy Theories) വാദിക്കുന്നത്. ലോകത്തെ ഒരൊറ്റ സർക്കാരിന്റെ കീഴിൽ കൊണ്ടുവന്ന് 'ന്യൂ വേൾഡ് ഓർഡർ' (New World Order) എന്ന സംവിധാനം സ്ഥാപിക്കാനാണ് അവർ ശ്രമിക്കുന്നതെന്നും ഇവ പറയുന്നു. എന്നാൽ, ഇലുമിനാറ്റി എന്തിനായി തുടങ്ങിയതാണോ, അതിൽ നിന്ന് വ്യതിചലിച്ചാണ് അതിന്റെ ഇപ്പോഴത്തെ ഗതി എന്ന് വിലയിരുത്താം. ഇലുമിനാറ്റികൾ സാത്താൻ സേവകരാണെന്ന ഒരു വാദവും ശക്തമാണ്. ഇതിന് ചില കാരണങ്ങളുണ്ട്. വിപരീത ദിശയിലുള്ള പെന്റഗ്രാം ഇലുമിനാറ്റിയുടെ പ്രധാന അടയാളങ്ങളിൽ ഒന്നാണ് എന്നത് ഈ വാദത്തിന് ശക്തി പകരുന്നു.




ഇലുമിനാറ്റി അംഗങ്ങൾ പരസ്പരം കാണുമ്പോൾ രഹസ്യ അടയാളങ്ങൾ കാണിച്ചാണ് അഭിസംബോധന നടത്താറുള്ളത്ഒരു ഹാൻഡ്ഷേക്ക് പോലും ഇത്തരത്തിൽ തന്നെയാണ്. പതിനേഴാം നൂറ്റാണ്ട് മുതൽ ഇലുമിനാറ്റിയുടെ പ്രധാന ചിഹ്നമായി കരുതപ്പെടുന്നത് 'ഓൾ സീയിങ് ഐ' (All-Seeing Eye) ആണ്. ഈ ചിഹ്നം പല സ്ഥലങ്ങളിലും ചിത്രീകരണങ്ങളിലും നമുക്ക് കാണാൻ സാധിക്കും. 'ലൂസിഫർ' സിനിമയുമായി ഇതിന് എന്ത് ബന്ധമുണ്ടെന്ന് ചിന്തിക്കുമ്പോൾ, അതിലെ ചില ദൃശ്യങ്ങളും ചിഹ്നങ്ങളും ഇലുമിനാറ്റിയുടെ സാന്നിധ്യത്തെ സൂചിപ്പിക്കുന്നതായി തോന്നാം.

ഇലുമിനാറ്റി എന്ന സംഘടനയുടെ ഉദ്ദേശ്യങ്ങൾ സിനിമയിൽ പ്രതിഫലിക്കുന്നുണ്ടോ എന്നത് ഒരു ചർച്ചാ വിഷയമാണ്. എന്നാൽ, സാത്താൻ ആരാധനയുമായും പൈശാചിക

ചിഹ്നങ്ങളുമായും ബന്ധപ്പെട്ട ഘടകങ്ങൾ 'ലൂസിഫർ' സിനിമയിൽ ആവർത്തിക്കുന്നത് യാദൃശ്ചികമല്ലെന്ന് സൂചിപ്പിക്കുന്നു. ഇത് ഒരു ബോധപൂർവമായ സന്ദേശത്തിന്റെ ഭാഗമാണോ എന്ന് ആലോചിക്കേണ്ടതുണ്ട്.

ആറാമത്: ഡയലോഗുകൾ

'ലൂസിഫർ' ഉൾപ്പെടെയുള്ള പൃഥ്വിരാജിന്റെ സിനിമകളിൽ ഉപയോഗിച്ചിരിക്കുന്ന സംഭാഷണങ്ങൾ പലതും പിശാചിനെ മഹത്വവൽക്കരിക്കുന്നതിന് പാകത്തിനുള്ളവയാണെന്ന് തോന്നിപ്പിക്കുന്നു. ഈ സംഭാഷണങ്ങൾ ശ്രദ്ധാപൂർവം വിശകലനം ചെയ്യുമ്പോൾ, അവയ്ക്ക് പിന്നിൽ ഒരു ഗൂഢലക്ഷ്യം ഉണ്ടോ എന്ന സംശയം ഉയരുന്നു. ചില ഉദാഹരണങ്ങൾ പരിശോധിക്കാം.

“"This deal is with the devil, this is devil"

ഈ സംഭാഷണം പിശാചുമായുള്ള ഒരു ഉടമ്പടിയെ സൂചിപ്പിക്കുന്നു. ഇത് കേവലം ഒരു സിനിമാറ്റിക് ഡയലോഗ് മാത്രമാണോ, അതോ മറ്റെന്തെങ്കിലും ആഴമുള്ള സന്ദേശമാണോ എന്ന് ചിന്തിക്കേണ്ടതുണ്ട്.

''ചെകുത്താൻ വേദം ഓതുന്നത് കേട്ടിട്ടുണ്ട് - എസേക്കിയേൽ 25:17''

'ലൂസിഫർ' സിനിമയിൽ ''ഒരേ ഒരു രാജാവ്'' എന്ന് പറയുന്ന ഒരു സന്ദർഭത്തിൽ എസേക്കിയേൽ 25:17 എന്ന ബൈബിൾ വചനം ഉദ്ധരിക്കുന്നുണ്ട്. എന്നാൽ, ബൈബിളിൽ ഇങ്ങനെ ഒരു വചനം ഇല്ല. എസേക്കിയേൽ 25:17 യഥാർത്ഥത്തിൽ പറയുന്നത് വ്യത്യസ്തമാണ്, അത് ''ഒരേ ഒരു രാജാവ്'' എന്ന ആശയവുമായി യാതൊരു ബന്ധവുമില്ല. ബൈബിളിൽ ഇല്ലാത്ത ഒരു വചനം ഉണ്ടെന്ന് പറഞ്ഞ് അവതരിപ്പിക്കുന്നതിന്റെ ഉദ്ദേശ്യം എന്താണ്?

''ദുഷ്ടനെ ദൈവം പനപോലെ വളർത്തും''

'മെമ്മറീസ്' എന്ന സിനിമയിൽ പൃഥ്വിരാജിന്റെ കഥാപാത്രം ഒരു വൈദികനോട് ചോദിക്കുന്ന ഈ വാചകവും ബൈബിളിൽ ഇല്ല. ''ദുഷ്ടനെ ദൈവം പനപോലെ വളർത്തും'' എന്ന് ഒരു വചനവും ബൈബിളിൽ രേഖപ്പെടുത്തിയിട്ടില്ല. ബൈബിളിൽ ഇല്ലാത്ത കാര്യങ്ങൾ ഉണ്ടെന്ന് പറഞ്ഞ് ദൈവത്തെ പഴിക്കാൻ ശ്രമിക്കുന്നതിന് പിന്നിൽ എന്ത് ഗൂഢലക്ഷ്യമാണ് ഉള്ളത്?

സമയത്തിന്റെ പ്രാധാന്യവും പിശാചിന്റെ മഹത്വവൽക്കരണവും


'എമ്പുരാൻ' സിനിമയുടെ ടീസർ രാത്രി സമയത്ത് തെറ്റായി റിലീസ് ചെയ്യപ്പെട്ടതിനെക്കുറിച്ച് പൃഥ്വിരാജ് ഒരു പോസ്റ്റിൽ പറഞ്ഞത് ഇങ്ങനെയാണ്: 'Remember you summons the devil at this hour" (ഓർക്കുക, ഈ സമയത്ത് പിശാചിനെ വിളിച്ചുവരുത്തിയത് നിങ്ങളാണ്). ഈ പ്രസ്താവന ശ്രദ്ധേയമാണ്. ബൈബിളിൽ, യോഹന്നാന്റെ സുവിശേഷത്തിൽ സമയത്തിന് വലിയ പ്രാധാന്യം നൽകിയിട്ടുണ്ട്. ഏകദേശം 12 തവണയോളം ''സമയം'' എന്ന ആശയം യോഹന്നാൻ പരാമർശിക്കുന്നു. ഉദാഹരണത്തിന്, യോഹന്നാൻ 17:1-ൽ പറയുന്നു: ''പിതാവേ, സമയമായിരിക്കുന്നു. പുത്രൻ അവിടുത്തെ മഹത്വപ്പെടുത്തേണ്ടതിന് പുത്രനെ അങ്ങ് മഹത്വപ്പെടുത്തണമേ.'' എന്നാൽ, 'എമ്പുരാൻ' ടീസറിന്റെ സന്ദർഭത്തിൽ പൃഥ്വിരാജിന്റെ പോസ്റ്റ് സൂചിപ്പിക്കുന്നത്, ഈ സമയത്ത് മഹത്വം നൽകപ്പെടുന്നത് പിശാചിനാണെന്നാണ്.

ഒരു ഗൂഢലക്ഷ്യത്തിന്റെ സൂചനയോ?

ഈ സംഭാഷണങ്ങളും പോസ്റ്റുകളും യാദൃശ്ചികമല്ലെന്ന് വ്യക്തമാണ്. ബൈബിളിൽ ഇല്ലാത്ത വചനങ്ങൾ ഉണ്ടെന്ന് പറഞ്ഞ് അവതരിപ്പിക്കുകയും, പിശാചിനെ മഹത്വവൽക്കരിക്കുന്ന സന്ദേശങ്ങൾ ഉൾപ്പെടുത്തുകയും ചെയ്യുന്നത് ഒരു ബോധപൂർവമായ ശ്രമമാണോ? ദൈവത്തിന്റെ സ്ഥാനത്ത് പിശാചിനെ പ്രതിഷ്ഠിക്കാനുള്ള ഒരു ഗൂഢലക്ഷ്യം ഇതിന് പിന്നിലുണ്ടോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. 'ലൂസിഫർ' പോലുള്ള സിനിമകളിലെ ഈ ഡയലോഗുകൾ കേവലം കലാപരമായ സ്വാതന്ത്ര്യമല്ല, മറിച്ച് ഒരു ആഴമേറിയ ഉദ്ദേശ്യത്തിന്റെ ഭാഗമാണോ എന്ന സംശയം ശക്തമാണ്.

പിശാചിനെ വിളിച്ചുവരുത്തുന്ന മലയാള സിനിമകൾ

അടുത്ത കാലത്ത് മലയാള സിനിമാ ലോകത്ത് പിശാചിനെ വിളിച്ചുവരുത്തുന്നതും പൈശാചിക തീമുകളും വർധിച്ചു വരുന്നത് നിങ്ങൾ എത്ര പേർ ശ്രദ്ധിച്ചിട്ടുണ്ട്? 'രോമാഞ്ചം' എന്ന സിനിമയിലെ ഓജോ ബോർഡ് (Ouija Board) ഇതിന് ഒരു പ്രകടമായ ഉദാഹരണമാണ്. എമ്പുരാൻ സിനിമയിൽ ഒരു സംഭാഷണം ശ്രദ്ധേയമാണ്: ''ദൈവപുത്രൻ തന്നെ തെറ്റ് ചെയ്യുമ്പോൾ ചെകുത്താനല്ലാതെ മറ്റാരെയാണ് ആശ്രയിക്കേണ്ടത്?'' ഈ വാചകം വെറുതെ എഴുതി ചേർത്തതല്ല എന്ന് ഇനിയും മനസ്സിലാകാത്തവർക്ക് ഒരു കാര്യം വ്യക്തമാക്കാംക്രൈസ്തവ വിശ്വാസപ്രകാരം 'ദൈവപുത്രൻ' എന്നത് യേശുക്രിസ്തുവിനെ സൂചിപ്പിക്കുന്നു. സിനിമയുടെ മറവിൽ ദൈവത്തെ നിന്ദിക്കുകയും ചെകുത്താനെ മഹത്വവൽക്കരിക്കുകയും ചെയ്യുന്ന ഒരു ശ്രമം ഇവിടെ കാണാം.




പൃഥ്വിരാജിന്റെ സിനിമകളിലെ പൈശാചിക സൂചനകൾ

പൃഥ്വിരാജിന്റെ മറ്റു ചില സിനിമകൾ പരിശോധിച്ചാൽ ഈ പ്രവണത കൂടുതൽ വ്യക്തമാകും. 'ആദം ജോൺ' എന്ന ചിത്രം പിശാചിനെ ആരാധിക്കുന്ന ഒരു സാത്താൻ ആരാധക സമൂഹത്തിന്റെ പശ്ചാത്തലത്തിൽ നടക്കുന്ന കഥയാണ്. സ്റ്റോറി ബേസ് റിച്ച് ആണെങ്കിലും, ഇതിലെ ചില രംഗങ്ങൾകറുത്ത ചുണ്ണാമ്പ്, സാത്താൻ ആരാധന, കാളിന്റെ തലയോട്ടി തുടങ്ങിയവമലയാളികൾ എളുപ്പം മറക്കാൻ സാധ്യതയില്ല. ഇന്ത്യൻ സിനിമയിൽ തന്നെ വിരളമായി കാണുന്ന ഒരു വിഷയമാണ് ഇത്. മറ്റൊരു ചിത്രമായ 'റെയിൻ റെയിൻ കം എഗൈൻ' സാത്താൻ ആരാധനയെ ഇതിവൃത്തമാക്കി നിർമിച്ചതാണ്. പൃഥ്വിരാജിന്റെ താൽപര്യപ്രകാരമാണ് ഈ സിനിമ മുന്നോട്ട് പോയതെന്ന് ചില സ്രോതസ്സുകളിൽ നിന്ന് വായിച്ചതായി ഓർമയുണ്ട്.

സബ്ലിമിനൽ മെസേജുകൾ

'സബ്ലിമിനൽ മെസേജ്' എന്ന് കേട്ടിട്ടുണ്ടോ? വിശപ്പ്, കാമം, ഭയം തുടങ്ങിയ മനുഷ്യസഹജമായ വികാരങ്ങളെ ഉണർത്തി ഒരു ബ്രാൻഡിനെ മനസ്സിൽ പതിപ്പിക്കാൻ സിനിമകളിലും പരസ്യങ്ങളിലും ഉപയോഗിക്കുന്ന ഒരു തന്ത്രമാണിത്. 'ആദം ജോൺ' പോലുള്ള സിനിമകളിലൂടെ പ്രൊമോട്ട് ചെയ്യപ്പെട്ടത് സാത്താൻ സേവയും പൈശാചിക ചിഹ്നങ്ങളുമാണെന്ന് പറയാം. ഈ ചിത്രങ്ങളിലെ സൂക്ഷ്മമായ സന്ദേശങ്ങൾ നമ്മൾ അറിയാതെ തന്നെ നമ്മുടെ ഉള്ളിൽ കടന്നുകൂടുന്നത് എങ്ങനെയാണ്?

'നയൻ' എന്ന ചിത്രം

'നയൻ' എന്ന സിനിമയിലേക്ക് വന്നാൽ, ഒൻപത് എന്ന സംഖ്യ തലതിരിഞ്ഞാൽ ആറ് (6) ആകുമെന്നത് ലളിതമായ ഒരു യുക്തിയാണ്. എന്നാൽ, ഈ സിനിമയുടെ പോസ്റ്ററിൽ ശ്രദ്ധിച്ചാൽ, ത്രികോണാകൃതിയിലുള്ള കണ്ണാടിയിലൂടെ പൃഥ്വിരാജ് നോക്കുന്നത് കാണാംഇത് ഒരു ഇലുമിനാറ്റി റഫറൻസ് തന്നെയാണ്. കൂടാതെ, ഈ സിനിമയിൽ പൃഥ്വിരാജിന്റെ കുട്ടിയുടെ കഥാപാത്രത്തിന്റെ പേര് 'ആദം' എന്നാണ്. ഇതും യാദൃശ്ചികമല്ലെന്ന് തോന്നുന്നു.

'എസ്റാ ' എന്ന ചിത്രം

'എസ്' എന്ന സിനിമ ജൂതന്മാരുടെ ആഭിചാരത്തിന്റെ കഥ പറയുന്നതാണെങ്കിലും, അതിൽ ഇടയ്ക്കിടെ കടന്നുവരുന്ന സാത്താൻ സേവയ്ക്ക് തുല്യമായ ആഭിചാര രീതികൾ പലരും ശ്രദ്ധിച്ചിട്ടുണ്ടാവും. ഈ സിനിമയുടെ പോസ്റ്ററിൽ തന്നെ എതിർദിശയിലുള്ള പെന്റഗ്രാമുകൾ കാണാം. പൃഥ്വിരാജിന് ഏറെ താൽപര്യമുള്ള ഒരു പ്രോജക്റ്റ് ആയിരുന്നു 'എസ്' എന്നത് അദ്ദേഹത്തിന്റെ പല അഭിമുഖങ്ങളിൽ നിന്നും വ്യക്തമാണ്.

മലയാള സിനിമയിൽ പൈശാചിക തീമുകൾ വർധിച്ചു വരുന്നത് യാദൃശ്ചികമല്ല. പൃഥ്വിരാജിന്റെ സിനിമകളിൽ ആവർത്തിക്കുന്ന ഈ സൂചനകൾഓജോ ബോർഡ്, സാത്താൻ ആരാധന, പെന്റഗ്രാമുകൾ, ഇലുമിനാറ്റി റഫറൻസുകൾഒരു ബോധപൂർവമായ ശ്രമത്തിന്റെ ഭാഗമാണോ എന്ന് ചിന്തിക്കേണ്ടതുണ്ട്. ഈ ചിത്രങ്ങൾ വെറും വിനോദത്തിനപ്പുറം, നമ്മുടെ മനസ്സിൽ സബ്ലിമിനൽ സന്ദേശങ്ങൾ പതിപ്പിക്കാൻ ശ്രമിക്കുന്നുണ്ടോ എന്ന സംശയം അവശേഷിക്കുന്നു.


MALABAR
GOLD & DIAMONDS
Celebrate with Savings!
Pay 10%
Advance & Get
Gold Rate Protection
Advance valid until
30th April, 2025
Get a FREE
Diamond Gift Voucher
worth USD 50
On first booking until
13th April, 2025
*T&C Apply


KALYAN
JEWELLERS
NEW JERSEY
INDIA'S ICONIC
JEWELLERY BRAND IS
NOW IN THE
USA
MUHURAT WEDDING
COLLECTIONS
LARGEST COLLECTION
IN
GOLD, DIAMOND, POLKI,
PRECIOUS & UNCUT JEWELLERY
SPACIOUS
SHOWROOM
OAK TREE ROAD, ISELIN, NJ 08830
380+ BRANCHES SPREAD ACROSS USA, INDIA & MIDDLE EAST
WWW.KALYANJEWELLERS.NET | FOLLOW US ON

# തമ്പുരാനേ..... .ഒരു 'എമ്പുരാൻ'!



രാജു മൈലപ്രാ

കാണാനുള്ളവർ കണ്ടു. കേൾക്കാനുള്ളത് കേട്ടു. നേടാനുള്ളവർ നേടി.

ഏതാനും ദിവസത്തെ കോലാഹലങ്ങൾക്കൊടുവിൽ, അവഗണിക്കപ്പെടുമായിരുന്ന ഒരു സിനിമ, കൃത്യമായ മാർക്കറ്റിംഗ് തന്ത്രത്തിലൂടെ കോടാനുകോടികൾ നേടി. കുടിൽ മുതൽ കൊട്ടാരം വരെ അത് ചർച്ചാവിഷയമായി. തന്ത്രി മുതൽ മന്ത്രി വരെയുള്ളവരെ മൂന്നു മണിക്കൂർ നേരം തീയേറ്ററിൽ ഇരുട്ടിന്റെ തടവറയിലാക്കി. അണിയറ പ്രവർത്തകർക്ക് അഭിനന്ദനങ്ങൾ!

ഓരോരുത്തരും അവരുടെ രാഷ്ട്രീയ, സാമുദായിക, സാംസ്കാരിക ചായ്‌വ് അനുസരിച്ച് അഭിപ്രായങ്ങൾ പറഞ്ഞു. പറഞ്ഞ അഭിപ്രായങ്ങൾ ചിലർ മാറ്റിപ്പറഞ്ഞു. ചാനൽ ചർച്ചകൾ ചന്ത നിലവാരത്തിലെത്തിച്ച്, അവതാരകർ, അവതാരങ്ങളായി ഉറഞ്ഞു തുള്ളി.

ചാനലുകാരും യുട്യൂബ് കാരും മത്സരിച്ച് തുടർച്ചയായി റിപ്പോർട്ടുകൾ ചെയ്ത് 'ഓന്ത് പരമുവിനെ, ചട്ടമ്പിപ്പരമുവാക്കി'.

പറഞ്ഞുവരുന്നത് 'എമ്പുരാൻ' എന്ന സിനിമയെപ്പറ്റിയാണ്. ഞാൻ ആ സിനിമ കണ്ടില്ല. കാണുവാനുള്ള താത്പര്യവുമില്ല.

'ആടുജീവിതവും', 'ആവേശവു'മൊന്നും എന്നിൽ ഒരു ആവേശവും ഉയർത്തിയില്ല.

അരവിന്ദന്റെ 'കാഞ്ചനസീത'യും, അടൂർ ഗോപാലകൃഷ്ണന്റെ 'എലിപ്പത്തായവു'മൊന്നും ആസ്വദിക്കുവാനോ വിലയിരുത്തുവാനോ ഉള്ള കഴിവ് എനിക്കില്ലാതെ പോയി. രാമു കാര്യാട്ട് സംവിധാനം ചെയ്ത തകഴിയുടെ 'ചെമ്മീനാണ്' എക്കാലത്തേയും മഹത്തായ മലയാള സിനിമ എന്നു വിശ്വസിക്കുന്ന ഒരു പഴഞ്ചനാണ് ഞാൻ.

യഥാർത്ഥ ജീവിതത്തിൽ പോലും ഗർഭിണികളെ കാണുമ്പോൾ എനിക്കൊരു അസ്വസ്ഥത തോന്നാറുണ്ട്. സിനിമയിൽ പല്ല് ബ്രഷ് ചെയ്തുകൊണ്ട് സംസാരിക്കുന്നതും, പ്രസവ വേദന കാണിക്കുന്നതും എനിക്ക് അറപ്പുള്ള വിഷയങ്ങളാണ്.

'എമ്പുരാനിൽ' ഒരു ഗർഭിണിയെ ശൂലംകൊണ്ട് കുത്തി മുറിവേൽപ്പിക്കുന്നതും, അവരെ ബലാത്സംഗം ചെയ്യു




**അമേരിക്കയിലും 'എമ്പുരാന്' വൻ വരവേൽപ്പാണ് ലഭിച്ചത്. കോമാളി വേഷം ധരിച്ച ചില ഫാൻസുകാർ, ചെണ്ടയും കൊട്ടി വെളിച്ചപ്പാടിനെപ്പോലെ, ന്യൂയോർക്ക് നഗരത്തിന്റെ ഹൃദയഭാഗമായ ടൈംസ് സ്ക്വയറിൽ ഉറഞ്ഞു തുള്ളുന്നത് കണ്ടു. ഇതിനുള്ള സമയവും, സന്മനസുമുള്ള മലയാളി കുഞ്ഞുങ്ങൾ ഇവിടെയുണ്ടല്ലോ എന്നോർത്തപ്പോൾ ഞാൻ ആനന്ദക്കണ്ണീർ പൊഴിച്ചു.**

ന്നതുമായ രംഗങ്ങൾ ഉണ്ടെന്ന് പറയപ്പെടുന്നു. ഈ ഒരൊറ്റ കാരണം മതി, ആ സിനിമ കാണാതിരിക്കുവാൻ.

അമേരിക്കയിലും 'എമ്പുരാന്' വൻ വരവേൽപ്പാണ് ലഭിച്ചത്. കോമാളി വേഷം ധരിച്ച ചില ഫാൻസുകാർ, ചെണ്ടയും കൊട്ടി വെളിച്ചപ്പാടിനെപ്പോലെ, ന്യൂയോർക്ക് നഗരത്തിന്റെ ഹൃദയഭാഗമായ ടൈംസ് സ്ക്വയറിൽ ഉറഞ്ഞു തുള്ളുന്നത് കണ്ടു. ഇതിനുള്ള സമയവും, സന്മനസുമുള്ള മലയാളി കുഞ്ഞുങ്ങൾ ഇവിടെയുണ്ടല്ലോ എന്നോർത്തപ്പോൾ ഞാൻ ആനന്ദക്കണ്ണീർ പൊഴിച്ചു.

കോടികൾ പൊടിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ആദരിക്കാൻ വേണ്ടി, ടൈം സ്ക്വയറിൽ നടത്തിയ മഹാസമ്മേളനം ഓർമ്മയിൽ വരുന്നു. തുരുമ്പ് പിടിച്ച് ഒരു ഇരുമ്പ് കസേരയിൽ മ്ലാനവദനനായി ഇരിക്കുന്ന മുഖ്യമന്ത്രിയുടെ ഒരു ചിത്രം മാത്രമായിരിക്കും, ആ ധൂർത്തിൽ നിന്നും കാലത്തിന് അടയാളപ്പെടുത്താൻ കിട്ടുന്ന ഏക തെളിവ്.

പല തന്ത്രങ്ങളും ഉപയോഗിച്ച് 'എമ്പുരാൻ' തരംഗം ലൈവായി നിലനിർത്തുവാൻ അതിന്റെ പ്രവർത്തകർക്ക് കഴിഞ്ഞു. അവരുടെ നല്ലകാലത്തിന് വാർത്താ പ്രാധാന്യമുള്ള മറ്റൊരു സംഭവവും എമ്പുരാന്റെ റിലീസിംഗിനുശേഷം ഇതുവരെ ഉണ്ടായിട്ടില്ല.

ഇതിനിടയിൽ സൂപ്പർസ്റ്റാർ മോഹൻലാൽ തന്റെ ഫേസ്ബുക്ക് പോസ്റ്റിലൂടെ, 'എമ്പുരാൻ' എന്ന സിനിമ ആരെയെങ്കിലും വേദനിപ്പിച്ചിട്ടുണ്ടെങ്കിൽ ഞാൻ ഖേദിക്കുന്നു. വേണ്ട മാറ്റങ്ങൾ സിനിമയ്ക്ക് വരുത്തുന്നതാണ്' എന്നു പ്രഖ്യാപിച്ചു.

ലാലേട്ടന്റെ വേദന നമ്മുടെ വേദനയാണ്. ആരാധകർ വീണ്ടും മുൻ വാതിലിലൂടെയും, പിൻ വാതിലിലൂടെയും ഇടിച്ചുകയറി തീയേറ്ററുകളെ പൂരപ്പറമ്പുകളാക്കി.

ഇപ്പോൾ കേൾക്കുന്നു 'എമ്പുരാൻ' സിനിമ റീ- സെൻസർ ചെയ്ത് ഇരുപത്തിനാല് വെട്ടുകൾ വെട്ടിയെന്ന്. അമ്പത്തിരണ്ട് വെട്ടുകൾ വെട്ടിയിരുന്നെങ്കിൽ, മറ്റൊരു സംഭവവുമായി കൂട്ടി യോജിപ്പിച്ച് വിവാദങ്ങൾ ഒന്നുകൂടി കൊഴുപ്പിക്കാമായിരുന്നു.

പൃഥ്വിരാജ് തന്റേടമുള്ള, ആണത്വമുള്ള ഒരു വ്യക്തിയാണെന്നാണ് കേട്ടിട്ടുള്ളത്. അദ്ദേഹത്തിന്റെ മാതാജി, ശ്രീമതി മല്ലികാ സുകുമാരൻ ചാനലുകൾ കയറിയിറങ്ങി 'എന്റെ കുഞ്ഞ് ഒരു പാവമാണ്. എന്റെ കുഞ്ഞിനെ ദ്രോഹിക്കുന്നവർക്ക് ഒരുകാലത്തും ഗുണംപിടിക്കില്ല- ഞങ്ങൾക്ക് ഒരുത്തന്റേയും പണം വേണ്ടാ, ഞങ്ങൾ ജന്മനാ കോടീശ്വരന്മാരാണ്'- എന്നൊക്കെ പറഞ്ഞ് വിലപിച്ച് നടക്കുന്നത് സത്യത്തിൽ പൃഥ്വിരാജിനെ അപമാനിക്കുന്നതിന് തുല്യമാണ്.

പൃഥ്വിരാജിന്റെ സഹധർമ്മിണി സുപ്രിയാ മേനോന്റെ ഫേസ്ബുക്ക് പോസ്റ്റ് കണ്ടാൽ, അഹങ്കാരത്തിന് കൈയ്യും കാലും വെച്ച ഒരു മഹിളയാണെന്ന് ആർക്കെങ്കിലും തോന്നിയാൽ അവരെ കുറ്റംപറയാൻ പറ്റുകയില്ല.

ഏതായാലും മോഹൻലാൽ 'ലേലു അല്ലു, ലേലു അല്ലു' എന്നു പറഞ്ഞ് പോസ്റ്റിട്ടു. പൃഥ്വിരാജും, ആന്റണി പെരുമ്പാവൂരും അത് ഷെയർ ചെയ്തതിലൂടെ തങ്ങളുടെ ഖേദവും അറിയിച്ചു.

'എമ്പാരന്റെ' തിരക്കഥാകൃത്ത് മുരളി ഗോപിയുടെ ഒരു വാചകത്തോടെ ഈ ലേഖനം അവസാനിപ്പിക്കുന്നു. 'എന്റെ വീടിന്റെ ഭിത്തിയിൽ ഒരാളുടെ ചിത്രം മാത്രമേയുള്ളൂ. - അത് എന്റെ അച്ഛന്റെയാണ്!

CELEBRATING 30 Yrs
Service & Commitment

# Blue Ocean
Wealth Solutions

A member of the MassMutual Financial Group



**Philipose Samuel**

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals

## BUSINESS NEEDS

### Business Continuation Planning
Key Employee Insurance
Business Overhead Insurance
Disability Buyouts
Buy-Sell Arrangements

### Retirement Planning
401K Plans
403b Plans
Simplified Employee Pensions (SEPs)
Simple IRAs

### Employee Benefits Products
Short-term and Long-term Disability Insurance
Health Insurance*

### Group Health insurance
Group Whole Life (Without Medicals)
Group Disability & Group Dental Plans Insurance

## PERSONAL NEEDS

### Wealth Communication
Managed Investment Accounts
Mutual Funds
Exchange Traded Funds
Fixed, Variable and Index Annuities
Traditional and Roth IRAs
Education Funding Strategies
Retirement Planning

### Family Protection
Long-Term Care Insurance
Whole Life Insurance
Term Life Insurance
Disability Income Insurance
Medicare Supplement & Advantage Plans*
Medicare Part D*
Home Owner's Insurance*
Auto Insurance*
Estate Conservation
Charitable Planning Strategies

MassMutual Leaders Conference: 2022, 2021, 2019, 2018
MetLife, Leaders Conference: 2015, 2014 2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference : 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award : 1998

**Philipose Samuel (Sam)**
*30 Years of Service*
**Financial Service Representative Financial Advisor**
**O: (516) 326-7028 | C: (516) 312-2902**
psamuel@financialguide.com | www.blueocean.us.com
For Messaging Please use the Phone number **516 774 4283**

Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. "Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.


GRANEX KITCHEN
We are your one-stop shop for Granite, Marble
OUR PRODUCTS
COUNTERTOPS
VANITIES
SINKS
FAUCETS
BACKSPLASH
TILES
Fabrication shop on premises
Custom kitchen designers are available to render your dream kitchen.
QUARTZ SLABS
Hundreds of colors in stock
FINANCING AVAILABLE
ONE YEAR FINANCING for qualified clients
ADDITIONAL SERVICES
BATHROOM & KITCHEN REMODELING
615 Medford Ave, Patchogue, New York 1-631-438-1470 | sales@granexkitchen.com


USA - CANADA TOUR
MAY-JUNE 2025
STAR
ENTERTAINMENT
PRESENTS
cine
Star
Nite
2025
www.starentertainment.world
CONTACT: JOSEPH IDICULA 201-421-5303
JAMES GEORGE 973-985-8432 | BOBBY VARGHESE 201-669-1477

# പ്രഥമ മിസ് ഗ്ലോബൽ മലയാളി പേജന്റ് ഓഗസ്റ്റ് 15ന് കൊച്ചിയിൽ; 15,16 തീയതികളിൽ നടക്കുന്ന ഗ്ലോബൽ മലയാളി ഫെസ്റ്റിനൊപ്പം

കൊച്ചി; കൊച്ചിയിലെ ക്രൗൺ പ്ലാസ ഹോട്ടലിൽ ഓഗസ്റ്റ് 15,16 തീയതികളിൽ നടക്കുന്ന ഗ്ലോബൽ മലയാളി ഫെസ്റ്റിവലിന് ഒരുക്കങ്ങൾ പുരോഗമിക്കുന്നതായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആൻഡ്രൂ പാപ്പച്ചനും മാനേജിങ് ഡയറക്ടർ അബ്ദുല്ല മഞ്ചേരിയും അറിയിച്ചു. മലയാളി ഫെസ്റ്റിവൽ ഫെഡറേഷൻ എന്ന എൻജിഒയാണ് ഓഗസ്റ്റ് 15,16 തീയതികളിൽ കൊച്ചി ക്രൗൺ പ്ലാസ ഹോട്ടലിൽ ഗ്ലോബൽ മലയാളി ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നത്. (ഇന്ത്യൻ കമ്പനി നിയമത്തിലെ സെക്ഷൻ 8 പ്രകാരം ചാരിറ്റബിൾ ഓർഗനൈസേഷനായി രജിസ്റ്റർ ചെയ്തിട്ടുള്ള ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന എൻജിഒയാണ് മലയാളി ഫെസ്റ്റിവൽ ഫെഡറേഷൻ).

52 രാജ്യങ്ങളിൽ നിന്നുള്ള മലയാളികളാണ് മേളയുടെ സംഘാടകർ. പ്രഥമ ഗ്ലോബൽ മലയാളി ട്രേഡ്, ടെക്നോളജി, ഇൻവെസ്റ്റ്മെന്റ് മീറ്റിനൊപ്പം ഇതാദ്യമായി മിസ് ഗ്ലോബൽ മലയാളി പേജന്റും ഓഗസ്റ്റ് 15ന് നടക്കും. കൊച്ചിയിൽ ഓഗസ്റ്റ് 15 ന് നടക്കുന്ന ഫൈനലിലേക്ക് ഫൈനലിസ്റ്റുകളെ തിരഞ്ഞെടുക്കുന്നതിനായി ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ എല്ലാ രാജ്യങ്ങളിലും മിസ് ഗ്ലോബൽ മലയാളി പേജന്റ് -പ്രിലിമിനറി മത്സരങ്ങൾ സംഘടിപ്പിക്കുന്നതാണ് . മിസ് ഗ്ലോബൽ മലയാളി നോർത്ത് ഇന്ത്യയെ ഡൽഹിയിൽ വച്ചും മിസ് ഗ്ലോബൽ മലയാളി സൗത്ത് ഇന്ത്യയെ കൊച്ചിയിൽ വച്ചും തിരഞ്ഞെടുക്കും.

2007 ഓഗസ്റ്റ് 15 നും 2025 ഓഗസ്റ്റ് 15 നും ഇടയിൽ ജനിച്ച 18 നും 25 നും ഇടയിൽ പ്രായമുള്ള മലയാളി വംശജരായ എല്ലാ യുവതികൾക്കുമുള്ള വ്യക്തിത്വമത്സരമാണ് മിസ് ഗ്ലോബൽ മലയാളി പേജന്റ് എന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു . മത്സരാർത്ഥികളുടെ രക്ഷിതാക്കളിൽ ഒരാളെങ്കിലും മലയാളിയായിരിക്കണം . പങ്കെടുക്കാൻ താൽപര്യപ്പെടുന്നവർ ഓഗസ്റ്റ് 14,15,16 തീയതികളിൽ കൊച്ചി ക്രൗൺ പ്ലാസ ഹോട്ടലിൽ താമസിച്ച് മത്സരത്തിൽ പങ്കെടുക്കണം. സമചിത്തത, വ്യക്തിത്വം, അവതരണമികവ് , പ്രകടനം, സ്റ്റൈൽ ,അപ്പിയറൻസ് , ബുദ്ധി, ആത്മവിശ്വാസം എന്നിവ പരിശോധിക്കുന്നതിനായി നാല് വിഭാഗങ്ങളിലായാണ് മത്സരം. സമചിത്തതയും ആത്മവിശ്വാസവും പരിശോധിക്കുന്നതിനായുള്ള ആദ്യഘട്ട മത്സരത്തിൽ ഇഷ്ടമുള്ള വസ്ത്രത്തിൽ പങ്കെടുക്കാം.

പിന്നീട് മൂന്ന് മിനിറ്റ് ദൈർഘ്യമുള്ള പ്രസന്റേഷനിലൂടെ അവതരണരീതിയും പ്രകടനമികവും പരീക്ഷിക്കുന്നതാണ് . മൂന്നാമതായി സ്റ്റൈൽ , ലുക് ടെസ്റ്റിനായി സാരി, സൽവാർ അല്ലെങ്കിൽ മുണ്ട് എന്നിവയിൽ പ്രത്യക്ഷപ്പെടേണ്ടതുണ്ട്. നാലാമത്തേതും അവസാനത്തേതുമായ വിഭാഗം ബുദ്ധിശക്തിയും ആത്മവിശ്വാസവും പരിശോധിക്കുന്നതിനായുള്ള ചോദ്യോത്തരവേളയാണ്. ചോദ്യങ്ങൾ നിറച്ച ഒരു പെട്ടിയിൽ നിന്ന് മൽസരാർത്ഥി, തിരഞ്ഞെടുക്കുന്ന ചോദ്യത്തിന് ഉത്തരം നൽകണം . ഈ നാല് വിഭാഗങ്ങളിൽ ഓരോന്നിലും വിധികർത്താക്കൾ ഓരോ മത്സരാർത്ഥിക്കും സ്കോർ നൽകും, ഏറ്റവും കൂടുതൽ മാർക്ക് സ്കോർ ചെയ്യുന്നയാൾ കിരീടജേതാവും സ്കോറിൽ രണ്ടാമതായി വരുന്നയാൾ ഒന്നാം റണ്ണറപ്പും മൂന്നാമതായി വരുന്നയാൾ രണ്ടാം റണ്ണറപ്പും ആയിരിക്കും. മിസ് ഗ്ലോബൽ മലയാളിയെ തിരഞ്ഞെടുക്കുന്നതിനായി കൊച്ചിയിൽ നടക്കുന്ന ഫൈനൽ മത്സരത്തിന്, ഉയർന്ന സ്കോർ നേടിയ ആദ്യ അഞ്ച് പേരെ തിരഞ്ഞെടുത്ത ശേഷം മത്സരത്തിന് അവസാനമായി ഒരു ഘട്ടംകൂടി ഉണ്ടാകും. അഞ്ചുപേരെയും വേദിയിലേക്ക് വിളിച്ച ശേഷം ചോദിക്കുന്ന ചോദ്യത്തിന് 3 മിനിറ്റിനുള്ളിൽ ഉത്തരം നൽകേണ്ടതുണ്ട് . ഈ അവസാന ഘട്ടത്തിൽ ഏറ്റവും ഉയർന്ന സ്കോർ നേടുന്നയാൾ മിസ് ഗ്ലോബൽ മലയാളി മത്സരത്തിന്റെ വിജയിയായിരിക്കും. കൂടാതെ ഫസ്റ്റ് റണ്ണർ അപ്പിനെയും സെക്കൻഡ് റണ്ണർ അപ്പിനെയും തിരഞ്ഞെടുക്കും.




മിസ് ഗ്ലോബൽ മലയാളി മത്സരം ലോകമെങ്ങും നിന്നുള്ള പെൺകുട്ടികൾക്ക് ഒത്തുചേരാനുള്ള അവസരം നൽകുന്നു. മത്സരത്തിൽ പങ്കെടുക്കാനും വിജയിക്കാനും തോൽക്കാനും താൽപ്പര്യമുള്ള എല്ലാവരോടും കൊച്ചിയിൽ നടക്കുന്ന ഫൈനൽ ഇവന്റിൽ പങ്കെടുക്കാൻ അഭ്യർത്ഥിക്കുന്നതായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആൻഡ്രൂ പാപ്പച്ചനും മാനേജിങ് ഡയറക്ടർ അബ്ദുല്ല മഞ്ചേരിയും അറിയിച്ചു.

'മലയാളികളുടെ സമ്പന്നമായ സാംസ്കാരിക മൂല്യം ഉയർത്തിപ്പിടിക്കുകയും പങ്കിടുകയും ചെയ്യുക എന്നതാണ് ഗ്ലോബൽ മലയാളി ഫെസ്റ്റിവൽ ലക്ഷ്യമിടുന്നതെന്ന് ആൻഡ്രൂ പാപ്പച്ചൻ പറഞ്ഞു . ഒരു ഏകീകൃത ആഗോള മലയാളി സമൂഹത്തെ കെട്ടിപ്പടുക്കുക, കേവലം ഉപരിപ്ലവമായി മാത്രമല്ല തങ്ങളുടെ സാംസ്കാരിക വേരുകളുമായുള്ള മലയാളിയുടെ ബന്ധത്തെ വളർത്തി മലയാള പാരമ്പര്യത്തെ സജീവമായി നിലനിർത്തുക. മലയാളിയുടെ വംശീയവും സാംസ്കാരികവും സാമൂഹികവുമായ സത്ത സംരക്ഷിക്കാനും ഈ സ്വത്വത്തിന്റെയും ഐക്യത്തിന്റെയും വശങ്ങൾ ആഗോള മലയാളിയുടെ ഭാവി തലമുറകളെ ഊർജ്ജസ്വലമാക്കാനും തങ്ങൾ ആഗ്രഹിക്കുന്നതായി അദ്ദേഹം പറഞ്ഞു .

ട്രേഡ്, ടെക്നോളജി ആൻഡ് ഇൻവെസ്റ്റ്മെന്റ് മീറ്റ്, മിസ് ഗ്ലോബൽ മലയാളി പേജന്റ്, ഗ്ലോബൽ മലയാളിരത്ന അവാർഡുകൾ തുടങ്ങിയ കൂട്ടായ പരിപാടികൾ സംഘടിപ്പിക്കുന്നതിലൂടെ, ഐക്യം വിജയത്തെ സാധ്യമാക്കുന്നു.കേരളത്തിന് പുറത്ത് താമസിക്കുന്ന മലയാളികൾക്കും അവരുടെ സത്തയെ രൂപപ്പെടുത്തുന്ന പൈതൃകത്തിനും ഇടയിലുള്ള പാലമായി മാറുകയാണ് തങ്ങളുടെ ദൗത്യം. ദരിദ്രരെ സഹായിക്കുന്നതിനും അവർക്ക് ആവശ്യമായ പിന്തുണ നൽകുന്നതിനുമായി കേരളത്തിലെമാനുഷികശ്രമങ്ങളെ പിന്തുണയ്ക്കാനും തങ്ങൾ ശ്രമിക്കുന്നു', അബ്ദുല്ല മഞ്ചേരി പറഞ്ഞു .

ആഗോള മലയാളി ഫെസ്റ്റ് ലോകമെങ്ങുമുള്ള എല്ലാ മലയാളികൾക്കുമായി തുറന്നിട്ടിരിക്കുന്നുവെന്നും ഏവരെയും ഫെസ്റ്റിലേക്ക് സ്വാഗതം ചെയ്യുന്നുവെന്നും ആൻഡ്രൂ പാപ്പച്ചനും അബ്ദുല്ല മഞ്ചേരിയും അറിയിച്ചു. കൂടാതെ മലയാളികളുടെ ഈ മഹത്തായ ആഗോള ഉത്സവത്തിൽ പങ്കെടുക്കാനും പ്രൊഫഷണലുകൾ, ബിസിനസുകാർ, കലാകാരന്മാർ, അക്കാദമിക് വിദഗ്ധർ, സാങ്കേതിക വിദഗ്ധർ, പുതുതലമുറ, മറ്റുള്ളവർ എന്നിവർക്കിടയിൽ മലയാളികളുടെ ഐക്യം ഉയർത്തിപ്പിടിക്കാനും എല്ലാവരോടും അഭ്യർത്ഥിക്കുന്നതായും ആൻഡ്രൂ പാപ്പച്ചനും അബ്ദുല്ല മഞ്ചേരിയും കൂട്ടിച്ചേർത്തു.

# ഫോമ സെൻട്രൽ റീജന്റെ ആഭിമുഖ്യത്തിൽ നാഷണൽ ലീഡേഴ്സിന് സ്വീകരണം നൽകപ്പെട്ടു






ഫോമ സെൻട്രൽ റീജിയന്റെ ആഭിമുഖ്യത്തിൽ ചിക്കാഗോ മലയാളി അസോസിയേഷൻ ഹാളിൽ വച്ച് നടത്തപ്പെട്ട പൊതുയോഗത്തിൽ ഫോമ നാഷണൽ ലീഡേഴ്സിന് സ്വീകരണം നൽകി ആദരിക്കുകയുണ്ടായി. ഫോമ നാഷണൽ അഡ്വൈസറി കമ്മിറ്റി വൈസ് ചെയർമാൻ ജോസ് മണക്കാടിന്റെ ആമുഖപ്രസംഗത്തോടു കൂടി തുടങ്ങിയ യോഗത്തിൽ സെക്രട്ടറി അച്ചൻകുഞ്ഞ് മാത്യു എല്ലാവരെയും യോഗത്തിലേക്ക് ഹാർദ്ദവമായി സ്വാഗതം ചെയ്യുകയും യോഗത്തിന്റെ മാസ്റ്റർ ഓഫ് സെറിമണിയായി പ്രവർത്തിക്കുകയും ചെയ്തു.

. സെൻട്രൽ റീജിയൻ ആർ വി പി ജോൺസൺ കണ്ണൂക്കാടൻറെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ റീജന്റ് എല്ലാ ഭാരവാഹികളും നാഷണൽ ലീഡേഴ്സും ഫോമയുടെ ചിക്കാഗോയിലെ എല്ലാ പ്രവർത്തകരും ഒന്നായി പങ്കെടുക്കുകയും യോഗത്തെ വൻ വിജയമാക്കി തീർക്കുകയും ചെയ്തു. സെൻട്രൽ റീജിയൻ ആർ വി പി ജോൺസൺ കണ്ണൂക്കാടൻ തന്റെ അധ്യക്ഷപ്രസംഗത്തിൽ ഫോമയുടെ കഴിഞ്ഞകാല പ്രവർത്തനങ്ങളിലും ഇപ്പോഴും ഫോമ നാഷണൽ ലീഡർഷിപ്പിനോട് ചേർന്ന് നിന്നുകൊണ്ട് പ്രവർത്തിക്കുന്നു എന്ന് വിശദീകരിക്കുകയുണ്ടായി കഴിഞ്ഞ കാലങ്ങളിൽ പ്രവർത്തിച്ചതുപോലെ തന്നെ വരുന്ന വർഷങ്ങളിലും ലീഡർഷിപ്പ് കൊടുക്കുവാൻ ഫോമാ സെൻട്രൽ റീജിയൻ അംഗങ്ങൾ കൈകോർത്ത് പിടിച്ച് മുന്നോട്ടു വരുമെന്ന് അറിയിച്ചു.

ഫോമ നാഷണൽ ട്രഷറർ സിജിൻ പാലക്ക ലോഡി മറുപടി പ്രസംഗത്തിൽ സെൻട്രൽ റീജന്റ് പ്രവർത്തനങ്ങളെ പ്രശംസിച്ചു. അദ്ദേഹം ഫോമാ സെൻട്രൽ റീജൻ നടത്തുന്ന പ്രവർത്തനങ്ങൾ



എപ്പോഴുംമറ്റുള്ള റീജനുകൾക്ക് പ്രചോദനമാകുകയും മറ്റുള്ള റീജനകളെക്കാൾ ഫോമാ സെൻട്രൽ റീജൻ വളരെ ആക്ടീവായി പ്രവർത്തിക്കുന്നതിനുള്ള സന്തോഷം അറിയിക്കുകയും ചെയ്തു സിജിൽ ഫോമയുടെ ചാരിറ്റി പ്രവർത്തനങ്ങളെക്കുറിച്ചും ഫോമയുടെ സമ്മർ ടു കേരള എന്ന പ്രോഗ്രാമിനെ കുറിച്ചും വിശദമായി വിവരിക്കുകയുണ്ടായി ഫോമ വെസ്റ്റേൺ നാഷണൽ കമ്മിറ്റി മെമ്പർ ജോർജ് പുല്ലാപ്പള്ളി ഫോമ സെൻട്രൽ പ്രവർത്തനങ്ങൾ മറ്റു റീജനകൾക്ക് വളരെ പ്രചോദനം നൽകുന്നു എന്ന് അഭിപ്രായപ്പെടുകയുണ്ടായി, ഫോമാ പി ആർ ഓ ആയി പ്രവർത്തിക്കുന്ന ഷോളി കുമ്പിളി വേലി സെൻട്രൽ റീജിയനോട് ഒപ്പം കഴിഞ്ഞ കാലങ്ങളിൽ പ്രവർത്തിക്കുവാൻ സാധിച്ചതും റീജൻറ് പ്രവർത്തനങ്ങൾ എപ്പോഴും ഫോമായിക്ക് വലിയ മുതൽക്കൂട്ടായി എന്ന് ഓർപ്പിക്കുകയും ചെയ്തു.


. ആശംസകൾ അർപ്പിച്ച് ഫോമ സെൻട്രൽ റീജിയൻ നാഷണൽ കമ്മിറ്റി മെമ്പർ ജോർജ് മാത്യു, നാഷണൽ ജുഡീഷ്യൽ ചെയർമാൻ ബെന്നി വാചാച്ചിറ അഡ്വൈസറി കമ്മിറ്റി വൈസ് ചെയർമാൻ ജോസ് മണക്കാട്, കേരള കൺവെൻഷൻ ചെയർമാൻ പീറ്റർ കുളങ്ങര എന്നിവർ ഫോമയുടെ കഴിഞ്ഞകാല പ്രവർത്തനങ്ങളെ അഭിനന്ദിക്കുകയും കൂടുതൽ ആർജ്ജവത്തോടെ ഇനിയും ഫോമായി പ്രവർത്തിക്കാൻ കഴിയട്ടെ എന്ന് ആശംസിക്കുകയും ചെയ്തു.

തദവസരത്തിൽ ഫോമ മുൻ വൈസ് പ്രസിഡണ്ട് ആയിരുന്ന സണ്ണി വള്ളിക്കുളം സ്റ്റാൻലി കളരിക്കമുറി നാഷണൽ ക്രെഡെൻഷ്യൽ കമ്മിറ്റി മെമ്പർ ജോൺ പാട്ടപ്പതി, ഫോമാ സെൻട്രൽ വിജയൻ സീനിയർ സിറ്റിസൺ ചെയർമാൻ ജോസഫ് കൊട്ടുകാപ്പള്ളി, പബ്ലിക് അഫയേഴ്സ് ചെയർമാൻ മേരി കുര്യാക്കോസ്, സെൻട്രൽ റീജിയൻ കോഡിനേറ്റർ സാബു കട്ടപ്പുറം എന്നിവർ ആശംസകൾ അറിയിച്ചു . ട്രഷറർ രാജൻ തലവെടി യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി രേഖപ്പെടുത്തിക്കൊണ്ട് യോഗം പര്യവസാനിച്ചു

ഫോമാ സെൻട്രൽ റീജിനു വേണ്ടി സെക്രട്ടറി അച്ഛൻ കുഞ്ഞു മാത്യു



# ഫാദർ ജോസഫ് വർഗീസ് രചിച്ച 'വി ബിലീവ് ഇൻ വൺ ട്രൂ ഗോഡ്' പരിശുദ്ധ ഇഗ്നേഷ്യസ് എഫ്രേം ദ്വിതീയൻ പാത്രിയർക്കീസ് ബാവ ബെയ്റൂട്ടിൽ പ്രകാശനം ചെയ്തു




**ജോർജ് തുമ്പയിൽ**

ലെബനൻ: ഫാദർ ജോസഫ് വർഗീസ് രചിച്ച 'വി ബിലീവ് ഇൻ വൺ ട്രൂ ഗോഡ്' എന്ന ഗ്രന്ഥം ബെയ്റൂട്ടിലെ സിറിയൻ ഓർത്തഡോക്സ് ചർച്ച് ഓഫ് അന്തിയോഖ്യാ പാത്രിയർക്കൽ സെന്ററിൽ നടന്ന ചടങ്ങിൽ അന്ത്യോഖ്യാ പാത്രിയർക്കീസും യൂണിവേഴ്സൽ സിറിയൻ ഓർത്തഡോക്സ് സഭയുടെ പരമോന്നത തലവനുമായ പരിശുദ്ധ ഇഗ്നേഷ്യസ് എഫ്രേം ദ്വിതീയൻ പാത്രിയർക്കീസ് ബാവ പ്രകാശനം ചെയ്തു. പുതുതായി അഭിഷിക്തനായ ഇന്ത്യയിലെ കാതോലിക്കോസ്, പരിശുദ്ധ ബസേലിയോസ് ജോസഫ് ബാവായ്ക്കൊപ്പം നിരവധി മെത്രാന്മാരും വൈദികരും ഇന്ത്യയിൽ നിന്നും ലോകമെങ്ങും നിന്നുള്ള വിശ്വാസികളും ചടങ്ങിന് സാക്ഷികളായി.

സിറിയൻ ഓർത്തഡോക്സ് സഭയുടെ ക്രിസ്തുശാസ്ത്രത്തിന്റെ വ്യാഖ്യാനമായ ഈ പുസ്തകം ദിവ്യകാരുണ്യ കേന്ദ്രീകൃതമായ ആരാധനാക്രമത്തെയും നൂറ്റാണ്ടുകളായുള്ള ആരാധനാക്രമത്തിന്റെ ഘട്ടം ഘട്ടമായ വളർച്ചയെയും അവതരിപ്പിക്കുന്നു. സഭയുടെ വിശ്വാസം പ്രാർത്ഥനയിൽ അധിഷ്ഠിതമാണെന്ന് സ്ഥാപിക്കുകയാണ് പുസ്തകത്തിൻറെ പ്രമേയം.

ദൈവശാസ്ത്രജ്ഞർ മാത്രമല്ല, ക്രിസ്തുവിന്റെ വ്യക്തിത്വത്തെക്കുറിച്ചും ക്രിസ്തുവിലുള്ള വിശ്വാസത്തെക്കുറിച്ചുമുള്ള ഏറ്റവും പ്രധാനപ്പെട്ട ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ തേടുന്ന എല്ലാവരും വായിക്കേണ്ട പുസ്തകമാണിത്. സിറിയൻ ഓർത്തഡോക്സ് സഭയുടെ വിശ്വാസം യാഥാസ്ഥികമോ അതോ അംഗീകൃത വിശ്വാസത്തിനെതിരോ എന്നതാണ് ഈ പുസ്തകത്തിൽ ഉത്തരം നൽകാൻ ശ്രമിച്ചിരിക്കുന്ന അടിസ്ഥാന ചോദ്യം. ഈ ചോദ്യം ചരിത്രപരമായും സൈദ്ധാന്തികമായും ബിബ്ലിക്കലായും പുസ്തകത്തിൽ പരിശോധിക്കപ്പെടുന്നു. മനുഷ്യത്വവും ദൈവത്വവുമടങ്ങിയ ക്രിസ്തുവിന്റെ രണ്ട് സ്വഭാവങ്ങളുടെ ഏകത്വത്തെക്കുറിച്ച് അലക്സാണ്ട്രിയയിലെ സിറിളിന്റെ വിചിന്തനങ്ങൾ സെവെറസ് അന്തിയോക്കിനെപ്പോലുള്ള സിറിയൻ ഓർത്തഡോക്സ് സഭയുടെ പിതാക്കന്മാരുടെ പഠനങ്ങളിലൂടെ പുസ്തകത്തിൽ വിശദീകരിക്കുന്നു.

ഭൗമരാഷ്ട്രീയ സാഹചര്യങ്ങൾ വിലയിരുത്തുന്നതിലും കോൺസ്റ്റാന്റിനോപ്പിളിലും എഫെസൂസിലും യഥാക്രമം നടന്ന രണ്ടാമത്തെയും മൂന്നാമത്തെയും എക്യുമെനിക്കൽ കൗൺസിലുകൾക്ക് ശേഷം ആദ്യകാല സഭ എങ്ങനെ ധ്രുവീകരിക്കപ്പെട്ടു എന്ന് വിശദീകരിക്കുന്നതിലും പുസ്തകം ശ്രദ്ധിക്കുന്നു. ഏറ്റവും പ്രധാനമായി, ഈ കൃതിയിലൂടെ, സിറിയൻ ഓർത്തഡോക്സ് സഭയുടെ ക്രിസ്തുവീക്ഷണം പാഷണ്ഡതയിലധിഷ്ഠിതമല്ലെന്ന് കാണിക്കാൻ ശ്രമിക്കുന്നു. രണ്ടാമതായി, സിറിയൻ ഓർത്തഡോക്സ് സഭ യാഥാസ്ഥിതിക ക്രിസ്തീയ സൈദ്ധാന്തികതയെ വിശ്വസ്തതയോടെ കാത്തുസൂക്ഷിക്കുകയും അപ്പോസ്തോലിക പാരമ്പര്യത്തെ തകർക്കപ്പെടാതെ പിന്തുടരുകയും ചെയ്യുന്നുവെന്ന് സമർത്ഥിക്കുന്നു .

## ഫാ. ജോസഫ് വർഗീസ് പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ശബ്ദം

മതാന്തര സംവാദങ്ങളിലൂടെയും സമാധാന ദൗത്യ യാത്രകളിലൂടെയും ശ്രദ്ധിക്കപ്പെട്ട, പാർശ്വവൽക്കരിക്കപ്പെട്ടവർക്കു വേണ്ടി സംസാരിക്കുന്ന ഫാ. ജോസഫ് വർഗീസ് ആത്മീയ പാതകളിലെ അനുകരണീയ വ്യക്തിത്വമാണ് . മതങ്ങൾ തമ്മിലും വ്യത്യസ്ത മത പാരമ്പര്യങ്ങൾക്കിടയിലും വിവിധ തലങ്ങളിൽ ദേശീയ, അന്തർ ദേശീയ തലത്തിൽ ക്രിയാത്മക ഇടപെടലുകൾക്കും സഹകരണത്തിനും നേതൃത്വം വഹിക്കുന്ന ജോസഫ് വർഗീസ് അച്ചൻ മലയാളികൾക്ക് സുപരിചിതനാണ് . നിലപാടുകളിലെ വ്യതിരിക്തത ഈ വൈദികന്റെ പ്രവർത്തന വഴികളെ വേറിട്ടതാക്കുന്നു.

അന്ത്യോഖ്യ സിറിയൻ ഓർത്തഡോക്സ് ചർച്ചിന്റെ അമേരിക്കയിലെ മലങ്കര ആർച്ച് ഡയോസിസിലെ വൈദികനാണ് പത്തനംതിട്ട സ്വദേശിയായ ഫാ. ജോസഫ് വർഗീസ്. ഹോളി സോഫിയ കോപ്റ്റിക് ഓർത്തഡോക്സ് സ്കൂൾ ഓഫ് തിയോളജിയിലെ ആരാധനക്രമ പഠനത്തിന്റെ അഡ് ജംക്റ്റ് പ്രൊഫസറായും ന്യൂയോർക്കിലെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിലീജിയസ് ഫ്രീഡം ആൻഡ് ടോളറൻസിന്റെ (IRFT-New York),എക്സിക്യൂട്ടീവ് ഡയറക്ടറായും ഫാ. ജോസഫ് വർഗീസ് സേവനമനുഷ്ഠിക്കുന്നു. ഐക്യരാഷ്ട്രസഭാ ആസ്ഥാനത്ത് സമാധാനത്തിനായുള്ള മതങ്ങളുടെ എക്സിക്യൂട്ടീവ് കൗൺസിൽ (RFP-USA), അംഗമായും നാഷണൽ കൗൺസിൽ ഓഫ് ചർച്ചസ് യു.എസ്.എ.യുടെ ഇന്റർ റിലീജിയസ് ഡയലോഗു (NCC-USA) കളുടെ കോ -കൺവീനറായും പ്രവർത്തിക്കുന്നു . മുപ്പത്തി ഏഴ് അംഗ കൂട്ടായ്മകളെയും 30 ദശലക്ഷത്തിലധികം ക്രിസ്ത്യാനികളെയും പ്രതിനിധീകരിക്കുന്ന യുഎസിലെ നാഷണൽ കൗൺസിൽ ഓഫ് ചർച്ചസിന്റെ 2010 മുതലുള്ള മതാന്തര സംവാദങ്ങളുടെ കൺവീനിംഗ് ടേബിളിന്റെ കോ-കൺവീനറുമാണ് ഫാ. ജോസഫ് വർഗീസ്.

സത്യവും സാമൂഹിക നീതിയും നടപ്പാക്കുന്നത് ലക്ഷ്യമിട്ട നാഷണൽ കൗൺസിൽ ഓഫ് ചർച്ചസിന്റെ ഉപദേശക സമിതിയിലേക്ക് 2017ൽ ഫാ. ജോസഫ് വർഗീസ് നോമിനേറ്റ് ചെയ്യപ്പെട്ടു.

2017 ഫെബ്രുവരി 5ന് മതങ്ങളുടെയും സർക്കാരുകളുടെയും ഉത്തരവാദിത്വം എന്ന വിഷയത്തെക്കുറിച്ച് ന്യൂയോർക്കിലെ യു.എൻ. പ്ലാസയിൽ നടന്ന യു.എൻ കോൺഫറൻസിൽ ഫാ. ജോസഫ് വർഗീസ് പ്രത്യേക ക്ഷണിതാവായിരുന്നു . 2018 നവംബർ 2 മുതൽ 6 വരെ കാനഡയിലെ ടൊറന്റോയിൽ നടന്ന ലോകമതങ്ങളുടെ പാർലമെന്റിൽ ഫാ. ജോസഫ് വർഗീസ് മോഡറേറ്ററായിരുന്നു.

''മതപരമായ ബഹുസ്വരതയുമായി ഇടപഴകുന്നതിലെ വെല്ലുവിളികളും അവസരങ്ങളും'' എന്ന വിഷയത്തിൽ വേൾഡ് പാർലമെന്റിൽ നടന്ന ചർച്ചയിലും 2023 ഓഗസ്റ്റ് 14-18 തീയതികളിൽ ഷിക്കാഗോയിലെ മക്കോർമിക് കൺവെൻഷൻ സെന്ററിൽ നടന്ന നടന്ന ചർച്ചയിലും ഫാ. ജോസഫ് വർഗീസ് മോഡറേറ്ററായി.

ന്യൂയോർക്കിലെ യുഎൻ പ്ലാസ ആസ്ഥാനമായ സമാധാനത്തിനായുള്ള മതങ്ങളുടെ എക്സിക്യൂട്ടീവ് കൗൺസിലിലേക്ക് 2018-ൽ നാമനിർദ്ദേശം ചെയ്യപ്പെട്ട ഫാ. ജോസഫ് വർഗീസ് എക്സിക്യൂട്ടീവ് കൗൺസിലിൽ തുടരുന്നു.

ഇറാഖ് യുദ്ധവേളയിലും അതിനുശേഷമുണ്ടായ അഭയാർത്ഥി പ്രതിസന്ധി സമയത്തും അച്ചനോടൊപ്പം യുഎസ് പുരോഹിതരും പാസ്റ്റർമാരും ദുരിതാശ്വാസ ദൗത്യത്തിന്റെ ഭാഗമായി ജോർദാൻ, ലെബനൻ, സിറിയ എന്നിവിടങ്ങളിലേക്ക് സഹായങ്ങളുമായി യാത്ര ചെയ്തു.

2015 ൽ ലിബിയയുടെ മെഡിറ്ററേനിയൻ തീരത്ത് ഐസിസ് കൂട്ടക്കൊല ചെയ്ത 21 കോപ്റ്റിക് ക്രിസ്ത്യാനികളുടെ ദുഃഖിതരായ കുടുംബങ്ങളെ ആശ്വസിപ്പിക്കാനും സഹായിക്കാനും ഈജിപ്തിലെ അപ്പർ സിനായ് പെനിൻസുലയിലേക്ക് അച്ചൻ യാത്ര ചെയ്തു.

യുദ്ധകാലത്ത് സമാധാന ദൗത്യത്തിനായി ലോക മതനേതാക്കളുമായുള്ള സന്ദർശനത്തിന് ശേഷം യുക്രെയ്നിലെ കീവ് സന്ദർശിച്ചു

2018 ഡിസംബർ 17-19 തീയതികളിൽ തിരുപ്പതിയിൽ നടന്ന ഇന്റർനാഷണൽ ഹിന്ദു-ക്രിസ്ത്യൻ കോൺഫറൻസിൽ ഫാ. ജോസഫ് വർഗീസ് ക്രിസ്ത്യൻ മതത്തെ പ്രതിനിധീകരിച്ചു.

മതങ്ങളുടെയും സർക്കാരുകളുടെയും ഉത്തരവാദിത്വം എന്ന വിഷയത്തെക്കുറിച്ച് ന്യൂയോർക്കിലെ യു.എൻ. പ്ലാസയിൽ നടന്ന കോൺഫറൻസിൽ അച്ചൻ പ്രത്യേക ക്ഷണിതാവായിരുന്നു

ഗവൺമെന്റുകൾ- സ്വയംഭരണത്തിനും പരസ്പര പൂരകത്തിനും ഇടയിൽ ''ഈക്വൽ സിറ്റിസൺഷിപ്' എന്ന വിഷയത്തിൽ 2018-ൽ ജനീവയിൽ നടന്ന ആദ്യ യുഎൻ കോൺഫറൻസിന്റെ പ്രതിനിധിയായി പങ്കെടുത്തു .

ലെബനൻ, ജോർദാൻ, സിറിയൻ എന്നിവിടങ്ങളിലെ അഭയാർത്ഥി ക്യാമ്പുകളിലേക്ക് മാനുഷിക സ്നേഹദൗത്യവുമായി യാത്ര ചെയ്തു.

2018 ജൂൺ 25 ന് സ്വിറ്റ്സർലണ്ടിലെ ജനീവയിൽ ഐക്യരാഷ്ട്രസഭയിൽ 'മതങ്ങൾ, വിശ്വാസങ്ങൾ, മൂല്യവ്യവസ്ഥ : തുല്യപൗരത്വ അവകാശങ്ങൾ ഉറപ്പാക്കുന്നതിന് കൈകോർത്ത് നീങ്ങുക'' എന്ന വിഷയത്തിൽ നടന്ന ആദ്യ ആഗോള കോൺഫറൻസിൽ അമേരിക്കയിലെ മതങ്ങളെ പ്രതിനിധീകരിച്ച് സിറിയൻ ഓർത്തഡോക്സ് സഭയിൽ നിന്ന് ഫാ. ജോസഫ് വർഗീസും പങ്കെടുത്തു.

# Got into an accident?

# NEVER TO WORRY



## CALL

## GLOBAL COLLISION
& BODY WORKS LLC

## 1-845-727-4022

**We will pick up the vehicle
and repair it fully to your satisfaction!**

# ഫോമാ 2026-'28 ഭരണസമിതിയിലേയ്ക്കുള്ള പാനലിന് ഉടൻ അന്തിമ രൂപമാവുമെന്ന് മാത്യു വർഗീസ് (ജോസ്)





**എ.എസ് ശ്രീകുമാർ**

അമേരിക്കൻ മലയാളി സമൂഹത്തിലും ജൻമനാട്ടിലും ജനക്ഷേമ പരിപാടികൾ സമയബന്ധിതമായി ആവിഷ്കരിച്ച് നടപ്പാക്കുന്ന ഫോമായുടെ 2026-'28 എക്സിക്യൂട്ടീവ് കമ്മിറ്റിയിലേയ്ക്ക് മൽസരിക്കുന്നതിനുള്ള പാനലിന് ഉടൻ അന്തിമ രൂപം നൽകുമെന്ന് പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് മൽസരിക്കുന്ന മാത്യു വർഗീസ് എന്ന ജോസ് (ഫ്ളോറിഡ) വ്യക്തമാക്കി. അമേരിക്കൻ മലയാളി സമൂഹത്തെ വിശ്വാസത്തിലെടുത്തായിരിക്കും ഉചിതമായ സ്ഥാനാർത്ഥികളെ നിശ്ചയിക്കുകയെന്ന് പാനലിന് നേതൃത്വം നൽകുന്ന മാത്യു വർഗീസ് പറഞ്ഞു. പതിറ്റാണ്ടുകളായുള്ള അദ്ദേഹത്തിന്റെ ബഹുമുഖവും സുതാര്യവുമായ സംഘടനാ പ്രവർത്തന പാരമ്പര്യമാണ് ഫോമാ എന്ന അമേരിക്കൻ മലയാളികളുടെ ഏറ്റവും വലിയ സംഘടനയെ നയിക്കാനുള്ള മാത്യു വർഗീസിന്റെ യോഗ്യത.

മികച്ച സംഘാടകൻ, പരിണതപ്രജ്ഞനായ മാധ്യമ പ്രവർത്തകൻ തുടങ്ങിയ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള മാത്യു വർഗീസ് അമേരിക്കൻ മലയാളികൾക്കിടയിലെ സൗമ്യസാന്നിധ്യമാണ്. ഈ കുടിയേറ്റ സമൂഹത്തിൽ വ്യത്യസ്ത ചിന്താഗതിക്കാരായവരെയെല്ലാം സഹകരിപ്പിച്ചുകൊണ്ടും ഏകോപിപ്പിച്ചുകൊണ്ടും ഫോമായുടെ പ്രഖ്യാപിത ലക്ഷ്യങ്ങൾ നേടുന്നതിനായി നിലകൊള്ളാനാണ് ഐക്യത്തിന്റെ വകാതാവായി വിശേഷിപ്പിക്കപ്പെടുന്ന മാത്യു വർഗീസിന്റെ ആഗ്രഹം.

ഫോമായുടെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ, നാഷണൽ കമ്മിറ്റി അംഗങ്ങൾ, വിവിധ റീജിയനുകൾ, അംഗസംഘടനകൾ, സർവോപരി ഫോമാ കുടുംബാംഗങ്ങൾ എന്നിങ്ങനെയുള്ള വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്നവർ തമ്മിലുള്ള വിട്ടുവീഴ്ചയില്ലാത്ത സ്നേഹവും ഐക്യവുമാണ് തന്റെ പ്രഥമ അജണ്ടയെന്ന് മാത്യു വർഗീസ് പറയുന്നു. മലയാള തനിമക്കും പാരമ്പര്യത്തിനും മുൻ തൂക്കം നൽകുന്നതോടൊപ്പം കർമഭൂമിയിലും ജൻമനാട്ടിലും നടപ്പാക്കുന്ന ഫോമായുടെ സ്വപ്ന പദ്ധതികളുടെ പിന്തുടർച്ചയ്ക്ക് ഐക്യവും പരസ്പര ധാരണയും വിശ്വാസവും അനിവാര്യമാണെന്ന് മാത്യു വർഗീസ് വ്യക്തമാക്കി. അതുതന്നെയാണ് ഫോമായുടെ കെട്ടുറപ്പിന്റെ അടിസ്ഥാനവും.




തിരുവല്ലയ്ക്ക് സമീപം വെണ്ണിക്കുളം സ്വദേശിയായ മാത്യു വർഗീസ് നാട്ടിലെ കേളേജ് വിദ്യാഭ്യാസത്തിനുശേഷം 1985-ലാണ് ന്യൂയോർക്കിയിലെത്തിയത്. തുടർന്ന് 1986-ൽ മെരിലാൻഡിലെത്തി പഠനം തുടരുന്നതിനൊപ്പം കേരള അസോസിയേഷൻ ഓഫ് ഗ്രേറ്റർ വാഷിങ്ടണിൽ സംഘടനാ പ്രവർത്തനത്തിന് ഹരീശ്രീ കുറിച്ചു. പിന്നീട് സംഘടനയുടെ ട്രഷററായി. 1991-ൽ ഫ്ളോറിഡയിലേയ്ക്ക് താമസം മാറിയ മാത്യുവർഗീസ് ഫാർമസി ചെയിനിൽ മാനേജരായി. പ്രസ്തുത മേഖലയിൽ 15 വർഷത്തിലേറെ പ്രവർത്തന പാരമ്പര്യമുള്ള മാത്യു വർഗീസ് തുടർന്ന് സ്വന്തം ബിസിനസിലേയ്ക്ക് ചുവടുമാറ്റി.

ഫ്ളോറിഡ തന്റെ തട്ടകമാക്കിയ മാത്യു വർഗീസ് 'നവകേരള മലയാളി അസോസിയേഷൻ ഓഫ് സൗത്ത് ഫ്ളോറിഡ' രൂപീകരിക്കുന്നതിൽ മുഖ്യ കാർമികത്വം വഹിക്കുകയും സംഘടനയുടെ പ്രസിഡന്റാവുകയും ചെയ്തു. ഈ സംഘടനയുടെ നേതൃത്വത്തിൽ 2025 ജനുവരി 14-ാം തീയതി ആലപ്പുഴ മണ്ണഞ്ചേരി ഹൈസ്കൂൾ വിദ്യാർത്ഥിനിയായ മഞ്ജിമയ്ക്ക് വീടുവച്ച് നൽകിയതിനു പിന്നിൽ മാത്യു വർഗീസിന്റെ ശ്രമവും ഉണ്ട്. പ്ലസ് ടു പരീക്ഷയിൽ എല്ലാവിഷയത്തിലും എ പ്ലസ് നേടിയ നിർധനയായ മഞ്ജിമയും കുടുംബവും ചോർന്നൊലിക്കുന്ന വീട്ടിലാണ് താമസിച്ചിരുന്നത്.

അവിഭക്ത ഫൊക്കാനയുടെ 2004-2006 വർഷത്തെ ട്രഷററായി പ്രവർത്തിച്ച മാത്യു വർഗീസ് ഫോമായുടെ രൂപീകരണത്തിന് മുഖ്യ പങ്ക് വഹിച്ച വ്യക്തിയാണ്. അന്നു മുതൽ സംഘടനയ്ക്കൊപ്പമുള്ള ഇദ്ദേഹം 2014-ലെ മയാമി കൺവൻഷന്റെ ചെയറായും 2028-ലെ ചിക്കാഗോ കൺവൻഷന്റെ പി.ആർ.ഒ എന്ന നിലയിലും പ്രവർത്തിച്ചിട്ടുണ്ട്. കാൽ നൂറ്റാണ്ടുമുമ്പ് ഏഷ്യാനെറ്റ് അമേരിക്കയിൽ പ്രവർത്തനമാരംഭിച്ചപ്പോൾ ഏഷ്യനെറ്റ് യു.എസ്.എയുടെ ഓപറേഷൻസ് മാനേജരായി അതിന്റെ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചുകൊണ്ടാണ് മാത്യു വർഗീസ് ദൃശ്യ മാധ്യമ രംഗത്തേയ്ക്കും പ്രവേശിച്ചത്. ഫ്ളോറിഡയിൽ നിന്നുള്ള 'മലയാളി മനസി'ന്റെ പത്രാധിപരായിരുന്നു.

ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ (ഐ.പി.സി.എൻ.എ) പ്രസിഡന്റായിരിക്കെ കൊച്ചി ബോൾഗാട്ടി പാലസിൽ ഇദ്ദേഹം സംഘടിപ്പിച്ച പ്രഥമ സമ്മേളനമാണ് പിൽകാലത്ത് നാട്ടിലും തരംഗമായിമാറിയ മാധ്യമ ശ്രീ, മാധ്യ രത്ന, മീഡിയാ എക്സലൻസ് പുരസ്കാര രാവുകൾക്ക് വഴിമരുന്നിട്ടത്. ഐ.പി.സി.എൻ.എയുടെ ഫ്ളോറിഡ ചാപ്റ്റർ പ്രസിന്റായി പലവട്ടം പ്രവർത്തിച്ചു. സാമൂഹിക സംഘടനാ പ്രവർത്തനങ്ങൾക്ക് പുറമെ സാമുദായിക രംഗത്തും മാത്യു വർഗീസ് കൈയൊപ്പു ചാർത്തിയിട്ടുണ്ട്. ഓർത്തഡോക്സ് സഭാ കൗൺസിൽ അംഗം, ഹോളിവുഡ് സെന്റ് തോമസ് ഇന്ത്യൻ ഓർത്തഡോക്സ് പള്ളി സെക്രട്ടറി സ്ഥാനങ്ങൾ വഹിച്ചു.




ഏതൊരു സംഘടനയെ സംബന്ധിച്ചും അതിന് ജനകീയ മുഖം കൈവരണമെങ്കിൽ നിശ്ചയദാർഢ്യവും ദീർഘവീക്ഷണവും കഠിനാധ്വാനവും അർപണബോധവുമുള്ള നേതൃനിരയുണ്ടാവണം. ഫോമായെ വ്യത്യസ്തമായ ഒരു ദിശയിലേയ്ക്ക് നയിക്കുന്നതിനായായി അഭ്യുദയകാംക്ഷികളായ പലരുടെയും അഭ്യർത്ഥന മാനിച്ചാണ് താൻ ഫോമാ പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് മൽസരിക്കുന്നതെന്ന് മാത്യു വർഗീസ് പറയുന്നു. അമേരിക്കയിലും കേരളത്തിലും ഫേമാ നടത്തേണ്ട പദ്ധതികളുടെ ക്രിത്യമായ മാസ്റ്റർ പ്ലാൻ ഇദ്ദേഹത്തിന്റെ മനസിലുണ്ട്.

വലിയ ബഹളമോ നടപ്പാക്കാൻ പറ്റാത്ത വാഗ്ദാനങ്ങളുടെ നീണ്ട പട്ടികയോ ഒന്നും മാത്യു വർഗീസിന്റെ പക്കൽ ഇല്ല. പക്ഷേ, ഏറ്റെടുക്കുന്നതും പ്രഖ്യാപിക്കപ്പെടുന്നതുമായ ജനകീയ പദ്ധതികൾ യഥാസമയം പൂർത്തീകരിക്കാനുള്ള ഇച്ഛാശക്തി അദ്ദേഹത്തിനുണ്ട്. അതിന്റെ തെളിവ് മാത്യു വർഗീസിന്റെ ഇതുവരെയുള്ള കരിയർ ഗ്രാഫാണ്. നേഴ്സ് മാനേജരായ ആശയാണ് ഭാര്യ. ഓക്ക്യുപ്പേഷൻ തെറാപ്പിയിൽ ഡോക്ടറേറ്റ് നേടിയ നികിത, ഡെന്റിസ്റ്റായ നിതീഷ് എന്നിവർ മക്കൾ. മരുമകൻ അനീഷ് അറ്റോർണിയും മരുമകൾ സോണിയ വിദ്യാർത്ഥിനിയുമാണ്. മലിയ, ജൂലിയൻ, ലിയാന എന്നിവരാണ് കൊച്ചുമക്കൾ.



Now baking 4 exciting flavors
Plum Cakes Freshly Made in USA
HOTCAKEUSA
Premium Plum Fruit & Nut Cake
Handmade with Finest Organic & Natural Ingredients
'Available at all leading stores in USA'
Seeking Part-time Sales and Marketing Professionals from all 50 states
NOW ACCEPTING BULK PRE-ORDERS!
Nationwide Retailers Welcome!
www.hotcakeusa.com or Call 1-201-479-2727



The First
'OTT' Platform
MediaAppUSA
Developed by
Malayalees from NA
MediaAppUSA
Originates From North America
amazon fireTV
Roku
tv
Google TV
Amazon fireTV
ROKU TV
Apple TV
GoogleTV
Samsung
SMART TV
LG
Life's Good
Panasonic
VIZIO
Samsung TV
LGTV
Panasonic
VIZIO TV
Any Android or iOS Streaming Device
Watch LIVE TV
LIVE Events
'VOD' Video On Demand
Movies
For more info: 1-917-990-2123 or visit www.mediaappusa.com

# ലാലിന്റെ വിലാപം



സുനിൽ വല്ലാത്തറ
ഫ്ലോറിഡാ

1978 ൽ തിരനോട്ടം എന്ന സിനിമയുടെ അസോസിയേറ്റ് ഡയറക്ടർ ആയിരുന്ന തിരുവനന്തപുരംകാരൻ ജി സുരേഷ് കുമാർ ആണ് തന്റെ അടുത്ത സുഹൃത്ത് മോഹൻലാലിന് ആ സിനിമയിൽ അഭിനയിക്കാൻ ശുപാർശ ചെയ്തത്

ആ സിനിമ കുറെയധികം കാലം പുറം ലോകം കാണാതെ പെട്ടിയിൽ ഇരുന്നു നീണ്ട ഇടവേളയ്ക്കു ശേഷം പ്രശസ്ത സംവിധായകൻ ഫാസിൽ തന്റെ അടുത്തു തന്നെ ചിത്രീകരണം ആരംഭിക്കുന്ന പുതിയ ചിത്രം മഞ്ഞിൽ വിരിഞ്ഞ പൂക്കളിലേക്ക് വില്ലൻ കഥാപാത്രം ചെയ്യാൻ പുതുമുഖത്തെ ആവശ്യം ഉണ്ടെന്നു പറഞ്ഞു പത്രത്തിൽ പരസ്യം കൊടുത്തു. ആ പരസ്യം കണ്ട ജി സുരേഷ് കുമാർ മോഹൻലാലിന്റെ ഫോട്ടോയും ബയോഡേറ്റയും വാങ്ങി തനിക്കു അന്നുണ്ടായിരുന്ന സ്കൂട്ടറിൽ പോസ്റ്റോഫീസിൽ പോയി പത്ര പരസ്യത്തിൽ കണ്ട അഡ്രസ്സിൽ അയച്ചു കൊടുത്തു

അങ്ങനെ ചിത്രീകരണം പൂർത്തിയായി മഞ്ഞിൽ വിരിഞ്ഞ പൂക്കൾ റീലിസ് ആയി. കേരളത്തിൽ ഉടനീളം പ്രമുഖ തീയേറ്ററുകളിൽ ഇറങ്ങിയ ആ ചിത്രം ബോക്സ്ഓഫീസ് ഹിറ്റായി. ചിത്രത്തിലെ നായകൻ ശങ്കറിനെക്കാളും ശ്രദ്ധിക്കപ്പെട്ടതും ജനങ്ങളുടെ ഇടയിൽ സംസാര വിഷയം ആയതും നരേന്ദ്രൻ എന്ന വില്ലൻ കഥാപാത്രത്തെ അവതരിപ്പിച്ച മോഹൻലാൽ ആയിരുന്നു

തുടർന്ന് കുറച്ചു കാലം വില്ലൻ കഥാപാത്രങ്ങൾ ലാലിന് ലഭിച്ചെങ്കിലും താമസിയാതെ സഹനായകനിലേക്കും പതുക്കെ നായകനിലേക്കും ലാൽ ഉയർന്നു

മോഹൻലാൽ മലയാള സിനിമയിൽ തന്റേതായ ഒരു സ്ഥാനം ഉറപ്പിച്ചതോടെ അദ്ദേഹത്തിന്റെ ബാല്യകാല സുഹൃത്തുക്കളും സ്കൂൾ കോളേജ് സഹപാഠികളും ആയ കുറെയധികം പേർ മലയാള സിനിമ രംഗത്തേയ്ക്കു കടന്നു വന്നു. അദ്ദേഹത്തിന്റെ വളരെ അടുത്ത സുഹൃത്തുക്കൾ ആയ സുരേഷ് കുമാറും സനൽ കുമാറും നിർമ്മാതാക്കൾ ആയപ്പോൾ പ്രിയദർശൻ സംവിധായകനായി. എം ജി ശ്രീകുമാർ തുടക്കത്തിൽ മോഹൻലാൽ സിനിമകളിലെ മാത്രം ഗായകൻ ആയപ്പോൾ മണിയൻപിള്ള രാജു നിർമ്മാതാവും നടനുമായി



എൺപതുകളിലും തൊണ്ണൂറുകളിലുമായി മോഹൻലാൽ മികച്ച സംവിധായകർ ആയ ഐ വി ശശിയുടെയും പി പദ്മരാജന്റെയും ഭരതന്റെയും ജോഷിയുടെയും സത്യൻ അന്തിക്കാടിന്റെയും ചിത്രങ്ങളിൽ അഭിനയിച്ചു ഉയരങ്ങളിൽ നിന്നും ഉയരങ്ങളിലേക്ക് പറക്കുമ്പോഴും തന്റെ പഴയ മിത്രങ്ങളുടെ സിനിമകളിൽ അഭിനയിച്ചുകൊണ്ടിരുന്നു

1990 ൽ ലാൽ പ്രണവം ആർട്സ് എന്നൊരു സിനിമ നിർമ്മാണ കമ്പനി ആരംഭിച്ചു. ഹിസ്ഹൈനെസ് അബ്ദുള്ള, കാലാപാനി, വാനപ്രസ്ഥം തുടങ്ങിയ ഹിറ്റ് സിനിമകൾ ഈ ബാനറിൽ ഉണ്ടായതാണ്

1988 ൽ ഹിറ്റ് സംവിധായകൻ കെ മധുവിന്റെ മോഹൻലാൽ നായകനായ മൂന്നാംമുറ എന്നൊരു ചിത്രത്തിന്റെ ചിത്രീകരണം നടക്കുന്ന ലൊക്കേഷനിൽ ആന്റണി എന്നൊരു ചെറുപ്പക്കാരൻ എല്ലാ ദിവസവും ചെല്ലുമായിരുന്നു. മോഹൻലാലിന്റെ കടുത്ത ആരാധകൻ ആയ ഈ ചെറുപ്പക്കാരന്റെ ഏക ആവശ്യം മോഹൻലാലുമായി ഒന്ന് സംസാരിക്കണം എന്നുള്ളതായിരുന്നു പല തവണ പ്രൊഡക്ഷൻ കൺട്രോളർ ഉൾപ്പെടെ ഉള്ളവരോട് പറഞ്ഞെങ്കിലും ആരും ചെവിക്കൊണ്ടില്ല.

**പഴയ സൗഹൃദങ്ങളിൽ വിള്ളൽ ഉണ്ടായോ എന്നറിയില്ല ഇപ്പോഴത്തെ ഫിലിം പ്രൊഡ്യൂസേഴ്സ് അസോസിയേഷൻ പ്രസിഡന്റ് ജി സുരേഷ് കുമാർ ആണ് എമ്പുരാൻ റീലീസ് ചെയ്യുന്നതിന് മുൻപ് തിയേറ്റർ സമരം പ്രഖ്യാപിച്ചത്. എമ്പുരാൻ റീലീസിന് ശേഷം വിവാദം ആയപ്പോൾ മോഹൻലാലിന്റെ പെട്ടി ചുമടുകാരൻ മേജർരവിക്കു മല്ലിക സുകുമാരൻ ചാനലുകളിലൂടെ മറുപടി കൊടുത്ത് കഴിഞ്ഞു രവിയുടെ പൊടി പോലും ഇപ്പോൾ കണ്ടുപിടിക്കാൻ ഇല്ല**



ഒടുവിൽ പുറത്തു ഷൂട്ടിങ് പുരോഗമിക്കുന്നതിനിടയിൽ അവിടെ തടിച്ചു കൂടിയ ജനങ്ങളുടെ ഇടയിൽ നിന്നും ആന്റണി ലാലേട്ടാ എന്നു ഉറക്കെ വിളിച്ചു. വിളി കേട്ട മോഹൻലാൽ ആന്റണിയെ അടുത്തു വിളിച്ചു സംസാരിച്ചു. ആന്റണി തന്റെ കടുത്ത ആരാധകൻ ആണെന്നും തന്റെ സിനിമ ഷൂട്ടിങ് കാണുവാൻ സ്ഥിരമായി വരുന്ന ആളാണെന്നും മനസിലാക്കിയ മോഹൻലാൽ ആന്റണിയോട് ചോദിച്ചു എന്റെ കൂടെ കൂടുന്നോ എന്ന്. ആ ആന്റണി ആണ് 1999 ൽ ആരംഭിച്ച ആശീർവാദ് സിനിമ പ്രോഡക്ഷൻസിന്റെ അമരക്കാരൻ ആന്റണി പെരുമ്പാവൂർ.

ആശീർവാദ് സിനിമയുടെ ഉത്ഭവത്തോടെ മോഹൻലാലിന്റെ കൂടുതലും ചിത്രങ്ങൾ ആ ബാനർ ആണ് നിർമ്മിക്കുന്നത്. മോഹൻലാലിന്റെ ഏയ്ഓട്ടോ പോലുള്ള ചിത്രങ്ങൾ മാത്രം നിർമ്മിച്ചിട്ടുള്ള മണിയൻപിള്ളരാജു, ആറാംതമ്പുരാൻ പോലുള്ള മോഹൻലാലിന്റെ ചിത്രങ്ങൾ മാത്രം നിർമ്മിച്ചിട്ടുള്ള ജി സുരേഷ് കുമാർ അവരൊക്കെ സാവകാശം മറ്റു നടന്മാരെ വച്ചുള്ള സിനിമകൾ നിർമ്മിക്കുവാൻ തുടങ്ങി

2010 ന് ശേഷം ലാലിന്റെ സുഹൃത്ത് വലയത്തിലും ചെറിയ വ്യത്യാസങ്ങൾ വന്നു തുടങ്ങി. പഴയ കൂട്ടുകാർക്കു പകരം ആന്റണി പെരുമ്പാവൂർ, മേജർരവി ദൃശ്യം സംവിധായകൻ ജിത്തു ജോസഫ് ഇവരാണ് ലാലിന്റെ ഇപ്പോഷത്തെ മനസ്സാക്ഷി സൂക്ഷിപ്പുകാർ

എമ്പുരാൻ സിനിമ ബി ജെ പി യും ആർ എസ് എസ്സും എതിർക്കുമ്പോഴും 2019 ൽ മമ്മൂട്ടി എന്ന മഹാനടനെ കവച്ചു വച്ചു ഇന്ത്യയിലെ പരമോന്നത സിവിലിയൻ ബഹുമതികളിൽ ഒന്നായ പദ്മഭൂഷൻ ബി ജെ പി സർക്കാർ തന്നത് വിസ്മരിച്ചുകൊണ്ട് ലാൽ ആ പടത്തിൽ അഭിനയിക്കുമോ


അതുപോലെ അഞ്ചു വർഷങ്ങൾക്കു മുൻപ് മോഹൻലാലും കൂട്ടുകാരും എന്ന് പേരിട്ട ഒരു ഷോ ദുബായിൽ മോഹൻലാൽ മുൻകൈ എടുത്തു നടത്തിയപ്പോൾ കേരളത്തിൽ നിന്നും ആകെ പങ്കെടുത്ത ഒരു രാഷ്ട്രീയ നേതാവ് കുമ്മനം രാജശേഖരൻ ആയിരുന്നു. 2019 ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ കുമ്മനം തിരുവനന്തപുരത്തു മത്സരിക്കുമ്പോൾ മോഹൻലാൽ ഒരു മണിക്കൂറാണ് പൊരിവെയിലത്ത് വോട്ടു ചെയ്യാൻ നിന്നത്

രണ്ടു വർഷങ്ങൾക്ക് മുൻപാണ് എം ജി ശ്രീകുമാർ താൻ മോഹൻലാലിന്റെ സപ്പോർട്ടിലല്ല സിനിമയിലെ മുൻനിര ഗായകൻ ആയത് എന്ന് പ്രസ്താവന ഇറക്കി

പഴയ സൗഹൃദങ്ങളിൽ വിള്ളൽ ഉണ്ടായോ എന്നറിയില്ല ഇപ്പോഴത്തെ ഫിലിം പ്രൊഡ്യൂസേഴ്സ് അസോസിയേഷൻ പ്രസിഡന്റ് ജി സുരേഷ് കുമാർ ആണ് എമ്പുരാൻ റീലീസ് ചെയ്യുന്നതിന് മുൻപ് തിയേറ്റർ സമരം പ്രഖ്യാപിച്ചത്. എമ്പുരാൻ റീലീസിന് ശേഷം വിവാദം ആയപ്പോൾ മോഹൻലാലിന്റെ പെട്ടി ചുമടുകാരൻ മേജർരവിക്കു മല്ലിക സുകുമാരൻ ചാനലുകളിലൂടെ മറുപടി കൊടുത്ത് കഴിഞ്ഞു രവിയുടെ പൊടി പോലും ഇപ്പോൾ കണ്ടുപിടിക്കാൻ ഇല്ല



മോഹൻലാൽ മാപ്പ് പറഞ്ഞു കഴിഞ്ഞു മുരളിഗോപിയുടെ പിന്നാലെ ഫേസ്ബുക്കിൽ അത് ഷെയർ ചെയ്യണം എന്നാവശ്യപ്പെടുമ്പോൾ മുരളിക്കു അറിയാം ഭരത് അവാർഡ് ലാലിനെക്കാൾ മുൻപ് ലഭിച്ചത് തന്റെ അച്ഛനാണെന്നു.


MAYURA
INDIAN RESTAURANT
9321-23 Krewstown, Philadelphia
Restuarant : 215 420 4200
Cell Phone: 267 668 8399
LET US CATER
YOUR NEXT EVENT
BOOK THE ENTIRE PLACE TO HOLD
YOUR SPECIAL EVENT
Great Food | Award Winning Chef
Plenty of Free Parking | Customize your Event

# PARK FUNERAL CHAPELS

## Generations of Dignified Personal Service




### Services

We offer a wide choice of service options, all with the dignity and personal attention you have come to know and trust from Morton Funeral Home/Ridgewood Chapels.

- Filing for Social Security Benefits
- Military & Veterans Arrangements Including Applicable Benefits
- At Need Financing through Family Assistance
- Arrangements for Deaths Occurring Abroad or Shipping Remains out of Town.
- Assistance in Claiming Life Insurance Benefits.
- Human Resources Administration Filing for Death Benefits if Applicable.
- Cost of Cemetery or Crematory, Death Certificates, Clergy & Etc. Additional)



**Park Funeral Chapels, Garden City Park, NY**
**Tel: (516) 747-4300**
**www.parkfuneralchapels.com**


Lakshmi classic
bride's
collections
പട്ടിന്റെ
ഏറ്റവും മഹത്തായ
മേൽവിലാസം....
Lakshmi Silks
THE AUTHENTIC SILK PEOPLE
T.B ROAD, KOTTAYAM
NRI CUSTOMER CARE SERVICE
+91 88916 51904
+91 88911 51907

# 100+ അംഗസംഘടനകളും പുതിയ ലോഗോയും: മാറുന്ന യുഗത്തിൽ മാറ്റങ്ങൾ ഉൾക്കൊണ്ട് ഫൊക്കാന

ശ്രീകുമാർ ഉണ്ണിത്താൻ
(ഫൊക്കാന ജനറൽ സെക്രട്ടറി )

ന്യൂ യോർക്ക് : മാറുന്ന യുഗത്തിൽ മാറ്റങ്ങൾ ഉൾക്കൊണ്ടു ഫൊക്കാന (ഫെഡറേഷൻ ഓഫ് കേരളാ അസ്സോസിയേഷൻസ് ഇൻ നോർത്ത് അമേരിക്ക) അതിന്റെ തേരോട്ടം തുടരുകയാണ്. ലോകത്തിലെ ഏറ്റവും വലുതും, പുരാതനവുമായ പ്രവാസി സംഘനകളുടെ സംഘടനയായ ഫൊക്കാന സമാനതകൾ ഇല്ലാത്ത പ്രവർത്തന രീതിയിലൂടെയാണ് ആണ് ഇന്ന് മുന്നോട്ട് പോകുന്നത്. കഴിഞ്ഞ ദിവസം ട്രസ്റ്റീ ബോർഡ് എട്ട് പുതുയ സംഘടനകളെ കൂടി ഉൾപെടുത്തിയതോടെ ഫൊക്കാനയിൽ 100 അംഗസംഘടനകൾ കഴിഞ്ഞു. ചരിത്രത്തിൽ ആദ്യമായാണ് ഒരു പ്രവാസി സംഘടനക്ക് നൂറു അംഗ സംഘടനകൾ തികയുന്നത്.

ഫൊക്കാനയുടെ പ്രവർത്തന ശൈലിയിൽ ഉണ്ടായ മാറ്റം സംഘടനയിൽ ഏറെ മാറ്റങ്ങൾ ആണ് കൊണ്ടുവന്നത് . ഈ മാറ്റം അതിന്റെ ലോഗോയിലും വേണമെന്നെ ആവശ്യമാണ് ഫൊക്കാന നാഷണൽ കമ്മിറ്റി-ട്രസ്റ്റീ ബോർഡ് സംയുക്ത യോഗത്തിൽ ഉയർന്നത്.

കാനഡയിൽ നിന്നും പതിനഞ്ചിൽ അധികം അംഗസംഘടനകൾ ഫൊക്കാനയിൽ ഉണ്ട്. ലോഗോയിൽ കാനഡയുടെ പ്രാതിനിധ്യം വേണമെന്നത് അവരുടെ ദീർഘനാളായുള്ള ആവശ്യമായിരുന്നു. തിരുവതാംകൂർ രാജകുടുംബത്തിന്റെ മുദ്രയായിരുന്നു ഫൊക്കാനയും ഉപയോഗിച്ചുകൊണ്ടിരുന്നത്. രാജഭരണം കഴിഞ്ഞിട്ടും അത് പിന്തുടരുന്നത് പലപ്പോഴും വിമർശനങ്ങൾക്കും കാരണമായി.

ഇതിനിടെയാണ് ഫൊക്കാന 100 അംഗ സംഘടനകളുമായി ഒരു ചരിത്രം കുറിക്കുന്നത് . ഈ സന്തോഷത്തിന്റെ ഭാഗമായി പുതിയ ലോഗോ എന്ന ഏവരുടെയും ആവശ്യവും ആഗ്രഹവും നാഷണൽ കമ്മിറ്റി - ട്രസ്റ്റീ ബോർഡ് അംഗീകാരത്തോടു കൂടി നടപ്പിൽ വരികയാണ്.

ഫൊക്കാനയെ സെവൻ സ്റ്റാർ നിലവാരത്തിലേക്ക് ഉയർത്തുക എന്നത് ഈ ഭരണ സമിതിയുടെ ലക്ഷ്യങ്ങളിൽ ഒന്നാണ്. അതു കൂടി ഉൾകൊണ്ടതാവണം ലോഗോ എന്ന് ഏവർക്കും അഭിപ്രായം ഉണ്ടായിരുന്നു . കാലാനുസൃത മാറ്റങ്ങൾ ഉൾക്കൊണ്ട് പ്രവർത്തിച്ചെങ്കിൽ മാത്രമേ നമുക്ക് മുന്നേറാൻ കഴിയുകയുള്ളൂ. അതുകൊണ്ട് കൂടിയാണ് പുതിയ ലോഗോയിൽ ഏഴു സ്റ്റാറുകൾ ഉൾപ്പെടുത്തിയത്.

യുവതി യുവാക്കളെയും കേരളത്തെയും ഇന്ത്യയെയും കാനഡയേയും, അമേരിക്കയെയും ഉൾകൊള്ളുന്ന കളർ കോമ്പിനേഷനിൽ ആണ് ഈ ലോഗോ നിർമിച്ചിരിക്കുന്നത് എന്ന് എടുത്തു പറയേണ്ടിയിക്കുന്നു .

പുതുക്കിയപ്പോഴും 1983 ൽ സ്ഥാപിതമായ ഫൊക്കാനയുടെ പൈതൃകവും പാരമ്പര്യവും കാത്തു സൂക്ഷിക്കുന്ന ഒരു ലോഗോ ആയിരിക്കണം എന്നുതും പ്രധനമായിരുന്നു . കാലത്തിന്റെ മാറ്റത്തിന് അനുസരിച്ചുള്ള ഒരു അപ്‌ഡേറ്റ് ഏത് കാര്യത്തിനും ആവിശ്യമാണ് . അത് ഫൊക്കാന ഈ ലോഗോയിലും നടപ്പിലാക്കി എന്ന് മാത്രം.

പഴയ തലമുറയുടെയും പുതിയ തലമുറയുടെയും കൂട്ടായ പ്രവർത്തനമാണ് ഇന്ന് ഫൊക്കാനയെ ഉയരങ്ങളിൽ എത്തിക്കുന്നത് . ഈ കൂട്ടായ പ്രവർത്തനത്തിലൂടെ ഫൊക്കാനയുടെ പ്രവർത്തനത്തന മുന്നേറ്റം ആരെയും അതിശയിപ്പിക്കുന്നതാണ്. ഒരുമയോടെ കൈകോർത്തപ്പോൾ ഒരുങ്ങിയത് മനോഹരവും കുറ്റമറ്റതും ആയ ലോഗോ ആണ് . ഇതിന്റ പിന്നിൽ പ്രവർത്തിച്ച എക്സിക്യൂട്ടീവ് കമ്മിറ്റി, ട്രസ്റ്റീ മെംബേർസ് , നാഷണൽ കമ്മിറ്റി എന്നിവർ അഭിനന്ദനം അർഹിക്കുന്നു.


Discover
a New You at
TOTAL MEDICAL 360 LLC.
HEALING LIVES ONE SOUL AT A TIME
TOTAL MEDICAL 360
SARVE BHAVANTU SUKHINAH
Uncover a
new version of
yourself at
TOTAL MEDICAL 360.
Our integrated approach to health and beauty blends
advanced medical practices to
reveal your innate, radiant vitality.
Comprehensive medical management for all chronic care conditions.
Hair loss therapy & Weight loss therapy with medications and alternative therapies.
Comprehensive Ayurvedic assessment treatment.
Certified Diabetes & Wound care management
Neck/ Lower back, Musculoskeletal evaluation for Arthritis and other Orthopedic conditions.
Expert Advice for a Healthier Lifestyle!
info@ttm360.com
www.ttm360.com
1-516-930-0280
Total Medical 360, LLC., 188 Post Avenue, Westbury, NY 11590

# കേരളത്തിന്റെ ചീഫ് സെക്രട്ടറിയും കറുപ്പിനെ പേടിച്ചാൽ..

ഉയരുന്ന ശബ്ദം-120

ജോളി അടിമത്ര



കേരളത്തെ ബാധിക്കുന്ന ഏറ്റവും വലിയ പ്രശ്നം എന്താണെന്നു ചോദിച്ചാൽ എന്താ പറയുക.

പത്രങ്ങൾ നോക്കിയാൽ സ്ത്രീകൾ കറുത്തുപോകുന്നതാണ് ഏറ്റവും വലിയ പ്രശ്നം. പത്രമെടുത്തു നോക്കിയാൽ ഒരു സംസ്ഥാനം ഭരിക്കുന്ന വനിതാചീഫ് സെക്രട്ടറിപോലും കറുപ്പു നിറത്തെ അതിജീവിക്കാൻ പെടാപ്പാടുപെടുന്ന കാഴ്ച. ഏറ്റവും വായനക്കാരുള്ള രണ്ടു പത്രങ്ങൾ ദിവസവും ഉറപ്പായും വായിക്കുന്ന ആളാണ് ഞാൻ .എന്നിട്ട് ഒരു താരതമ്യം ഉണ്ട്.മെയ്ൻ ആതാണ്, ഏതൊക്കെ വാർത്ത മറ്റേ പത്രത്തിൽ വന്നില്ല, പ്രാധാന്യമുള്ള വാർത്തകൾക്ക് എത്ര കോളം നൽകി, ചിത്രങ്ങൾ എത്ര കോളത്തിലാണ് കൊടുത്തത്. തുടങ്ങി ഒട്ടേറെ താരതമ്യങ്ങൾ. ഒരു കാര്യവുമില്ലാത്ത പാഴ്പ്പണിയാണെന്നറിയാം. പക്ഷേ, പത്രാധിപസമിതിയിൽ അംഗമായിരുന്ന കാലത്തെ ശീലം തുടരുകയാണ്. അതിന് നിർത്താൻ പാടാണ്. ഒരു തരത്തിൽ പറഞ്ഞാൽ അതൊരു രസവുമാണ്. പറഞ്ഞു വരുന്നത് കറുപ്പു നിറമുള്ളവരുടെ അപകർഷതാബോധത്തെപ്പറ്റിയാണ്. പലരെയും മാനസ്സികമായി അതു തകർത്തുകളയുന്നുണ്ടെന്നു അറിഞ്ഞിട്ടുണ്ട്.

വിവാഹകമ്പോളത്തിൽ പെണ്ണിന് വില ഇടിച്ചുകളയുന്ന പ്രധാന കാര്യം നിറമാണത്രേ.ചെക്കൻ കാക്ക കറുമ്പനായാലും അവൻ ആണാണ്. അവന് നിറം ഒരു പ്രശ്നമേയല്ലപോലും. കനമുള്ള സ്ത്രീധനം കൊടുക്കാനുണ്ടായാൽ കറുത്തപെണ്ണിനെ കൊത്തിക്കൊണ്ടു പോകാൻ ചെക്കൻമാർ വരിനിൽക്കും. ചിലർ പറയുന്നതു കേട്ടിട്ടുണ്ട്, വെളുത്തപെണ്ണിനെക്കൊണ്ട് കെട്ടിച്ചതുകൊണ്ട് അവനുണ്ടായ പിള്ളാരു വെളുത്തു എന്ന്. വെളുവെളുത്ത പെണ്ണിനെ കെട്ടിയിട്ടും കറുത്ത കൊച്ചുങ്ങളുണ്ടായ ഒരു കറുത്ത ബന്ധു എനിക്കുണ്ട്. ജനിതകരഹസ്യം അറിയാത്ത ഏതോ ഒതളക്കോടൻ പറഞ്ഞുവച്ച അബദ്ധം തലമുറ തലമുറയായി കൈമാറി അണയാതെ സൂക്ഷിക്കുന്ന വിഡ്ഡികളാണ് നമ്മൾ.

അതൊക്കെ പോട്ടെ. കേരളത്തിന്റെ ചീഫ് സെക്രട്ടറിയായ ശ്രീമതി ശാരദ മുരളിധരൻ ഐ എ എസ്, നവമാധ്യമത്തിലൂടെ പുറത്തുവിട്ട പങ്കുവയ്ക്കലാണ് കുടത്തിൽ നിന്നു പുറത്തു ചാടിയ പുതിയ ഭൂതം .ഏതോ ഒരു വ്യക്തി (അയാളുടെ ഊരുപേരും വെളിപ്പെടുത്തുകയില്ലെന്ന് വാശിയുണ്ട്!) അവരോട് സംസാരിച്ചപ്പോൾ ഭർത്താവിന്റെയും അവരുടെയും ഭരണകാലത്തെ താരതമ്യപ്പെടുത്തിയതാണ് സംഭവം. പഴയ ചീഫ്സെക്രട്ടറിയായിരുന്ന ഭർത്താവ് ശ്രീ വി. വേണു റിട്ടയർ ചെയ്തപ്പോഴാണ് അടുത്ത സീനിയർ മോസ്റ്റായിരുന്ന ശ്രീമതി ശാരദ ചീഫ്സെക്രട്ടറിയായത്. കഴിവു തെളിയിക്കപ്പെട്ട ഉദ്യോഗസ്ഥയാണ് അവർ. ഒന്നാന്തരം അക്കാദമിക് ബാക്ക്ഗ്രൗണ്ട് സ്വന്തം. എവിടെയും എന്നും ഒന്നാമത്. എന്നിട്ടും അവർ തന്റെ കറുത്ത തൊലിയെപ്പറ്റി ബേജാറാവുന്നു എന്നു പറയുമ്പോൾ....ബോഡി ഷേമിംഗിനെതിരെ നിയമനടപടി സ്വീകരിക്കാൻ വകുപ്പുണ്ടെന്ന് മറ്റാരെക്കാളും നന്നായി അറിയാവുന്നതും ചീഫ് സെക്രട്ടറിക്കല്ലേ..?




ആ മാനസ്സിക അവസ്ഥയിൽനിന്ന് അവരെ മോചിപ്പിച്ചത് മക്കൾ ആയിരുന്നുവത്രേ. അസാമാന്യ അറിവുള്ള ഒരു ഐ എ എസ് ഉദ്യോഗസ്ഥ ഇങ്ങനെ പറയുമ്പോൾ ഇവിടുത്തെ സാധാരണക്കാരികളായ പെണ്ണുങ്ങളുടെ കാര്യം എന്തായിരിക്കും. കഷ്ടം തന്നെ. ശ്രീമതി ശാരദ കറുത്തവളാണെന്ന് ഞാൻ ആദ്യമായി ശ്രദ്ധിച്ചത് സോഷ്യൽ മീഡിയയിലെ അവരുടെ കുറിപ്പ് കണ്ടപ്പോഴാണ്. അതുവരെ എനിക്കവർ മിടുമിടുക്കിയായ ഒരു ഐ എ എസ് ഉദ്യോഗസ്ഥ മാത്രമായിരുന്നു. കഴിവിനു മുമ്പിൽ തൊലി വെളുപ്പ്

**കറുത്ത തൊലിയും വെളുത്ത തൊലിയും പൊളിച്ചുനോക്കിയാൽ ഒരേ നിറമാണ്.ചോരയുടെ നിറം.അടിയന്തര ഘട്ടത്തിൽ വെളുത്ത വർക്ക് കറുത്തവരുടെയും കറുത്തവർക്ക് വെളുമ്പരുടെയും രക്തം പഥ്യമാണ്. കറുത്തവള് മരിച്ചാലും ആറടിമണ്ണ്, വെളുത്തവൾ മരിച്ചാ ലും കിട്ടും ആറടി മണ്ണ്. അപ്പഴേ ,പറഞ്ഞുവന്നത് ഏതിൽനിന്നോ ശ്രദ്ധ തിരിക്കാനാണോ ചീഫ് സെക്രട്ടറി ഈ കറുപ്പെടുത്ത് വീശിയത്. ഇത്ര പവ്വർഫുള്ളായ ഒരു സ്ത്രീ തന്റെ കറുപ്പ് നിറത്തെ അപകർഷതാ ബോ ധത്തോടെ കാണില്ലെന്ന് മലയാളികൾക്കറിയാം. അപ്പോ ചില ഞങ്ങൾ ക്ക് സംശയങ്ങൾ തോന്നുക സ്വാഭാവികം..**



നമ്മളാരെങ്കിലും ശ്രദ്ധിക്കുമോ ?.കറുത്ത മന്ത്രി, വെളുത്ത മന്ത്രി എന്നുണ്ടോ? നല്ല ഭര ണം കിട്ടണം.സിനിമയിൽ തൊലിവെളുപ്പിന് പ്രാധാന്യം ഉണ്ടായിരിക്കാം. എന്നിട്ടും സ്മി താ പാട്ടീലിനെപ്പോലെ എത്രയെത്ര നടിമാർ ഇന്നും നമ്മുടെ മനസ്സിൽ ഒട്ടിപ്പിടിച്ചുകിട ക്കുന്നത് നിറം കൊണ്ടല്ല ,അഭിനയ മികവു കൊണ്ടാണ്.

ശാരദ മുരളിധരന്റെ കുറിപ്പ് സമൂഹമാധ്യ മത്തിൽ പ്രത്യക്ഷപ്പെടേണ്ട താമസം, ഒരു വിഷയം കിട്ടാതിരുന്നതുപോലെ പത്രങ്ങൾ ക്ക് ഹാലിളകി. അതൊരു സംഭവമാക്കി.ഒരു പത്രം പേജ് മെയ്നാക്കി.110 പോയന്റിൽ പട വലങ്ങ വലിപ്പത്തിൽ തലക്കെട്ട്. പക്ഷേ മൂ ന്നു കോളത്തിലാണെന്നു മാത്രം. മറ്റേപ്പത്രം എട്ടുകോളത്തിൽ ടോപ്പാക്കി.പക്ഷേ മെയി നാക്കിയില്ല.എന്നാലെന്താ എഡിറ്റോറിയൽ പേജ് മുഴുവൻ അവർക്കായി മറ്റി വച്ചു. ഇരു പത്രങ്ങളും അവരുടെ സ്പെഷ്യൽ അഭിമു ഖവും നൽകി .അത്രയും മതിയായിരുന്നു ശ്രീമതി ശാരദയ്ക്ക് ശ്രദ്ധിക്കപ്പെടാൻ, തന്റെ കറുത്ത നിറത്തെ, അവർ ബുദ്ധിപരമായി ഉപയോഗിച്ചു.കറുത്ത നിറമുള്ള പ്രശസ്ത പെണ്ണുങ്ങളെ തേടിയുള്ള നെട്ടോട്ടമായിരു ന്നു പിന്നീട്. അവരുടെ ഗദ്ഗദങ്ങൾ പത്രങ്ങ ളിൽ ഹൈലൈറ്റ് ചെയ്യപ്പെട്ടു. അവരും ശ്രദ്ധിക്കപ്പെട്ടു. രാവിലെ പത്രം കണ്ട മന്ത്രി മാർ ഇളകിമറിഞ്ഞു. അന്നത്തെ മന്ത്രിസ ഭായോഗത്തിനെത്തിയ ചീഫ്സെക്രട്ടറിയെ അവർ ഈ അപാര ധൈര്യത്തിന് അഭിനന്ദി ച്ചു, പുകഴ്ത്തി, പിന്തുണ പ്രഖ്യാപിച്ചു. പേ ാരെ പൂരം..!

സെക്രട്ടറിയേറ്റിലെ ശീതീകരിച്ച മുറി യിലിരുന്ന് , തന്റെ കറുപ്പുനിറത്തെ പരാ മർശിച്ച് അപമാനിച്ചു എന്നു പറയപ്പെടുന്ന അജ്ഞാതനായ വ്യക്തിയെപ്പറ്റി പറഞ്ഞ് അഭിമുഖങ്ങൾ മാറിമാറി ഓരോ പത്രത്തിനും നൽകുന്ന ചീഫ് സെക്രട്ടറി ജാലകപ്പഴുതി ലൂടെ ഒന്നു നോക്കിയാൽ കാണാവുന്ന ഒരു കാഴ്ചയുണ്ട്. രാവിലെ പത്തുമണിക്കു ശേ ഷം മൂന്നു മണിവരെയുള്ള വെയിൽ കൊ ള്ളരുതെന്ന് ആരോഗ്യവകുപ്പു പുറത്തുവിട്ട കർശന നിർദ്ദേശത്തെ അവഗണിച്ച് ഒന്നര മാസമായി സെക്രട്ടറിയേറ്റിന്റെ മുറ്റത്ത് കി ടക്കുന്ന കുറേ സ്ത്രീകൾ. തീഷ്ണമായ വെയിൽച്ചൂടിലും വേനൽമഴയിലും തളർ ത്താനാവാത്ത കുറെ ജൻമങ്ങൾ. ശരീര ത്തിന്റെ നിറത്തിലല്ല അവർ വ്യാകുലപ്പെടു ന്നത്. അവരുടെ വീട്ടിൽ വിശക്കുന്ന കുറേ മനുഷ്യരുണ്ട്. പണമില്ലാത്തതിനാൽ പഠനം നിലച്ചുപോയ കുഞ്ഞുമക്കളുണ്ട്. വരുമാന മില്ലാത്തതിനാൽ ചികിത്സ നിർത്തിയ അ വശരായ രോഗികളുണ്ട്. ലോണടയ്ക്കാൻ കഴിവില്ലാത്തതിനാൽ ജപ്തിവക്കിലായ കിട പ്പാടവും.അവരുടെ ആകെ ദിവസവരുമാനം എത്രയാണെന്ന് ലക്ഷങ്ങൾ ശമ്പളം കൈ പ്പറ്റുന്ന ചീഫ് സെക്രട്ടറിക്കറിയ്ക്ക് അറിയു മോ ?.232 രൂഫാ !.

ഇവരുടെ നിരാഹാര സമരക്കിടപ്പു കണ്ട് പരിഹസിച്ചു ചിരിച്ച് മന്ത്രിസഭായോ ഗത്തിനെത്തുന്ന മന്ത്രിമാർക്കറിയ്യോ 232 രൂ പയുടെ വില !.ഇവിടെ ജോലിചെയ്യുന്ന ബം ഗാളിക്കു പോലും ദിവസവേതനം ഇതിന്റെ മൂന്നിരട്ടിയിൽ അധികമാണ്. ശിക്ഷിക്കപ്പെട്ട് ജയിലിൽ കിടക്കുന്ന കുറ്റവാളി അവിടെചെ യ്യുന്ന പണികൾക്ക് ദിവസം 300 രൂപ വച്ച് നൽകുന്നുണ്ടത്രേ. അടുക്കള സഹായികളു ടെ ദിവസക്കൂലി 600 രൂപയാണ്.എംഎൽഎ മാരുടെയും പിഎസ് എസ്സി അംഗങ്ങളുടെ യും ഒക്കെ ശമ്പളം അഞ്ചും ആറും അക്കങ്ങ ളായി പെരുകുമ്പോഴാണ് ഓണറേറിയവും ഇൻസെന്റീവും ഉൾപ്പടെ ദിവസം ആശമാർ ക്കു കിട്ടുന്നത് 232 രൂപ.പെൻഷൻ ഏർപ്പെ ടുത്തുക, ഓണറേറിയം വർധിപ്പിക്കുക, വിര മിക്കൽ ആനുകൂല്യം നൽകുക ഇതൊക്കെ മാത്രമാണ് ഇവരുടെ ആവശ്യങ്ങൾ..

രാവിലെ വീട്ടിൽനിന്നിറങ്ങിയാൽ വാർ ഡിലെ വീടുതോറും കയറിയിറങ്ങി ഗർഭിണി യുണ്ടോ, പോഷകാഹാരം കഴിക്കുന്നുണ്ടോ, കുത്തിവയ്പ്പുകളെടുത്തോ,കുഞ്ഞുങ്ങളെ സമയത്ത് കുത്തിവയ്പ്പിച്ചോ, കിടപ്പുരോഗി കളുണ്ടോ, പുറംപൊട്ടിയോ, മരുന്നുണ്ടോ, വേണ്ടത്ര കെയർ കിട്ടുന്നുണ്ടോ, വാർഡിൽ പകർച്ച വ്യാധികളുണ്ടോ തുടങ്ങി നൂറുകൂട്ടം കാര്യങ്ങൾ തിരക്കി രേഖപ്പെടുത്തി, നടന്നു കാലുതേഞ്ഞ്, പൊരിവെയിലടിച്ച് സൂര്യതാ പമേറ്റ് കറുത്തിരുണ്ടുപോയ പാവം സ്ത്രീ കൾ. അവരിലൊരാൾപ്പോലും കറുത്തുപേ ായെന്നു പറഞ്ഞ് വ്യാകുലപ്പെടുന്നില്ല. പക രം ന്യായമായ കൂലി കിട്ടണമെന്നുള്ള ആ വശ്യം മാത്രമേ ചോദിച്ചുള്ളൂ. സമരത്തിൽ പങ്കെടുത്തതുകൊണ്ട് ജോലിചെയ്ത അ തിനു മുമ്പിലത്തെ മാസത്തെ ശമ്പളവും കിട്ടിയില്ല. ഇവർ മനുഷ്യരാണ്, കൃമികള ല്ലെന്ന ചിന്തയെങ്കിലും നമ്മുടെ ജനസ്സേവ കർക്കുണ്ടായിരുന്നെങ്കിൽ ഈ അവഗണന കാണിക്കില്ലായിരുന്നു. കേന്ദ്രം കേരളത്തെ യും കേരളം കേന്ദ്രത്തെയും കുറ്റപ്പെടുത്തി കളിക്കുമ്പോൾ ദിവസങ്ങൾ മാസങ്ങളായി കൊഴിഞ്ഞു വീഴുകയാണ്. ഇവരുടെ വീട്ടുപ ടിക്കൽചെന്ന് ഇരന്നു വാങ്ങിയ വോട്ടുകൊ ണ്ടാണ് തങ്ങൾ എംഎൽഎമാരും മന്ത്രിമാ രുമായതെന്ന ചിന്ത പോലുമില്ലാത്ത കുറേ നന്ദികെട്ട രാഷ്ട്രീയക്കാർ..

കറുത്ത തൊലിയും വെളുത്ത തൊലി യും പൊളിച്ചുനോക്കിയാൽ ഒരേ നിറമാണ്. ചോരയുടെ നിറം.അടിയന്തര ഘട്ടത്തിൽ വെളുത്തവർക്ക് കറുത്തവരുടെയും കറുത്ത വർക്ക് വെളുമ്പരുടെയും രക്തം പഥ്യമാണ്. കറുത്തവള് മരിച്ചാലും ആറടിമണ്ണ്, വെളു ത്തവൾ മരിച്ചാലും കിട്ടും ആറടി മണ്ണ്. അപ്പ ഴേ ,പറഞ്ഞുവന്നത് ഏതിൽനിന്നോ ശ്രദ്ധ തിരിക്കാനാണോ ചീഫ് സെക്രട്ടറി ഈ കറു പ്പെടുത്ത് വീശിയത്. ഇത്ര പവ്വർഫുള്ളായ ഒരു സ്ത്രീ തന്റെ കറുപ്പ് നിറത്തെ അപകർ ഷതാ ബോധത്തോടെ കാണില്ലെന്ന് മലയാ ളികൾക്കറിയാം. അപ്പോ ചില ഞങ്ങൾക്ക് സംശയങ്ങൾ തോന്നുക സ്വാഭാവികം..കേ രളത്തിന്റെ മുഖ്യമന്ത്രിക്ക് ഒരു ഘട്ടത്തിൽ കറുപ്പ് അലർജിയായിരുന്നു. ഇപ്പോൾ ഇത്ത രി മാറ്റം വന്നിട്ടുണ്ട്.

പ്രിയ ചീഫ് സെക്രട്ടറീ, ഞങ്ങൾക്ക് താങ്കൾ കറുത്താലെന്താ വെളുത്താലെന്താ ചുവന്നിരുന്നാലെന്താ, നീതിപൂർവ്വമുള്ള ഭരണം കേരളത്തിൽ നടക്കണം എന്ന ഒറ്റ ചിന്ത മാത്രമേയുള്ളൂ. അർഹതപ്പെട്ടത് ആർ ക്കു നിഷേധിക്കാതിരിക്കുക, ആരുടെ കണ്ണീ രും വീഴിക്കാതിരിക്കുക. അതിന് എന്തെങ്കി ലും ചെയ്താൽ റിട്ടയർ ചെയ്ത് നിങ്ങൾ വീട്ടിലിരിക്കുമ്പോഴും ജനം നിങ്ങളെ സ്നേ ഹത്തോടെ ഓർമിക്കും.


Save $ 894.*
Combine
Home & Auto.
Michael Tharian
Agent
1855 Victory Blvd
Staten Island, NY 10314
Toll Free: 888-644-7222
Save money and time when you combine your home and auto insurance. Just another way I'm her to help life go right. CALL ME TODAY
We Serve These States NY, NJ, PA, & CT.
We Provide Auto, Home & Life Insurance
StateFarm®
*Average household savings based on 2016 national survey of new policyholders who reported savings by switching to State Farm
State Farm Mutual Automobile Insurance Company State Farm Indemnity Company,
State Farm Fire and Casualty Company State Farm General Insurance Company
1601489 Bloomington, IL


Muthoot Finance USA Inc.
You Only NEED
A GOLD LOAN
To Make Your Dreams
A REALITY!
Just avail a gold loan from Muthoot Finance and experience a host of incredible benefits.
Maximum Loan Value
Get the best loan value for your gold
Quick Loan Approval
Fast processing to get you your funds immediately
Easy Documentation
Hassle-free paperwork for a seamless loan experience
Trust the gold loan experts and secure your future today.
Visit our branches at:
New York Branch
1620, Hillside Ave, New Hyde Park, New York - 11040
+1 (516) 352 7900
New Jersey Branch
1407, Oak Tree Road, Iselin, New Jersey - 08830
+1 (732) 305 8200
Live Chat: +91 8078014111
Muthoot Family - 800 years of Business Legacy

# ന്യു യോർക്കിലെ 'ചട്ടി' കേരളീയ വിഭവങ്ങളുമായി ശ്രദ്ധ നേടുന്നു



പണ്ടുകാലത്ത് ലോകത്തിന്റെ പ്രധാന കച്ചവട കേന്ദ്രമായിരുന്നു ഇന്ത്യ. 1500 വർഷത്തോളം യൂറേഷ്യൻ രാജ്യങ്ങളിലേക്ക് ഇന്ത്യ തന്റെ പലതരം സംസ്കാരങ്ങൾ കൈമാറുകയുണ്ടായി . കല, മതം, ഗണിതം, ജ്യോതിശാസ്ത്രം, സുഗന്ധവ്യഞ്ജനങ്ങൾ, ഭക്ഷണം, കച്ചവടം എന്നിവയിലെ ഇന്ത്യയുടെ കണ്ടുപിടിത്തങ്ങൾ ലോക സംസ്കാരങ്ങളെ വലിയ രീതിയിൽ സ്വാധീനിച്ചു.

അങ്കോർ വാട്ട്, ചൈനയിലെ ബുദ്ധമതം, റോമൻ കച്ചവടം, പൂജ്യത്തിന്റെ കണ്ടുപിടിത്തം എന്നിവയിലെല്ലാം ഇന്ത്യയുടെ സ്വാധീനം കാണാനാവും. എന്നിരുന്നാലും ഇന്ത്യയുടെ ചരിത്രപരമായ സ്വാധീനം പലപ്പോഴും വേണ്ടത്ര ശ്രദ്ധിക്കപ്പെടാതെ പോവുന്നുവെന്ന് ചരിത്രകാരൻ വില്യം ഡാൽറിംപിൾ പറയുന്നു. കേരള വിഭവങ്ങളുടെ ആദ്യത്തെ ആഡംബര റസ്റ്റോറന്റായ 'ചട്ടിയിൽ' നടന്ന പ്രത്യേക ആഘോഷത്തിൽ ന്യൂയോർക്കിലെ ഇന്ത്യൻ കോൺസൽ ജനറൽ ബിനയ് ശ്രീകാന്ത പ്രധാൻ കേരളത്തിന്റെ ചരിത്രപരമായ വിവരണം പുരാതന കച്ചവടം, ഭക്ഷണം, പാരമ്പര്യങ്ങൾ എന്നിവയ്ക്ക് ഊന്നൽ നൽകി സംസാരിക്കുകയുണ്ടായി .

റോമിനെ മോചനദ്രവ്യം നൽകാൻ നിർബന്ധിതരാക്കിയ ആളുകൾ 5000 പൗണ്ട് സ്വർണ്ണവും 3000 പൗണ്ട് ഇന്ത്യൻ കറുത്ത കുരുമുളകുമാണ് ആവശ്യപ്പെട്ടത് . അതുകൊണ്ട് തന്നെ പണ്ടുകാലത്ത് കേരളത്തിൽ നിന്നുള്ള ഇന്ത്യൻ സുഗന്ധവ്യഞ്ജനങ്ങൾക്ക് സ്വർണ്ണത്തിന് തുല്യമായ വിലയുണ്ടായിരുന്നു. പ്രശസ്ത ചരിത്രകാരൻ വില്യം ഡാൽറിംപിളിന്റെ 'ദി ഗോൾഡൻ റോഡ്' എന്ന പുസ്തകത്തിൽ നിന്നാണ് അംബാസഡർ പ്രധാൻ ഈ കാര്യം പറഞ്ഞത്.

ബിസിനസ്, ധനകാര്യം, കല, കായികം, വിനോദം, സാങ്കേതികവിദ്യ, ആരോഗ്യ സംരക്ഷണം എന്നീ മേഖലകളിൽ കഴിവുതെളിയിച്ച ഏകദേശം അമ്പതോളം ഇന്ത്യക്കാരായ അമേരിക്കൻ നേതാക്കൾ പങ്കെടുത്ത മലയാളി വിരുന്ന് ന്യൂയോർക്കിലെ വെൽസ് ഫാർഗോ ബാങ്കിലെ മാനേജിംഗ് ഡയറക്ടർ യാക്കൂബ് മാത്യുവാണ് സംഘടിപ്പിച്ചത്.

ഷെഫ് റെജി മാത്യു തയ്യാറാക്കിയ വിഭവങ്ങളിൽ കേരളത്തിലെ പ്രിയപ്പെട്ട ഭക്ഷണങ്ങളും ചട്ടിയുടെ പ്രത്യേക കോക്ടെയിലുകളും ഉണ്ടായിരുന്നു. ഇത് മനസ്സിനും ശരീരത്തിനും ഒരുപോലെ ആനന്ദം പകരുന്ന ഒന്നായിരുന്നു .മത്തി, ബീഫ് ഫ്രൈ, മീൻ കറി, കപ്പ,





അവിയൽ, വട്ടയപ്പം, ബിരിയാണികൾ, കേരളത്തിന്റെ പ്രത്യേക മധുരപലഹാരങ്ങൾ എന്നിവ അടങ്ങിയ മികച്ച ഉച്ചഭക്ഷണം എല്ലാവരും ആസ്വദിച്ചു, ഇത് ഭക്ഷണങ്ങളുടെ രുചിവൈവിധ്യം എക്കാലവും ഓർമ്മിക്കപ്പെടുന്നതാണ്

ഷെഫ് റെജി അതിഥികൾക്കായി തയ്യാറാക്കിയ ഭക്ഷണം വളരെ രുചികരമായിരുന്നു. വിഭവങ്ങളിലെ പ്രത്യേക സുഗന്ധവ്യഞ്ജനങ്ങൾ ഭക്ഷണത്തിന് കൂടുതൽ രുചി നൽകി. ഈ ഭക്ഷണം അതിഥികൾക്ക് നല്ലൊരു അനുഭവമായി. നല്ല രീതിയിൽ പ്ലാൻ ചെയ്ത് മികച്ച രീതിയിൽ നടത്തിയ ഉച്ചവിരുന്ന് പങ്കെടുത്തവർക്കെല്ലാം ഇഷ്ടപ്പെട്ടു. ഈ അവസരം ഓർമ്മിക്കാനായി എല്ലാവർക്കും ചെറിയ സമ്മാനങ്ങൾ നൽകി, വീണ്ടും വരാൻ ആഗ്രഹിച്ചാണ് എല്ലാവരും മടങ്ങിയത്

'ഒരുമിച്ച് ഭക്ഷണം കഴിക്കുന്നത് നല്ല ബന്ധമുണ്ടാക്കുന്ന, ആത്മീയമായ ഒരു കാര്യമാണെന്ന് ഞാൻ എപ്പോഴും വിശ്വസിക്കുന്നു,' യാക്കൂബ് മാത്യു പറഞ്ഞു. 'എന്റെ പൂർവ്വികരുടെ ഭക്ഷണമായ കേരള വിഭവങ്ങൾ വെറും ഭക്ഷണമല്ല; അത് രുചിയും സുഗന്ധവും പാരമ്പര്യവും ചേർന്ന ഒരു വികാരമാണ്. സുഗന്ധവ്യഞ്ജനങ്ങൾ ചേർത്ത ഭക്ഷണം ആത്മാവുള്ള ഭക്ഷണമാണ്. കേരള ഭക്ഷണത്തിന് ധാരാളം ആത്മാവുണ്ട്!'അദ്ദേഹം കൂട്ടിച്ചേർത്തു.

ലോകത്തിന്റെ ഭക്ഷണ തലസ്ഥാനമായ ന്യൂയോർക്കിന്റെ ഹൃദയഭാഗത്ത് 'ചട്ടി' റസ്റ്റോറന്റ് കൊണ്ടുവരുന്നതിലൂടെ ഷെഫ് റെജി മാത്യു കേരളത്തിന്റെ ഭക്ഷണത്തെയും പ്രകൃതി സൗന്ദര്യത്തെയും സംസ്കാരത്തെയും പാരമ്പര്യങ്ങളെയും ലോകശ്രദ്ധയിലേക്ക് കൊണ്ടുവന്നിരിക്കുന്നു.

ഒരു അഭിമാനിയായ മലയാളി എന്ന നിലയിൽ റെജിക്കും ചെട്ടിക്കും എല്ലാ വിജയങ്ങളും നേരുന്നു. യുഎസിലെയും ലോകത്തിന്റെയും വിവിധ ഭാഗങ്ങളിൽ കൂടുതൽ ചെട്ടി റസ്റ്റോറന്റുകൾ കാണാൻ ആഗ്രഹിക്കുന്നു. യാക്കൂബ് മാത്യുവിന്റെ ഈ വാക്കുകൾ കേരളത്തിന്റെ ഭക്ഷണ സംസ്കാരത്തിന്റെ പ്രാധാന്യത്തെയും ഷെഫ് റെജി മാത്യുവിന്റെ ശ്രമങ്ങളെയും എടുത്തു കാണിക്കുന്നു.

ചട്ടിയുടെ സ്ഥാപകനും പങ്കാളിയുമായ റെജി മാത്യു, വംശീയ ഭക്ഷണത്തിന്റെ തുടക്കക്കാരനും ഇന്ത്യയുടെ പ്രാദേശിക പാചക പാരമ്പര്യങ്ങളുടെ പ്രചാരകനുമായി അറിയപ്പെടുന്ന പ്രശസ്തനും അവാർഡ് ജേതാവുമായ ഷെഫാണ്. ചെന്നൈയിലെയും ബാംഗ്ലൂരിലെയും അദ്ദേഹത്തിന്റെ പ്രധാന റസ്റ്റോറന്റുകളായ കപ്പ ചക്ക കന്താരിക്ക് കോണ്ടെ നാസ്റ്റ് ട്രാവലർ ഇന്ത്യയുടെ മികച്ച 50 റസ്റ്റോറന്റുകളിൽ ഇടം ലഭിച്ചിട്ടുണ്ട്.



'കേരളത്തിന്റെ ഭക്ഷണം ലോകമെമ്പാടുമുള്ള ആളുകളിലേക്ക് എത്തിക്കുക എന്നതാണ് എന്റെ സ്വപ്നം. കേരളത്തിന്റെ തനതായ പാചകരീതികൾ ലോകം മുഴുവൻ അറിയണം. കള്ളുഷാപ്പുകളിലെ ഭക്ഷണം കേരളത്തിന്റെ സംസ്കാരത്തിന്റെയും സ്നേഹത്തിന്റെയും ഒത്തൊരുമയുടെയും ആഘോഷങ്ങളുടെയും മനോഹരമായ പ്രതിഫലനമാണ്.' ഷെഫ് റെജി മാത്യു പറഞ്ഞു.

പാചക ഡയറക്ടറും സ്ഥാപകനുമായ ഷെഫ് റെജിയുടെ റസ്റ്റോറന്റുകൾ കേരളത്തിലെ പരമ്പരാഗതമായ വീട്ടിലെ പാചകക്കുറിപ്പുകളെ വിലമതിക്കുന്നു. അദ്ദേഹത്തിന്റെ സൂക്ഷ്മമായ ഗവേഷണവും, ആധികാരികതയും, പാചക വൈദഗ്ധ്യവും ഇതിൽ പ്രതിഫലിക്കുന്നു. കേരളത്തിലെ കള്ളുഷാപ്പ് ഭക്ഷണത്തിന്റെ ധീരമായ രുചികൾ ലോകത്തിന് പരിചയപ്പെടുത്തുന്ന ഷെഫ് റെജിയുടെ ആദ്യത്തെ അന്താരാഷ്ട്ര സംരംഭമാണ് ചെട്ടി. ഭക്ഷണം, പാനീയ വ്യവസായത്തിൽ 30 വർഷത്തിലേറെ പരിചയമുള്ള റെജി, ആഴത്തിൽ വേരൂന്നിയ പാചക ഗവേഷണത്തെ നൂതനമായ റസ്റ്റോറന്റ് ആശയങ്ങളുമായി ചേർക്കുന്നു. അദ്ദേഹം തന്റെ ടീമിനൊപ്പം കേരളത്തിൽ മൂന്ന് വർഷത്തിലേറെ ചെലവഴിച്ചു, 300 വീടുകളും 100 കള്ളുഷാപ്പുകളും സന്ദർശിച്ചു, 800 പാചകക്കുറിപ്പുകൾ പരീക്ഷിച്ചു, അപൂർവ പാചക രീതികൾ പഠിച്ചു.

'കേരളത്തിന് എന്റെ ഹൃദയത്തിൽ ഒരു പ്രത്യേക സ്ഥാനമുണ്ട് - അതിന്റെ സ്നേഹം, അതിന്റെ ആളുകൾ, തീർച്ചയായും അതിന്റെ അവിശ്വസനീയമായ ഭക്ഷണം,' സംരംഭകയും ഗുഡ് ട്രബിൾ പ്രൊഡക്ഷൻസിന്റെ സ്ഥാപകയും ടിവി അവതാരകയും അറിയപ്പെടുന്ന പത്രപ്രവർത്തകയുമായ റീന നിനൻ പറഞ്ഞു. ബാഗ്ദാദ്, ബെയ്റൂട്ട്, ജറുസലേം എന്നിവിടങ്ങളിൽ നിന്ന് റിപ്പോർട്ട് ചെയ്ത് മിഡിൽ ഈസ്റ്റിൽ സേവനമനുഷ്ഠിച്ച റീന, എബിസി ന്യൂസിന്റെ വൈറ്റ്

ഹൗസ് കറസ്പോണ്ടന്റായും പ്രവർത്തിച്ചിട്ടുണ്ട്. പ്രത്യേക ഉച്ചവിരുന്നിലെ അതിഥികൾക്കായി റീന ആശംസകൾ നേർന്നു.

കേരള ഭക്ഷണത്തിന്റെ രുചികൾ വെറും സുഗന്ധവ്യഞ്ജനങ്ങൾ മാത്രമല്ല, അവ കഥകൾ പറയുന്നു, പാരമ്പര്യങ്ങൾ കൊണ്ടു നടക്കുന്നു, വീടിന്റെ ആഴത്തിലുള്ള ഒരു തോന്നൽ ഉണർത്തുന്നു. ന്യൂയോർക്കിലെ ഷെഫ് റെജി മാത്യുവിന്റെ പുതിയ റസ്റ്റോറന്റായ ചെട്ടിയിലേക്ക് കാലെടുത്തുവെച്ചത് ഒരു തിരിച്ചുവരവ് പോലെ തോന്നി. ഓരോ വിഭവവും ആധികാരികതയുടെ ഒരു മാസ്റ്റർ ക്ലാസ്സായിരുന്നു. ശക്തമായ സുഗന്ധവ്യഞ്ജനങ്ങളും അതിലോലമായ രുചികളും നന്നായി സമന്വയിപ്പിച്ചത്. ശ്രദ്ധാപൂർവ്വം തയ്യാറാക്കിയ മെനു, സേവനത്തിന്റെ ഊഷ്മളത, ലളിതവും മനോഹരവുമായ അന്തരീക്ഷം എന്നിവ ആസ്വദിക്കാനുള്ള ഒരു അനുഭവമാക്കി മാറ്റി. പ്രത്യേക കോക്ക്ടെയിലുകൾ മികച്ച പൂരകമായിരുന്നു. കേരള ഭക്ഷണത്തിന്റെ ഹൃദയവും ആത്മാവും ന്യൂയോർക്കിലേക്ക് കൊണ്ടുവന്നതിന് ഷെഫ് റെജിക്കും മുഴുവൻ ടീമിനും വലിയ അഭിനന്ദനങ്ങൾ. റീന നിനൻ കൂട്ടിച്ചേർത്തു.



ജെൻപാക്റ്റ് ന്യൂയോർക്കിലെ വൈസ് പ്രസിഡന്റും സീനിയർ മാനേജിംഗ് ഡയറക്ടറുമായ കരിസ്മ ഗ്ലാസ്മാൻ ഷെഫ് റെജിയുടെയും ടീമിന്റെയും ശ്രമങ്ങളെ അഭിനന്ദിച്ചുകൊണ്ട് പറഞ്ഞു: 'കേരള വിഭവങ്ങൾ സംസ്കാരത്തിന്റെയും പാരമ്പര്യത്തിന്റെയും ആളുകൾ പങ്കിടുന്ന കാലാതീതമായ ബന്ധത്തിന്റെയും ഊർജ്ജസ്വലമായ ആഘോഷമാണ്. സമ്പന്നമായ സുഗന്ധവ്യഞ്ജനങ്ങൾ, രുചികളുടെ പാളികൾ, പരമ്പരാഗത പാചക രീതികൾ എന്നിവ കേരള ഭക്ഷണത്തെ ശരിക്കും സവിശേഷമാക്കുന്നു. ന്യൂയോർക്കിൽ ഷെഫ് റെജി മാത്യു അടുത്തിടെ തുറന്ന ചട്ടിയിലേക്കുള്ള എന്റെ സന്ദർശനം ഇന്ദ്രിയങ്ങൾക്ക് ഒരു വിരുന്നായിരുന്നു. ശ്രദ്ധാപൂർവ്വം തയ്യാറാക്കിയ മെനു, പ്രത്യേക കോക്ക്ടെയിലുകൾ, സേവനം, ലളിതവും മനോഹരവുമായ അന്തരീക്ഷം - എല്ലാം ഇത് മറക്കാനാവാത്ത അനുഭവമാക്കി മാറ്റി.'

വെൽനസ് ഷെഫും ഹെറിറ്റേജ് സ്പേസ് ഫുഡിന്റെ സഹസ്ഥാപകനുമായ ഡാലിയ ഡേവിഡ് പറഞ്ഞു,'എന്റെ ജീവിതത്തിന്റെ 80% എന്റെ ജന്മനാട്ടിൽ നിന്ന് അകലെയാണ് ഞാൻ ചെലവഴിച്ചത്, പക്ഷേ എനിക്ക് ഇപ്പോഴും ഒരു തദ്ദേശീയ മലയാളിയെപ്പോലെ 'റ' കൾ ഉരുട്ടാൻ കഴിയും. ന്യൂയോർക്ക് നഗരത്തിലെ ഷെഫ് റെജിയുടെ പുതിയ റസ്റ്റോറന്റായ ചട്ടിയിൽ ഞാൻ ഭക്ഷണം കഴിച്ചപ്പോൾ, എന്റെ അമ്മയുടെ അടുക്കളയിൽ തിരികെ എത്തിയതുപോലെ തോന്നി - 'അമ്മ പുതുതായി ഉണ്ടാക്കിയ ചൂടുള്ള ഭക്ഷണം കഴിക്കുന്നത് പോലെ. ഇത് നല്ലതെന്നു മാത്രമല്ല, യഥാർത്ഥമാണ്.'

ഡാലിയയുടെ അഭിപ്രായത്തിൽ, 'ന്യൂയോർക്ക് നഗരം ഇന്ത്യയിലുടനീളമുള്ള വിഭവങ്ങൾ പ്രദർശിപ്പിക്കുന്ന റസ്റ്റോറന്റുകളുമായി പ്രാദേശിക ഇന്ത്യൻ വിഭവങ്ങളുടെ കുതിച്ചുചാട്ടം അനുഭവിക്കുമ്പോൾ പോലും, കേരളത്തിന്റെ പാചക പാരമ്പര്യത്തിൽ പൂർണ്ണമായും വേരൂന്നിയ ഒരു റസ്റ്റോറന്റായ ചെട്ടി ശരിക്കും പ്രത്യേകമായ എന്തെങ്കിലും ചെയ്യുന്നു എന്നതാണ് എന്നെ ആകർഷിച്ചത്. തീർച്ചയായും, ന്യൂയോർക്കുകാർ ഇന്ത്യൻ ഭക്ഷണം ചിക്കൻ ടിക്കയും നാനും മാത്രമല്ലെന്ന് മനസ്സിലാക്കാൻ തുടങ്ങിയിരിക്കുന്നു.'

കേരള വിഭവങ്ങളെക്കുറിച്ച് ആളുകളുടെ തെറ്റിദ്ധാരണകൾ ഷെഫ് റെജി മാറ്റുകയാണ്. കേരള വിഭവങ്ങൾ ഊർജ്ജസ്വലവും പച്ചക്കറികൾ നിറഞ്ഞതും തേങ്ങ ചിരകിയതിൽ വേരൂന്നിയതുമാണ്. കേരള വിഭവങ്ങൾ കട്ടിയുള്ള, പാലുൽപ്പന്നങ്ങൾ അടിസ്ഥാനമാക്കിയുള്ള സോസുകളിൽ മുങ്ങിക്കിടക്കുന്നതല്ല. കേരള വിഭവങ്ങളുടെ തനത് രുചി ലോകം അറിയേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

ഡാലിയ ചെട്ടിയെ വളരെയധികം പ്രശംസിച്ചു. 'ന്യൂയോർക്കുകാർക്ക് പുതിയ എന്തെങ്കിലും പരിചയപ്പെടുത്തുന്നതിനെക്കുറിച്ച് മാത്രമല്ല ഈ സ്ഥലം കൂടുതൽ ആകർഷകമാക്കുന്നത്, കേരള വിഭവങ്ങൾക്ക് ആയിരത്തിലധികം വർഷം പഴക്കമുണ്ട്. നമ്മുക്ക് അറിയാവുന്നവർക്ക് വീട് പോലെ തോന്നുന്ന എന്തെങ്കിലും സൃഷ്ടിക്കുന്നതിനെക്കുറിച്ചാണ്. ഷെഫ് റെജിയുടെ ഭക്ഷണം ആശ്വാസം നൽകുന്നതും സൂക്ഷ്മമായി ആയുർവേദപരവുമാണ്, സാധാരണ ഭക്ഷണ മയക്കമില്ലാതെ നിങ്ങൾക്ക് സംതൃപ്തി നൽകുന്നു. ചേരുവകളുടെ ഗുണനിലവാരം മുതൽ നിങ്ങൾ മേശ വിട്ട് പോയതിനുശേഷവും നിങ്ങൾ എങ്ങനെ അനുഭവപ്പെടുന്നു എന്നതുവരെയുള്ള കാര്യങ്ങളിൽ അദ്ദേഹം ശ്രദ്ധാലുവാണ്. എനിക്ക്, അത് ഒരു മികച്ച ഷെഫിന്റെ അടയാളമാണ്. ഭക്ഷണം മാത്രമല്ല, മുഴുവൻ അനുഭവത്തെയും ശ്രദ്ധിക്കുന്ന ഒരാൾ.'എന്നാണ് ഡാലിയ ചട്ടിയെ പ്രശംസിച്ചത്.

'ഒരു നുള്ള് സുഗന്ധവ്യഞ്ജനം ഒരു സാധാരണ ഭക്ഷണത്തെ ഒരു മാന്ത്രിക വിരുന്നാക്കി മാറ്റും. സുഗന്ധവ്യഞ്ജനങ്ങൾക്ക് രോഗശാന്തിയും വീക്കം കുറയ്ക്കുന്നതുമായ ഗുണങ്ങളുണ്ടെന്ന് വളരെക്കാലമായി അറിയപ്പെടുന്നു. കേരള ഭക്ഷണത്തിലെ ഓരോ പ്രത്യേക രുചിയും ആയിരക്കണക്കിന് വർഷങ്ങളായി പൂർണ്ണത വരുത്തിയ ഈ രോഗശാന്തി സുഗന്ധവ്യഞ്ജനങ്ങളുടെയും പ്രാദേശിക ഉൽപ്പന്നങ്ങളുടെയും സംയോജനത്തിന്റെ ഫലമാണ്. പുരാതന പരമ്പരാഗത വൈദ്യശാസ്ത്ര സമ്പ്രദായമായ ആയുർവേദത്തിന്റെ ജന്മസ്ഥലം കേരളമാണെന്ന് പറയുന്നതിൽ അതിശയിക്കാനില്ല.'എന്നാണ് ചാരിറ്റി അഡ്വക്കേറ്റ് സബിന സിംഗ് അഭിപ്രായപ്പെട്ടത്.

ചട്ടി റസ്റ്റോറന്റ് കേരളത്തിന്റെ തനതായ വിഭവങ്ങൾ മനോഹരമായി പ്രദർശിപ്പിക്കുന്നു. ഇവിടുത്തെ ഭക്ഷണത്തിന്റെ രുചിയും അവതരണവും സേവനവും മികച്ചതാണ്. ടാപ്പാസ് ശൈലിയിലുള്ള വിഭവങ്ങൾ വ്യത്യസ്ത രുചികൾ ആസ്വദിക്കാൻ സഹായിക്കുന്നു. ഇന്ത്യയിൽ വിജയകരമായ സംരംഭങ്ങൾക്ക് ശേഷം ഷെഫ് റെജി മാത്യു കേരളത്തിന്റെ രുചികൾ ന്യൂയോർക്കിൽ അവതരിപ്പിക്കുന്നു. സബിനയുടെ ഈ വാക്കുകൾ ന്യൂയോർക്കിൽ കേരളത്തിന്റെ രുചികൾ ആസ്വദിക്കാൻ ആഗ്രഹിക്കുന്നവർക്ക് പ്രചോദനമാകുന്നു.



# Get local help with your Medicare questions.

I'm Philipose Samuel, a licensed sales agent in Queens, NY. When it comes to Medicare, it's important to consider all of your options. What works well for your neighbor may not be the best fit for you. I know the ins and outs of Medicare, and I'm ready to answer your questions and help you find a plan that fits your needs. **Take advantage of my knowledge and experience to:**

- **Take the confusion out of Medicare**
- **Get help comparing plans**
- **Receive one-on-one service**
- **Make enrolling in a plan easier**

I look forward to helping you explore your Medicare options so you can enroll in a plan with confidence.

## It's time to take advantage.



**Philipose Samuel**
Licensed Sales Agent
**516-312-2902**, TTY **711**
psamuel@financialguide.com
UHCMedicareSolutions.com

United Healthcare

Plans are insured through UnitedHealthcare Insurance Company or one of its affiliated companies, a Medicare Advantage organization with a Medicare contract. Enrollment in the plan depends on the plan's contract renewal with Medicare. ©2020 United HealthCare Services, Inc. All rights reserved.
Y0066_21SPRJ55189_C

SPRJ55189

# വർണ്ണാഭമായ കലാ സാംസ്കാരിക സന്ധ്യയിൽ 'നാമം' ഭാരവാഹികൾ സ്ഥാനമേറ്റു






എഡിസണ്‍, ന്യൂജേഴ്‌സി: അമേരിക്കൻ പ്രവാസി സമൂഹത്തിൽ 2009 മുതൽ പ്രവർത്തിച്ചുവരുന്ന പ്രമുഖ സാമൂഹിക, സാംസ്കാരിക, സേവന സംഘടനയായ ’നാമ’ത്തിന്റെ (NAMAM(നോർത്ത് അമേരിക്കൻ മലയാളിസ് & അസോസിയേറ്റഡ് മെമ്പേഴ്സ്) 2025-2027 കാലയളവിലെ ഭാരവാഹികൾ റോയൽ ആൽബർട്ട് പാലസിൽ വർണ്ണാഭമായ കലാ സാംസ്കാരിക സമ്മേളനത്തിൽ സ്ഥാനമേറ്റു.

’നാമം’ ഫൗണ്ടറും രക്ഷാധികാരിയും സെക്രട്ടറി ജനറലുമായ മാധവൻ ബി നായരുടെ അദ്ധ്യക്ഷതയിൽ നടന്ന സ്ഥാനാരോഹണ ചടങ്ങിൽ ഭാരവാഹികൾ സത്യവാചകം ചൊല്ലി അധികാരമേറ്റു.

പ്രദീപ് മേനോൻ (പ്രസിഡന്റ്), ബിന്ദു സത്യ (സെക്രട്ടറി), സിറിയക് എബ്രഹാം (ട്രഷറർ), ഹരികൃഷ്ണൻ രാജ്മോഹൻ (യൂത്ത് ചെയർ), പ്രിയ സുബ്രഹ്മണ്യൻ (കൾച്ചറൽ ചെയർ), വിനോദ് കുമാർ തരോൾ (ചാരിറ്റി ചെയർ), മാലിനി





നായർ (വുമൺസ് ഫോറം ചെയർ), അഭിജിത് ശിരോദ്കർ (വെബ് ആൻഡ് മീഡിയ ചെയർ), ഡോ. ലതാ നായർ (പ്രോജക്ട് എസ്.ടി. ഇ. എം ചെയർ), ഡോ. ആശ മേനോൻ (എക്സ് ഒഫീഷ്യോ മെംബർ), ഷീല ജോസഫ്, ചിത്ര പിള്ള, സുനിൽ നമ്പ്യാർ, അലക്സ് എബ്രഹാം, (എക്സിക്യൂട്ടീവ് കമ്മിറ്റി മെംബേഴ്സ്), ഗീതേഷ്

തമ്പി, അരുൺ ശർമ, തങ്കം അരവിന്ദ്, സജിത് ഗോപിനാഥ് (ട്രസ്റ്റി ബോർഡ് മെംബേഴ്സ്) എന്നിവരാണ് പുതിയ ഭാരവാഹികൾ.

നാമം എന്ന പ്രസ്ഥാനത്തിന്റെ വരുംകാല പ്രവർത്തനങ്ങളെ കൂടുതൽ സക്രിയമാക്കുവാനും പുതുമയാർന്നതും സാമൂഹ്യ പ്രതിബദ്ധതയുള്ളതുമായ പദ്ധതികളും പരിപാടികളും ആവിഷ്ക്കരിച്ചു നടപ്പിലാക്കാനും ശേഷിയും മികവും അനുഭവപരിചയമുള്ള വരുമാണ് പുതിയ സാരഥികളെന്ന് അനുമോദന പ്രസംഗത്തിൽ മാധവൻ ബി നായർ പറഞ്ഞു. പ്രസിഡന്റ് പ്രദീപ് മേനോൻ പ്രവർത്തന ലക്ഷ്യങ്ങൾ വിവരിച്ചു. സേവനപ്രവർത്തനങ്ങളും സമൂഹത്തിനു ഗുണകരമാകുന്ന കാര്യങ്ങളും ആണ് ലക്ഷ്യമിടുന്നത്. പ്രവാസി സമൂഹത്തിനും പൊതുജനങ്ങൾക്കും പ്രയോജനപ്പെടുന്ന സംരംഭങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുക എന്നതാണ് പുതിയ നേതൃത്വം ലക്ഷ്യമിടുന്നത്.




സ്ഥാനമൊഴിഞ്ഞ പ്രസിഡന്റ് ഡോ. ആശാ മേനോൻ നടത്തിയ പ്രസംഗത്തിൽ നാമം നടത്തുന്ന പ്രവർത്തനങ്ങൾ വിശദീകരിച്ചു. പുതിയ തലമുറയുടെ സാഹിത്യ വാസന പ്രോത്സാഹിപ്പിക്കാനും അംഗങ്ങൾക്ക് ഒത്തുകൂടാനും ഇത്തരം വേദികൾ ഏറെ ഉപകാരപ്രദമാണെന്ന് അവർ ചൂണ്ടിക്കാട്ടി.



വൈവിധ്യമാർന്ന കലാപരിപാടികളും ചടങ്ങിൽ അവതരിപ്പിച്ചു. പ്രവാസി സാമൂഹിക കലാസാംസ്കാരിക രാഷ്ട്രീയ രംഗത്തെ പ്രമുഖ വ്യക്തികൾ സംബന്ധിച്ച സമ്മേളനം കൂട്ടായ്മയുടെയും പാരസ്പര്യത്തിന്റെയും സാംസ്ക്കാരിക സായാഹ്നമായി മാറി. ചടങ്ങിൽ പങ്കെടുത്ത ഫൊക്കാന പ്രതിനിധികളായ പോൾ കറുകപ്പള്ളിൽ, ഫിലിപ്പോസ് ഫിലിപ്പ്, വർഗീസ് ഉലഹന്നാൻ, ജീമോൻ വർഗീസ് എന്നിവർ 'നാമം' ഭാരവാഹികളെ അഭിനന്ദിക്കുകയും 'നാമം' സമൂഹത്തിന് നൽകി വരുന്ന സംഭാവനകളെ പ്രശംസിക്കുകയും ചെയ്തു.

കെ.എച്ച്.എൻ. ജെ പ്രതിനിധികളായ അജിത് ഹരിഹരൻ, രഞ്ജിത് പിള്ള, കെ.എച്ച്. എൻ. എ സാരഥികളായ ഡോ. ഗോപിനാഥൻ നായർ, മധു ചെറിയേടത്ത് എന്നിവർ 'നാമ'ത്തിന് ഇതുവരെ നേതൃത്വം നൽകിയ ഭാരവാഹികളെയും പുതുതായി ഭാരവാഹിത്വത്തിലേക്ക് എത്തിയവരേയും പ്രത്യേകം അനുമോദിച്ചു. മാധ്യമ പ്രതിനിധികളായ ഐ.പി.സി.എൻ.എ പ്രസിഡണ്ട് സുനിൽ ട്രൈസ്റ്റാർ, ഇമലയാളി ചീഫ് എഡിറ്റർ ജോർജ് ജോസഫ് എന്നിവർ നാമത്തിന്റെ സാമൂഹ്യ സാംസ്കാരിക പ്രവർത്തനങ്ങളെയും ഏതൊരു സംഘടനയെയും അതിശയിപ്പിക്കുന്ന പ്രതിബദ്ധതയേയും പ്രത്യേകം എടുത്തു പറഞ്ഞ് ശ്ലാഘിച്ചു.

'നാമം' അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും പുറമെ സമൂഹത്തിന്റെ നാനാതുറകളിൽ നിന്നുള്ള അഭ്യുദയകാംക്ഷികളായ വ്യക്തിത്വങ്ങളുടെ സാന്നിദ്ധ്യം സമ്മേളനത്തെ സജീവ പങ്കാളിത്തത്തിന്റെ അപൂർവാനുഭവമാക്കി മാറ്റി. സമ്മേളനാനന്തരം വിഭവ സമൃദ്ധമായ അത്താഴ വിരുന്നും ഒരുക്കിയിരുന്നു.





പ്രസിഡന്റ് പ്രദീപ് മേനോൻ,ആഗോളതലത്തിൽ ലോജിസ്റ്റിക്സ് മേഖലയിൽ വിപുലമായ പരിചയമുള്ള പ്രൊഫഷണലാണ്. വിവിധ അന്താരാഷ്ട്ര കമ്പനികളിൽ ശ്രദ്ധേയമായ സേവനവും വൈദഗ്ധ്യവും പ്രകടിപ്പിച്ചിട്ടുള്ള അദ്ദേഹം, സാമൂഹിക വികസനത്തിനായി സ്വയം സമർപ്പിച്ച വ്യക്തിത്വമാണ്. പ്രദീപ് മേനോൻ വർഷങ്ങളായി ന്യൂജേഴ്സിയിലെ വിവിധ സന്നദ്ധ സംഘടനകൾ വഴി നിസ്വാർത്ഥ സാമൂഹിക സേവനത്തിൽ ഏർപ്പെട്ടിട്ടുണ്ട്. തന്റെ സാമൂഹിക ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നതിനുള്ള മികച്ച വേദിയാണ് 'നാമം' എന്നാണ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ പ്രദീപ് മേനോൻ പറഞ്ഞത്.

ജനറൽ സെക്രട്ടറി ബിന്ദു സത്യ, മലയാളി സമൂഹത്തിന്റെ വികസനം, സാംസ്കാരിക സംരക്ഷണം, ഉന്നമനം എന്നിവയിൽ വിലമതിക്കാനാവാത്ത സംഭാവനകൾ നൽകിയ വ്യക്തിത്വമാണ്. വിവരസാങ്കേതിക മേഖലയിൽ വൈദഗ്ധ്യമുള്ള ബിന്ദു, സാമൂഹിക പ്രവർത്തനങ്ങളിലും സന്നദ്ധ സേവനങ്ങളിലും ശ്രദ്ധേയമായ ഇടപെടൽ നടത്താറുണ്ട്.



സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുട്ടികളെയും കുടുംബങ്ങളെയും പിന്തുണച്ചുകൊണ്ടും മലയാളി പൈതൃകത്തിന്റെ സമ്പന്നത പ്രകടമാക്കുന്ന സാംസ്കാരിക പരിപാടി

കൾ സംഘടിപ്പിച്ചുകൊണ്ടും ബിന്ദു തന്റെ സാമൂഹിക പ്രതിബദ്ധത തെളിയിച്ചിട്ടുണ്ട്. കുടുംബിനി എന്ന നിലയിലുള്ള ഉത്തരവാദിത്തങ്ങളും സമൂഹത്തോടുള്ള കടമകളും ഒരേനിലയിൽ കൊണ്ടുപോകുന്നതിൽ അവർ സ്ത്രീകൾക്കൊരു മാതൃകയാണ്.

സിറിയക് എബ്രഹാം ലൈസൻസിംഗ് ഓഫീസറായി സേവനമനുഷ്ഠിച്ചിട്ടുണ്ട്, കൂടാതെ കെസിഎസ് എന്റർപ്രൈസസ് തുടങ്ങിയവ വിജയകരമായി നയിക്കുന്നു. അമേരിക്കൻ മലയാളി സമൂഹത്തിന്റെ സമഗ്ര വികസനത്തിനും ക്ഷേമത്തിനുമായി അദ്ദേഹം നൽകിയ സേവനങ്ങൾ പ്രശംസനീയമാണ്.

'നാമം' സംഘടിപ്പിച്ച എക്സലൻസ് അവാർഡ് നൈറ്റ് പോലുള്ള മികച്ച പരിപാടികൾ പ്രവാസി സമൂഹത്തിന്റെ ശ്രദ്ധ ആകർഷിച്ചിരുന്നു. വരും വർഷങ്ങളിൽ കൂടുതൽ പ്രൗഢിയോടെ അവാർഡ് നൈറ്റുകൾ സംഘടിപ്പിക്കുമെന്ന് ഭാരവാഹികൾ പ്രഖ്യാപിച്ചു.















In Loving Memory of
Mrs. Mariamma Thomas & Mr. A. K. Thomas
Mrs. Marykutty Thomas
(Leelamma)
Mr. Shinu George Simon
Mr. P. T. Mathew
(Mathukutty)
Best Wishes
P.T. Thomas
Tax and Accounting Services
14 Liberty Square Mall, Stony Point, NY 10980
Email: pt@ptthomas.net Phone: 845.352.9680


MUKKUT
MONUMENTS INC.
PHONE (C)
972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com
TEENA THOMAS
07-28-1991
to
05-17-2009
We Specialize in Custom Creation and Installation
of Cemetery Granites, Bronze Memorials
Sculptures, Large Stone Cross for Churches.
WE SERVICE ALL OVER USA, CANADA & INDIA

# നിര്യാതരായി



**അമ്മിണി ജോർജ്ജ്**

ഒക്കലഹോമ: ക്രോസ്സ് പോയിന്റ് സഭാംഗം ബ്രദർ കെന്നി ജോർജിന്റെ മാതാവ് അയിരൂർ മേലേടത്ത് വടക്കേൽ പുത്തൻവീട്ടിൽ പരേതനായ എബ്രഹാം ജോർജിന്റെ ഭാര്യ അമ്മിണി ജോർജ്ജ് (90) ഒക്കലഹോമയിൽ അന്തരിച്ചു. കുന്നുംപുറത്തു ആറ്റാച്ചേരിൽ കുടുംബാഗമാണ് പരേത. മറ്റ് മക്കൾ: രാജം ഏബ്രഹാം, എബി ജോർജ് (ഡാളസ്സ്), ജെസ്സി മാത്യൂ (ന്യൂയോർക്ക്), ജോയ്സ് വർഗീസ് (ഡാളസ്സ്).

**സാറാമ്മ സണ്ണി**

പുതുപ്പള്ളി:എറികാട് കോമടത്ത് സണ്ണി കോരയുടെ ഭാര്യ സാറാമ്മ സണ്ണി (63) അന്തരിച്ചു. കൊട്ടാരക്കര വാളകം പുളിപ്പറ പുത്തൻവീട്ടിൽ കുടുംബാംഗമാണ്. മക്കൾ: ജിതിൻ കെ. സണ്ണി (മസ്കത്ത്), മിതിൻ കെ. സണ്ണി (തിരുവനന്തപുരം).



**സാറാമ്മ കോശി തോമസ്**

ന്യുയോർക്ക്: പള്ളിപാടു പടനിലത്ത് സാറാമ്മ കോശി തോമസ് അന്തരിച്ചു. 1971 മുതൽ ക്യൂൻസ് ജനറൽ ഹോസ്പിറ്റലിൽ പീഡിയാട്രിക് നഴ്സും തുടർന്ന് ഡിപ്പാർട്ടുമെന്റ് ഹെഡ് നഴ്സുമായി പ്രവർത്തിച്ചു.റിട്ടയേർഡ് ട്രാൻസിറ്റ് അതോരിറ്റി ഉദ്യോഗസ്ഥനും ക്യൂൻസിൽ രാഷ്ട്രീയ രംഗത്തും മലങ്കര സഭാ മാനേജിംഗ് കമ്മറ്റി മെമ്പറായും ദീർഘകാലം സേവനമനുഷ്ഠിച്ച തുമ്പമൺ ചക്കാല വടക്കേതിൽ ക്യാപ്റ്റൻ കോശി തോമസിന്റെ ഭാര്യയാണ്. ഉദ്യോഗത്തിൽ നിന്നും വിരമിച്ചതിനെ തുടർന്ന് സാറാമ്മ കോട്ടയത്തും തുടർന്ന് തുമ്പമൺ വടക്കേതിലുമായി വിശ്രമ ജീവിതം നയിച്ചു വരികയായിരുന്നു. അന്ത്യം. മകൻ: അഡ്വ. സനു കെ. തോമസ് മരുമകൾ: ഡോ. ജാല തോമസ്.



**ശോശാമ്മ ജോൺ**

പെൻസിൽവേനിയ: വെണ്ണിക്കുളം മയിലാടും പാറ പരേതനായ എം ജി ജോണിന്റെ ഭാര്യ ശോശാമ്മ ജോൺ (90) സ്പ്രിങ്ഫീൽഡ്, പെൻസിൽവേനിയയിൽ അന്തരിച്ചു. പരേതരായ പി കെ ചാക്കോയുടേയും, ശോശാമ്മ ചാക്കോയുടേയും എട്ട് മക്കളിൽ മൂത്ത പുത്രിയാണ്.മക്കൾ വത്സ, എൽസി, ജെയിംസ്. മരുമക്കൾ ഫിലിപ് തോമസ്, രാജൻ എബ്രഹാം , ഷീന. കൊച്ചുമക്കൾ: ജോബിൻ, ജെറിൽ, ഷെറിൽ, ഷെറിൻ, ജോണി , ജേക്കബ്, ആനി , ജോസഫ് . പേരക്കുട്ടികളുടെ മക്കൾ: ജൂലിയ, ജോർഡാനിസ്, ഐസയ്യാ, ലോഗൻ.

**എം.സി.അശോക് കുമാർ**

കോട്ടയം:സി.എസ്. ഇലക്ട്രിക്കൽസ് ഉടമ എം.സി.അശോക് കുമാർ (62) അന്തരിച്ചു.



**വൽസമ്മ എബ്രഹാം**

തിരുവല്ല: ഇരവിപേരൂർ കിഴക്കേതിൽ പരേതനായ രാജു എബ്രഹാമിന്റെ ഭാര്യ വൽസമ്മ എബ്രഹാം (76) അന്തരിച്ചു. പരേത റാന്നി പാറാനിക്കൽ കുടുംബാംഗമാണ്. മക്കൾ: വിജോ എബ്രഹാം (യു.എസ്.എ), വീണാ റെഡ്ഡി (യു.എസ്.എ). മരുമക്കൾ: ബിന്ദു ആഞ്ഞിലിക്കാത്തറയിൽ (യു.എസ്.എ), ശ്യം റെഡ്ഡി (യു.എസ്.എ). കൊച്ചുമക്കൾ: മേഘ, മിൻഡി, മിഷ, ജെയ്സ്, രാഹുൽ, രാജ്.

**കുഞ്ഞുപെണ്ണ്**

പുതുപ്പള്ളികൊച്ചുചാഴിവലത്ത് പരേതനായ തങ്കന്റെ ഭാര്യ കുഞ്ഞുപെണ്ണ് (ഏലിയാമ്മ-95) യുഎസിലെ ഡാലസിൽ അന്തരിച്ചു. മക്കൾ: മോളി, ജയിനമ്മ, ബാബു, സജി. മരുമക്കൾ: ജോർജ് പി.ജോൺ, എ.ഇ.പൈലി (മാറാടി), റൂബി, ആനി



**ഭഗത് റാം**

ബ്രാംപ്ടൺ: സിപിഎം മുൻ പാർലമെന്റംഗം ഭഗത് റാം (84) കാനഡയിൽ അന്തരിച്ചു. പഞ്ചാബിലെ ഫില്ലോർ സംവരണമണ്ഡലത്തിൽനിന്ന് 1977ൽ വിജയിച്ച ഭഗത് റാം മൂന്നു പതിറ്റാണ്ടോളമായി മക്കൾക്കൊപ്പം ഇവിടെയായിരുന്നു. ലോക്സഭയിലേക്ക് ആറുതവണയും നിയമസഭയിലേക്ക് ഒരുതവണയും മൽസരിച്ചിരുന്നെങ്കിലും ഒരിക്കൽ മാത്രമാണ് വിജയം കുറിക്കാനായത്. ഭാര്യ: പരേതയായ സത്യ ദേവി. പ്രൊമിള ജാക്കു (ബ്രാംപ്ടൺ), റീതാ അഹിർ (ബ്രാംപ്ടൺ), സുർജിത് മെഹി (ജലന്ധർ), തെജിന്ദർ മെഹി (ബ്രാംപ്ടൺ, കാനഡ) എന്നിവരാണ് മക്കൾ.

**സനീഷ് ജോർജ്**

ഞീഴൂർ:കാട്ടാമ്പാക്ക് തെണ്ടാംകുഴിയിൽ സനീഷ് ജോർജ് (41) അന്തരിച്ചു.



**വിനയമ്മ രാജു**

ഫിലാഡൽഫിയ: ഐത്തല തേലപ്പുറത്ത് രാജു തോമസിന്റെ ഭാര്യ വിനയമ്മ രാജു (64) ഫിലാഡൽഫിയായിൽ അന്തരിച്ചു. പരേത റാന്നി കാവുങ്കൽ കുടുംബാംഗമാണ്.മക്കൾ: ടോംസ്, ടോണി. മരുമക്കൾ: കുറ്റൂർ കുന്നു കണ്ടത്തിൽ ഷിജി, നിലമ്പൂർ ചന്ദനപ്പള്ളി ഷാരോൺ. കൊച്ചുമക്കൾ ഗബ്രിയേല, മിഖായേൽ, ഏരിയൽ, ആക്സിൻ.

**പി.കെ.ജോർജ്**

കട്ടച്ചിറ:എയർഫോഴ്സ് റിട്ട. ഉദ്യോഗസ്ഥൻ പാണം പീടികയിൽ പി.കെ.ജോർജ് (79) അന്തരിച്ചു. ഭാര്യ: മേരി ജോർജ്. മക്കൾ: ജോമി ജോർജ്, റോഷ്നി, എലിസബത്ത് (മൂവരും യുകെ). മരുമക്കൾ: ഡാനി ജോമി വല്ലത്ത് (ചുള്ളിക്കര), അനിൽ ജോസഫ് തൊട്ടിയിൽ (ഉഴവൂർ), ശോഭിത് ബേബി തേക്കിലകാട്ടിൽ.



**പുരുഷോത്തമൻ പിള്ള**

വാഷിംഗ്ടൺ, ഡി.സി: കേരള അസോസിയേഷൻ ഓഫ് ഗ്രേറ്റർ വാഷിങ്ടന്റെ (കെ.എ.ജി.ഡബ്ല്യു) പ്രസിഡന്റായിരുന്ന (1989) പുരുഷോത്തമൻ പിള്ള (83) തൃശ്ശൂരിൽ അന്തരിച്ചു. നാട്ടിൽ റിട്ടയർമെന്റ് ജീവിതം നയിക്കുകയായിരുന്നു.ഭാര്യ അംബിക. മക്കൾ: ബിന്ദു, രാജീവ് (ഉണ്ണി), മരുമക്കൾ: സജീവ് നായർ, ടീന പിള്ള. ആറ് പേരക്കുട്ടികളുമുണ്ട്.

**ജോർജ് ജോസഫ്**

ചങ്ങനാശേരി:കുത്രപ്പള്ളി തോട്ടാശേരി ജോർജ് ജോസഫ് (ജോർജ്കുട്ടി-84) ബെംഗളൂരുവിൽ അന്തരിച്ചു. ഭാര്യ: സെലിൻ. മക്കൾ: സിജി (ആർക്കിടെക്റ്റ്), സുജ (ഐടി പ്രഫഷനൽ), സിജോ (മാനേജ്മെന്റ് പ്രഫഷനൽ) (എല്ലാവരും ബെംഗളൂരു). മരുമക്കൾ: ബിജു മാത്യു പാലമറ്റത്തിൽ, ജയിംസ് തോമസ്, സെറീന.



**ഏലിയാമ്മ തോമസ്**

ഡാളസ്: ഏലിയാമ്മ തോമസ് (അമ്മാൾ-87) മാർച്ച് 23 ന് ഡാളസിൽ അന്തരിച്ചു. പരേതരായ സി എം ഡാനിയേൽ - മറിയാമ്മ ഡാനിയേൽ ദമ്പതികളുടെ മകളാണ് .തിരുവല്ല സ്വദേശി പി എം തോമസ് ആണ് ഭർത്താവ്.മക്കൾ: ജെസ്സി തോമസ്, ബിന്ദു തോമസ്. 1972-ൽ ന്യൂയോർക്കിൽ എത്തിയ അമ്മാൾ 25 വർഷത്തോളം ന്യൂയോർക്ക് ക്വീൻസിലുള്ള സെന്റ് ജോൺസ് ഹോസ്പിറ്റലിൽ ആതുര സേവനരംഗത്ത് നഴ്സായി പ്രവർത്തിച്ചു . 2010-ൽ ഡാളസിലേക്ക് താമസം മാറിയ കുടുംബം കമ്പാഷനേറ്റ് ചർച്ച് ഓഫ് ഗോഡ്, ഫോർണി അംഗമാണ്.

**ജാസ്മി ഷഹാബുദ്ദിൻ**

ചങ്ങനാശേരി:പടുത്തോട് വെള്ളാറ വീട്ടിൽ പരേതനായ ഷഹാബുദ്ദിന്റെ ഭാര്യ ജാസ്മി ഷഹാബുദ്ദിൻ (68) അന്തരിച്ചു.



**ജോസുകുട്ടി മാത്യു**

ഉഴവൂർ: കോന്തനാനിക്കൽ ജോസുകുട്ടി മാത്യു (34) അന്തരിച്ചു.

**ജോസഫ് തോമസ്**

വയലാ:പാലേട്ട് ജോസഫ് തോമസ് (കുഞ്ഞ് 73) അന്തരിച്ചു. ഭാര്യ: നെയ്യശ്ശേരി തോട്ടത്തിമ്യാലിൽ ഫിലോമിനാ.മക്കൾ: ഷോണ ടോണി, ജെറി ടോം ജോസഫ്, മെൽവിൻ ജോസഫ്.

**കുര്യാച്ചൻ**

പാണപിലാവ്:വെളിയനാട് കൈതപറമ്പിൽ കുര്യാച്ചൻ (73) അന്തരിച്ചു. ഭാര്യ: കണമല കല്ലൂകുളങ്ങര (പകലോമറ്റം) വത്സമ്മ. മക്കൾ: സോണിയ വിജു (യുകെ), സീനു (ബഹ്റൈൻ). മരുമക്കൾ: വിജു ജോണി ചാലക്കൽ (യുകെ), ജിത്തു പൂച്ചക്കരി.

**ജോസുകുട്ടി മാത്യു**

ഉഴവൂർ:കോന്തനാനിക്കൽ മത്തായിയുടെയും ലൗസിയുടെയും മകൻ ജോസുകുട്ടി മാത്യു (34) അന്തരിച്ചു



**ലീലാമ്മ മാത്യു**

മറ്റക്കര: കുറുപ്പന്തറ ചാമംകണ്ടയിൽ പരേതനായ മാത്യുവിന്റെ ഭാര്യ ലീലാമ്മ മാത്യു (84) അന്തരിച്ചു. പരേത കൈപ്പുഴ പായിക്കാട്ട്മ്യാലിൽ കുടുംബാംഗമാണ്. മക്കൾ: സാൻസി, സിനി, സിജൻ. മരുമക്കൾ; പരേതനായ രാജു മാത്യു വയലുങ്കൽ മറ്റക്കര, ബാബു ജോസഫ് പ്ലാക്കൂട്ടത്തിൽ മുട്ടം.

**അന്നമ്മ മത്തായി**

ചങ്ങനാശേരി:തൃക്കൊടിത്താനം മണിമുറിയിൽ പരേതനായ ടി.ടി.മത്തായിയുടെ ഭാര്യ അന്നമ്മ മത്തായി (മോളിക്കുട്ടി-82) അന്തരിച്ചു. വൈക്കം വെട്ടിക്കാപ്പള്ളി കുടുംബാംഗമാണ്. മക്കൾ: ജെസ്സി, സിജി. മരുമക്കൾ: ജോഷി ചേന്നാട്, വിൽഫി ഐക്കര.

**പരമേശ്വരൻ പിള്ള**

ചാന്നാനിക്കാട്:കാർത്യായനി നിവാസിൽ പരമേശ്വരൻ പിള്ള (84) അന്തരിച്ചു.


pravasi CHANNEL HD
THE ONE AND ONLY
DAILY NEWS BULLETIN
For North American Malayalees!
ഡെയിലി
ന്യൂസ്
ബുള്ളറ്റിൻ
പ്രവാസി മലയാളികളുടെ
സ്വന്തം ചാനലിൽ മാത്രം!
Watch Pravasi Channel LIVE 24 Hrs
www.pravasichannel.com
Or Watch Anytime via 'VOD' Video on Demand
by Downloading
MediaAppUSA App FREE!
Download on the App Store
ANDROID APP ON Google play
Available in App Store or Google Store
Scan the QR Code for instant download
MediaAppUSA
Call 1-917-900-2123 for Advertisements & News